34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 17, 2026 Vol. XXXIV No. 33

3 പ്രളയത്തെ തോൽപ്പിക്കാൻ ശാസ്ത്രം
11 വികസിത ഭാരതത്തിനായി ഒന്നിച്ചു മുന്നേറാം: രാഷ്ട്രപതി
13 KCCNA പുരസ്കാരങ്ങൾ വിതരണം ചെയ്തു
25 'ക്നാനായ റോയൽ കിംഗ്ഡം പേജന്റ്' ആവേശമായി
35 അവാർഡ് തിളക്കത്തിൽ ഫോമാ സൺഷൈൻ

## സ്വാതന്ത്ര്യദിനത്തിൽ വൻ പ്രഖ്യാപനങ്ങളുമായി പ്രധാനമന്ത്രി

ന്യൂഡൽഹി: മത്സരപ്പരീക്ഷകൾക്കായി സൗജന്യ ഓൺലൈൻ പരിശീലനം, ഒരുകോടി യുവാക്കൾക്കു സൗജന്യ എഐ പരിശീലനം, കായികമേഖലയിൽ ടാലന്റ് ഹണ്ട്, സിവിൽ ഡിഫൻസ് ശൃംഖല തുടങ്ങി ഇന്ത്യയിലെ യുവതയ്ക്കായി സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പുതിയ പ്രഖ്യാപനങ്ങൾ. വികസിത ഇന്ത്യയ്ക്കായി കൃഷി മുതൽ എഐ വരെയുള്ള 'സപ്തധാര'കളിൽ ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.



സ്വാതന്ത്ര്യദിനാഘോഷത്തിൽ പ്രസംഗിച്ചതിനു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി എൻസിസി കേഡറ്റുകൾക്കൊപ്പം.

നീറ്റ്-യുജി ചോദ്യക്കടലാസ് വിഷയത്തിൽ ജന്തർ മന്തറിൽ യുവാക്കളുടെ നേതൃത്വത്തിൽ നടന്ന സമരവും കേന്ദ്രമന്ത്രിയുടെ രാജിയും ഉൾപ്പെടെയുള്ള സംഭവങ്ങൾക്കുശേഷം നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ 75 മിനിറ്റ് നീണ്ട പ്രസംഗത്തിൽ 50-ൽ ഏറെത്തവണയാണു പ്രധാനമന്ത്രി യുവജനങ്ങളെക്കുറിച്ചു പരാമർശിച്ചത്.

വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച ചെറുപ്പക്കാരെ ചടങ്ങിനു ക്ഷണിച്ചിരുന്നു. നിയമനിർമാണ സഭകളിൽ സ്ത്രീകൾക്കു 33 ശതമാനം സംവരണം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടികൾ (ശേഷം 34-ാം പേജിൽ)

## എയർ ഇന്ത്യയിൽ നിർബന്ധിത ലഹരി പരിശോധന; രണ്ട് പൈലറ്റുമാർ പോസിറ്റീവ്

ന്യൂഡൽഹി: എയർ ഇന്ത്യ പൈലറ്റുമാരിൽ നടത്തിയ ലഹരി പരിശോധനയിൽ രണ്ടു പേരുടെ പ്രാഥമിക പരിശോധനാഫലം പോസിറ്റീവായെന്ന് റിപ്പോർട്ട്. ഫുക്കറ്റിൽനിന്ന് ഡൽഹിയിലേക്കുള്ള വിമാനത്തിലെ ക്യാപ്റ്റൻ ലഹരി ഉപയോഗിച്ചതായി പരിശോധനയിൽ തെളിഞ്ഞതിനെ തുടർന്നാണ് എയർ ഇന്ത്യ പൈലറ്റുമാർക്ക് ലഹരിപരിശോധന നിർബന്ധമാക്കിയത്. മൂത്രസാമ്പിൾ എടുത്ത് പരിശോധിച്ചപ്പോഴാണ് പൈലറ്റുമാർ ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയത്. വിശദ പരിശോധനയ്ക്കായി ഇരുവരുടെയും സാമ്പിളുകൾ അയച്ചിട്ടുണ്ട്. അന്തിമഫലം വരുന്നത് അനുസരിച്ചാവും തുടർനടപടികൾ. അതിന് സാധാരണ 24 മുതൽ 48 മണിക്കൂർ വരെ സമയമെടുക്കും. നിലവിൽ രണ്ട് പൈലറ്റുമാരെയും ഷെഡ്യൂളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ് എന്നിവയിലെ പൈലറ്റുമാർക്കാണ് ലഹരിനിർണയ പരിശോധന നിർബന്ധമാക്കിയത്. ഇക്കാര്യം അറിയിച്ച് ജീവനക്കാർക്ക് എയർ ഇന്ത്യ മെയിൽ അയച്ചിരുന്നു. ഗുരുഗ്രാം അക്കാദമിയിലെ പരിശീലന വേളയിലും വിമാന സർവീസിനു ശേഷമുള്ള ബ്രീഫിങ് സെന്ററുകളിലും ഓഫീസുകളിലും വെച്ചാണ് പരിശോധന നടത്തുക. യാത്രക്കാരുടെ വിശ്വാസം നിലനിർത്താനും സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കാനുമാണ് നടപടിയെന്ന് എയർ ഇന്ത്യ വ്യക്തമാക്കിയിട്ടുണ്ട്.

## നെറ്റ് പരീക്ഷയിലും വീഴ്ച; മൂന്നു വിഷയങ്ങളിൽ പുനഃപരീക്ഷ

ന്യൂഡൽഹി: യുജിസി-നെറ്റ് പരീക്ഷയിലും നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്ക് (എൻടിഎ) ഗുരുതര വീഴ്ച. ഇതേത്തുടർന്ന് ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി വിശയങ്ങളിൽ പുനഃപരീക്ഷ നടത്താൻ എൻടിഎ തീരുമാനിച്ചു. സെപ്റ്റംബർ 9, 10 തീയതികളിൽ പരീക്ഷ നടത്തും. സെപ്റ്റംബർ 9-ന് രാവിലെ ഇംഗ്ലീഷ് പരീക്ഷയും ഉച്ചകഴിഞ്ഞ് കൊമേഴ്സ് പരീക്ഷയും പത്തിന് സോഷ്യോളജി പരീക്ഷയും നടത്തും. പുനഃപരീക്ഷക്ക് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കില്ല. ജൂൺ 22 മുതൽ 30 വരെയാണ് 87 വിഷയങ്ങളിൽ യുജിസി-നെറ്റ് പരീക്ഷ നടന്നത്.

എന്നാൽ, ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി പരീക്ഷകളിൽ ഒട്ടേറെ പിഴവുകളും ചോദ്യങ്ങളുടെ ആവർത്തനവും ഉണ്ടായതായി കണ്ടെത്തി. വസ്തുതാ ടൈപ്പിംഗ്, വിവർത്തനം എന്നിവയിലെ ഒട്ടേറെ തെറ്റുകളെക്കുറിച്ച് വിദ്യാർത്ഥിക പരാതി ഉന്നയിച്ചിരുന്നു. തുടർന്ന് എൻടിഎ ഒരു സമിതി രൂപീകരിച്ചു. വിദ്യാർത്ഥികളുടെ പരാതിയിൽ കഴമ്പുണ്ടെന്ന് എൻടിഎ സമിതിക്കു ബോദ്ധ്യപ്പെട്ടു.

പരീക്ഷയിൽ ഗുരുതര വീഴ്ചകൾക്കു പുറമെ മുൻവർഷത്തെ ചോദ്യങ്ങളുടെ ആവർത്തനമുണ്ടെന്നായിരുന്നു വിദ്യാർത്ഥികളുടെ പരാതി. ഇംഗ്ലീഷ് പരീക്ഷയിലെ 156 ചോദ്യങ്ങളിൽ 87 എണ്ണം 2024-ലെ പരീക്ഷയിലെ ചോദ്യങ്ങളോടു സാമ്യമുള്ളവയായിരുന്നു. സോഷ്യോളജി പരീക്ഷയിൽ പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞരുടെ പേരുകളിലടക്കം തെറ്റുകൾ ഉണ്ടായിരുന്നെന്ന് വിദ്യാർത്ഥികൾ ചൂണ്ടിക്കാട്ടിയിരുന്നു. ഇതു കൂടാതെ വ്യാപകമായി വ്യാകരണപ്പിഴവുകൾ ഉണ്ടായിരുന്നു. കോളജ് അദ്ധ്യാപനത്തിനും ഗവേഷണ ഫെലോഷിപ്പിനുമുള്ളതാണ് യുജിസി നെറ്റ് പരീക്ഷ.

നീറ്റ് യുജി പേപ്പർ ചോർച്ചയെത്തുടർന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി വ്യാപക വിമർശനമാണ് നേരിട്ടത്. തുടർന്ന് പരീക്ഷ റദ്ദാക്കി. രാജ്യമൊട്ടാകെ ഇരുപതിലേറെ വിദ്യാർത്ഥികൾ ജീവനൊടുക്കി. വീണ്ടു നീറ്റ്-യുജി പുനഃപരീക്ഷ നടത്തേണ്ടിവന്നു. വിദ്യാർത്ഥി പ്രക്ഷോഭത്തെ തുടർന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന് രാജിവെക്കേണ്ടിയും വന്നു.

## ചരിത്രനേട്ടവുമായി മലയാളി ഉൾപ്പെടെ മൂന്ന് ഇന്ത്യക്കാർ

ദുബായ്: 13,000 അടി ഉയരത്തിൽ വിമാനത്തിൽ നിന്ന് ചാടി സ്വന്തം രാജ്യങ്ങളുടെ ദേശീയ പതാകകൾ ആകാശത്ത് വീശി ലോകറിക്കാർഡ് കുറിച്ചു. 65 സ്കൈ ഡ്രൈവർമാരുടെ സംഘത്തിൽ മലയാളി ഉൾപ്പെടെ മൂന്നു ഇന്ത്യക്കാർ. യുഎഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൂന്ന് ഇന്ത്യൻ പൗരന്മാരാണ് ലിബിയയിൽ നടന്ന ഈ സാഹസിക ദൗത്യത്തിൽ പങ്കാളികളായി ഗിന്നസ് ലോകറെക്കാർഡിൽ ഇടം നേടിയത്. കണ്ണൂർ സ്വദേശിയായ ജംഷീർ തണലോട്ട്, ഉത്തർപ്രദേശിലെ ഖോരക്പൂർ സ്വദേശി അഭിഷേക് റാവത്ത്, ബിഹാർ പട്ന സ്വദേശി ഇഷാരാജ് എന്നിവരാണ് ഓഗസ്റ്റ് ഏഴിന് ലിബിയയിൽ നടന്ന ദൗത്യത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്.

ഒരൊറ്റ വിമാനത്തിൽ നിന്ന് ഏറ്റവും കൂടുതൽ സ്കൈഡൈവർമാർ അതത് രാജ്യങ്ങളുടെ പതാകയുമേന്തി ഒന്നിച്ചു ചാടിയതിനാലാണ് പുതിയ ലോകറെക്കോർഡ് പിറന്നത്. ഓഗസ്റ്റ് 14-ന് ഗിന്നസ് വേൾഡ് റെക്കോർഡ്സ് ഇത് ഔദ്യോഗികമായി സ്ഥിരീകരിച്ചു.



സ്കൈ ഡൈവിംഗിൽ ത്രിവർണ്ണ പതാകയുമായി ഇന്ത്യൻ സംഘാംഗങ്ങളിൽ ഒരാൾ

ഇല്യൂഷൻ 2-76 ടിഡി എന്ന സൈനിക വിമാനത്തിൽ നിന്നായിരുന്നു ഡൈവർമാരുടെ ചാട്ടം. 38 രാജ്യങ്ങളിൽ നിന്നുള്ള സ്കൈഡൈവർമാരാണ് ഈ സംഘത്തിലുണ്ടായിരുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ത്രിവർണ്ണ പതാക ആകാശത്തു പാറിച്ചാണ് ഇന്ത്യൻ സംഘം രാജ്യത്തിന് അഭിമാനമായത്.

(ശേഷം 34-ാം പേജിൽ)

SUNNY FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



**Tom Sunny, CFP®, CLU®, RICP®**
*Financial Planner & Wealth Advisor*

*Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:
- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

**Secure Tax Services**
DBA SMALL BUSINESS ACCOUNTING LLC

**Personal and Business Tax Services**

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

**ACCIDENT ATTORNEYS**

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

**LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY**

**Fee Discounts On Certain Cases For Malayalee Clients**
**Home Visits Available**



Steve Crifase
Steve@Crifaselaw.com

**CRIFASE LAW FIRM, LTD.**

**312-855-0511**

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# സ്വാതന്ത്ര്യദിനത്തിൽ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം: പ്രളയത്തെ തോൽപ്പിക്കാൻ ശാസ്ത്രം

തിരുവനന്തപുരം: ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കേരളത്തിൽ വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ദേശീയപതാക ഉയർത്തി. ചടങ്ങിൽ ദേശീയഗാനാലാപനം മാത്രമാണുണ്ടായിരുന്നത്. ദേശീയഗീതമായ വന്ദേമാതരം ആലപിച്ചില്ല.

വ്യോമസേനാ ഹെലികോപ്ടർ പുഷ്പവൃഷ്ടി നടത്തിയ ചടങ്ങിൽ വിവിധ സേനാ വിഭാഗങ്ങൾ, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ്, കേഡറ്റ് എന്നിവരുടെ പരേഡും നടന്നു. മുഖ്യമന്ത്രി സതീശൻ അഭിവാദ്യം സ്വീകരിച്ചു. 14 ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ ദേശീയപതാക ഉയർത്തി.

കേരളത്തിൽ പ്രളയപ്രതിരോധത്തിനു ശാസ്ത്രീയസംവിധാനം നടപ്പാക്കുമെന്ന് സ്വാതന്ത്ര്യദിനസന്ദേശത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ദുരന്തങ്ങളിൽ ജീവൻ നഷ്ടമായവർക്ക് അദ്ദേഹം ആദരമർപ്പിച്ചു. ഏകവിളത്തോട്ടത്തിൽ ഒരേയിനം മനുഷ്യരെ വളർത്തി ഒരേ ഭാഷയും വിശ്വാസവും ശൈലിയും അടിച്ചേൽപ്പിക്കുന്നതല്ല ജനാധിപത്യമെന്നും രാഷ്ട്രീയ അന്ധതയും വിദ്വേഷവും വെടിഞ്ഞ് മുന്നേറണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്ഷേമപദ്ധതികൾ ഭരണകൂടത്തിന്റെ ഔദാര്യമല്ല, ജനങ്ങളുടെ അവകാശമാണ്.

പുതുതലമുറയ്ക്ക് അഭിമാനത്തോടെ സ്വന്തം കാലിൽ നിൽക്കാൻ വഴിയൊരുക്കും. ലഹരി നിർമാർജനം സർക്കാരിന്റെ മുൻഗണനാപ്പട്ടികയിലാണ്. എഐസിസി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്കുപോലും ജാതിവിവേചനം നേരിടേണ്ടിവന്ന സാഹചര്യം മുഖ്യമന്ത്രി പ്രസംഗത്തിൽ സൂചിപ്പിച്ചു.



സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്നു.

# വിദേശത്തും നാട്ടിലും ഒരേ തട്ടിപ്പ് – കോടികളുടെ അഴിമതി പുറത്ത്

തൃശൂർ: സ്വദേശത്തും വിദേശത്തുമായി കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക തട്ടിപ്പും പണം വെളുപ്പിക്കലും നടത്തിയെന്ന പരാതിയിൽ തൃശൂർ സ്വദേശിക്കെതിരെ നിയമനടപടി. തൃശൂർ കോട്ടപ്പുറം മങ്ങാട് സ്വദേശി തൊമ്മൻ വളപ്പിൽ വീട്ടിൽ ടി.എ. യൂസഫ് എന്ന ഹൈറുമൻ യൂസഫിന് (56) എതിരേയാണ് അന്വേഷണം. ഖത്തർ സ്വദേശിക്കുവേണ്ടി അഭിഭാഷകനായ സജീബ് സിറാജുദ്ദീൻ എരുമാപ്പെട്ടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തു നടപടി ആരംഭിച്ചു. 2018 ജനുവരിയിൽ ദോഹയിൽവെച്ച്, തന്റെ ഉടമസ്ഥതയിലുള്ള 'ലോജിക് ഇലക്ട്രോണിക് ആൻഡ് സൂപ്പർമാർക്കറ്റ്' എന്ന സ്ഥാപനത്തിന് ഫണ്ട് ആവശ്യമുണ്ടെന്ന് വിശ്വസിപ്പിച്ച് യൂസഫ് ഒപ്പിട്ട ചെക്ക് ഈടായി നൽകി ഖത്തർ സ്വദേശിയായ പരാതിക്കാരനിൽനിന്ന് 18 മില്യൺ ഖത്തർ റിയാൽ (ഏകദേശം 50 കോടി ഇന്ത്യൻ രൂപ) ഇയാൾ തട്ടിയെടുക്കുകയായിരുന്നു.

കൂടാതെ പരാതിക്കാരന്റെ വ്യക്തിപരമായ ഗാരന്റിയിൽ നാല് മില്യൻ ഖത്തർ റിയാൽ ദോഹ ബാങ്കിൽ നിന്നു പിൻവലിച്ച് നാട്ടിൽ വീടും വസ്തുക്കളും വാങ്ങി. യൂസഫ് നൽകിയ ചെക്ക് ബാങ്കിൽ ഹാജരാക്കിയപ്പോൾ മടങ്ങിയതിനെ തുടർന്ന് പരാതിക്കാരൻ കോടതിയെ സമീപിക്കുകയും ഖത്തർ കോടതി യൂസഫിന് ശിക്ഷ വിധിക്കുകയും ചെയ്തു. എന്നാൽ ശിക്ഷാവിധി വരുംമുമ്പേ ഹവാല വഴി ഇയാൾ പണം നാട്ടിലേക്ക് കടത്തി. ഈ തുക ഉപയോഗിച്ച് എരുമപ്പെട്ടിയിലും സമീപ പ്രദേശങ്ങളിലും വീട്, റിസോർട്ട്, ഭൂമി എന്നിവ വാങ്ങി. 2019-ൽ ഇരുപതോളം പേരിൽനിന്ന് സമാന രീതിയിൽ പണം തട്ടിയതിന് ഇന്റർപോൾ ഇയാൾക്കെതിരെ റെഡ് കോർണർ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും എരുമപ്പെട്ടി പോലീസിന് നൽകിയ പരാതിയിൽ പറയുന്നു. പാലക്കാട് സ്വദേശിയായ ഖത്തറിലെ വ്യവസായിയും യൂസഫിനെതിരെ മുഖ്യമന്ത്രിക്കും ഡിജിപിക്കും പരാതി നൽകി. ഖത്തറിലെ ബിസിനസ് ഇടപാടുകളുടെ ഭാഗമായി യൂസഫ് ഇയാളിൽനിന്ന് 2.50 കോടി രൂപ വിലവരുന്ന മൊബൈൽ ഫോണുകളും അനുബന്ധ സാമഗ്രികളും കൈപ്പറ്റി. എന്നാൽ ഈ തുകയ്ക്ക് പകരമായി നൽകിയ ചെക്കുകൾ ബാങ്കിൽ പണമില്ലാതെ മടങ്ങിയതോടെയാണ് പാലക്കാട് സ്വദേശിയും പരാതി നൽകിയത്. അന്വേഷണം ആരംഭിച്ചതോടെ അറസ്റ്റ് ഒഴിവാക്കാൻ മുൻകൂർ ജാമ്യത്തിനായി തൃശൂർ സെഷൻസ് കോടതിയിൽ യൂസഫ് സമർപ്പിച്ച ജാമ്യാപേക്ഷ തള്ളി. തുടർന്നു ഹൈക്കോടതിയെ സമീപിച്ചു. ചികിത്സയിൽ കഴിയുന്ന പ്രതിക്ക് കർശന ഉപാധികളോടെ കോടതി ജാമ്യം അനുവദിച്ചു. ആരോഗ്യപരമായ കാര്യങ്ങളാലാണ് കോടതി അറസ്റ്റ് തടഞ്ഞത്.

# ബിഹാറിൽ ക്ഷേത്രത്തിൽ തിക്കും തിരക്കും; ഏഴ് മരണം

പട്ന: ബിഹാറിലെ അശോക് ധാം ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലും ഏഴു പേർ മരിച്ചു. ഒട്ടേറെപ്പേർക്ക് പരുക്കേറ്റു. ശ്രാവണ മാസത്തിലെ മൂന്നാം തിങ്കളാഴ്ച ജലാഭിഷേകം നടത്താനായി അരലക്ഷത്തിലധികം ഭക്തരാണ് ക്ഷേത്രത്തിൽ എത്തിയത്. അഭൂതപൂർവമായ തിരക്കാണ് രാവിലെ ഉണ്ടായതെന്ന് ലഖിസറായി ജില്ലാ മജിസ്ട്രേട്ട് ശൈലേന്ദ്ര കുമാർ പറഞ്ഞു.

രാവിലെ 6.30-നും 6.45-നും ഇടയിൽ ക്ഷേത്രത്തിന് അടുത്തുള്ള അശോക് ധാം റെയിൽവേ സ്റ്റേഷനിൽ എത്തിയ രണ്ട് ട്രെയിനുകളിൽ ആയിരക്കണക്കിനു ഭക്തർ എത്തി. ഇവർ എത്തിയതോടെ ക്ഷേത്രത്തിൽ തിരക്ക് വർദ്ധിച്ചതായി മജിസ്ട്രേട്ട് പറഞ്ഞു.

ജനത്തിരക്ക് മുൻകൂട്ടി കണ്ട് ജില്ലാ ഭരണകൂടം ക്രമീകരണങ്ങൾ ചെയ്തെങ്കിലും തിരക്ക് വർദ്ധിച്ചപ്പോൾ ബാരിക്കേഡുകൾ തകർന്ന് ആളുകൾ നിലത്തേക്ക് വീഴുകയായിരുന്നു. അതേസമയം, വീണുകിടന്ന വൈദ്യുത പോസ്റ്റിൽ നിന്ന് വൈദ്യുതിപ്രവാഹം ഉണ്ടെന്ന പ്രചാരണത്തെ തുടർന്നുള്ള തിക്കിലും തിരക്കിലുമാണ് അപകടം ഉണ്ടായതെന്നും റിപ്പോർട്ടുകളുണ്ട്. പരുക്കേറ്റവരിൽ പലരുടെയും നില ഗുരുതരമാണെന്നും മരണസംഖ്യ ഉയരുമെന്നും റിപ്പോർട്ടുണ്ട്.

# അർജുൻ ആയങ്കി പോലീസ് കസ്റ്റഡിയിൽ

കൊച്ചി: പോലീസ് ഇൻസ്പെക്ടർമാരെ സമൂഹമാധ്യമങ്ങളിലൂടെ ഭീഷണിപ്പെടുത്തിയ കേസുകളിൽ അറസ്റ്റിലായ അർജുൻ ആയങ്കിയെ രണ്ട് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

കോതമംഗലം മജിസ്ട്രേട്ട് കോടതിയുടേതാണ് നടപടി. നിലവിൽ കോതമംഗലം പോലീസിനാണ് ആയങ്കിയെ കസ്റ്റഡിയിൽ നല്കിയിരിക്കുന്നത്. തലശ്ശേരിയിൽ നിന്നും കസ്റ്റഡിയിൽ വാങ്ങി കോതമംഗലത്ത് എത്തിച്ച ആയങ്കിയെ നേരത്തെ കോടതി റിമാൻഡ് ചെയ്തിരുന്നു. തുടർന്ന് കോടതിയിൽ ഹാജരാക്കിയപ്പോഴാണ് കോതമംഗലം പോലീസ് കസ്റ്റഡി അപേക്ഷ നല്കിയത്.

കോതമംഗലം മുൻ എസ്എച്ച്ഒ കെ.ആർ. പ്രശാന്ത് കുമാർ, ഊന്നുകൽ മുൻ എസ്എച്ച്ഒ ബി.എസ്. ആദർശ് എന്നിവരെ സമൂഹമാധ്യമങ്ങളിലൂടെ ഭീഷണിപ്പെടുത്തുകയും വെല്ലുവിളിക്കുകയും ചെയ്തതാണ് കേസ്. കോതമംഗലം കേസിൽ ഹൈക്കോടതി മുൻകൂർ ജാമ്യം തള്ളിയതിനെ തുടർന്നാണ് ആയങ്കി ഊന്നുകൽ എസ്എച്ച്ഒയ്ക്കെതിരെ തിരിഞ്ഞത്. തുടർന്ന് ഊന്നുകൽ സ്റ്റേഷനിലും കേസെടുത്തു.

നേരത്തെ കോതമംഗലത്തെ പുന്നേക്കാടുള്ള റിസോർട്ടിൽ ക്രിമിനൽ സംഘത്തോടൊപ്പം ഒത്തുകൂടിയ കേസിൽ ആയങ്കിക്ക് ലഭിച്ചിരുന്ന ജാമ്യം കോടതി റദ്ദാക്കിയിരുന്നു.

ജാമ്യത്തിലിരിക്കെ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തിയത് ജാമ്യവ്യവസ്ഥകളുടെ ലംഘനമാണെന്ന പോലീസ് വാദം കോടതി അംഗീകരിക്കുകയായിരുന്നു. മുൻപ് രണ്ട് സ്റ്റേഷനുകളിലെയും കേസുകൾ കുട്ടമ്പുഴ എസ്എച്ച്ഒ ആയിരുന്നു അന്വേഷിച്ചിരുന്നത്.

എന്നാൽ, ഉദ്യോഗസ്ഥർക്ക് മാറ്റം വന്ന സാഹചര്യത്തിൽ ഇനി അതത് സ്റ്റേഷൻ ഉദ്യോഗസ്ഥർ തന്നെ അന്വേഷണം മുന്നോട്ട് കൊണ്ടുപോകും. കൂടാതെ എറണാകുളം റൂറൽ സൈബർ പോലീസും ആയങ്കിക്കെതിരെ കേസെടുത്തിട്ടുണ്ട്.



ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറ ബോയ്സ് സ്കൂൾ ഗ്രൗണ്ടിൽനിന്ന് ആരംഭിച്ച അത്തച്ചമയ ഘോഷയാത്രയിൽ അണിനിരന്ന കലാരൂപങ്ങൾ.

# ഓണത്തിന് 2200 കോടി കടമെടുക്കുന്നു

തിരുവനന്തപുരം: ശമ്പളവും പെൻഷനും ബോണസും ഉത്സവബത്തയും അടക്കമുള്ള ഓണച്ചെലവുകൾക്കായി സംസ്ഥാന സർക്കാരിന് കണ്ടെത്തേണ്ടിയിരുന്നത് 9,000 കോടിയോളം രൂപ. ഓണത്തിനു മുന്നോടിയായി സാമൂഹിക സുരക്ഷാപെൻഷൻ വിതരണത്തിന് 952.74 കോടിയും ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ വിതരണത്തിന് 128.6 കോടി രൂപയും വേണം.

സർക്കാർ-പൊതുമേഖലാ സ്ഥാപന ജീവനക്കാർക്ക് ബോണസും ഉത്സവബത്തയും കൂടാതെ ജീവനക്കാർക്ക് 20,000 രൂപ അഡ്വാൻസും നല്കും. കെഎസ്ആർടിസിക്കും നഷ്ടത്തിലുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് ഉത്സവ ബത്ത വിതരണത്തിനും പണം കണ്ടെത്തേണ്ടതുണ്ട്. അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആശ്വാസ ധനസഹായ വിതരണം, പരമ്പരാഗത മേഖലയായ കശുവണ്ടി, കയർ, കൈത്തറി തൊഴിലാളികൾക്കുള്ള ഓണം തുക വിതരണം തുടങ്ങിയവയ്ക്കുള്ള തുകയും കണ്ടെത്തേണ്ടതുണ്ട്. സാധാരണ ഇത്തരം മേഖലകളിലെ സഹായവിതരണവുമായി ബന്ധപ്പെട്ടാണ് സർക്കാരുകൾ വിയർക്കുക. ആശ വർക്കർമാർ, അങ്കണവാടി ജീവനക്കാർ തുടങ്ങിയവരുടെ ഉത്സവബത്തയും നല്കേണ്ടതുണ്ട്.

ഓണം വിപണിയിലെ ഇടപെടലിനായി സപ്ലൈക്കോയ്ക്ക് നേരത്തെ തന്നെ തുക അനുവദിച്ചിരുന്നു. കൂടാതെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കുള്ള സൗജന്യ കിറ്റ് വിതരണവും തുടങ്ങിയിരുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ ഏതാനും വർഷമായി നല്കിയിരുന്ന ഓണസമ്മാനം ഇത്തവണ പ്രഖ്യാപിച്ചില്ലെന്ന പരാതിയുണ്ട്. ഓണം വാരാഘോഷത്തിനും കലാപരിപാടികൾക്കുമുള്ള ചെലവുമുണ്ട്.

ഓണച്ചെലവുകൾക്കായി 2200 കോടി രൂപ കടമെടുക്കും. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്കൊപ്പം പണം കണ്ടെത്താനുള്ള നടപടികളും മുൻകൂട്ടി തുടങ്ങിയിരുന്നു. ട്രഷറിയിൽ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് കൂടുതൽ സ്ഥിരനിക്ഷേപം സ്വീകരിച്ചതും ഓണക്കാലത്തെ പണം കണ്ടെത്താനുള്ള മാർഗങ്ങളുടെ ഭാഗമായിട്ടായിരുന്നു. പോലീസിനെ ഉപയോഗിച്ച് പാർക്കിങ് ഉൾപ്പെടെ വ്യാപകമായി പിഴ ഈടാക്കിയതും പണം കണ്ടെത്താനുള്ള സർക്കാർ നടപടികളുടെ ഭാഗമാണെന്ന വിമർശനങ്ങളും ഉയർന്നിരുന്നു.

ഓണവിപണിയിലേക്ക് വിവിധ വിഭാഗങ്ങളിൽ നിന്നുള്ള പണം ഒഴുകിയെത്തുമ്പോൾ ജിഎസ്ടി ഇനത്തിൽ വലിയ തുക അടുത്ത മാസങ്ങളിൽ സർക്കാരിലേക്ക് എത്തുമെന്നാണ് ധനവകുപ്പിന്റെ പ്രതീക്ഷ. എന്നാൽ, ഓണക്കാല ചെലവുകൾ നേരിടാൻ ആവശ്യമായ തുക ട്രഷറിയിൽ കരുതലുണ്ടെന്നാണ് ധനവകുപ്പ് അധികൃതർ പറയുന്നത്.

# ചരിത്രത്തിലാദ്യമായി പോലീസ് സ്റ്റേഷൻ ചുമതല വനിതയ്ക്ക്

മൂന്നാർ: രാജ്യാന്തര വിനോദസഞ്ചാര ഭൂപടത്തിൽ ഇടംപിടിച്ച മൂന്നാറിലെ ക്രമസമാധാനം നിയന്ത്രിക്കുന്ന പോലീസ് സ്റ്റേഷൻ ചുമതല ചരിത്രത്തിലാദ്യമായി വനിതയ്ക്ക്. പോലീസ് സ്റ്റേഷനുകളിൽ എസ്ഐമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി (എസ്എച്ച്ഒ) വീണ്ടും നിയമിച്ചതോടെ മൂന്നാർ സ്റ്റേഷനിൽ കട്ടപ്പന നരിയംപാറ സ്വദേശി കൃഷ്ണപ്രിയ ഉണ്ണി (28) ചുമതലയേറ്റു.



2024 ബാച്ച് എസ്ഐയാണ് കൃഷ്ണപ്രിയ. പരിശീലനത്തിനുശേഷം കണ്ണൂരിൽ ജോലി ചെയ്യുന്നതിനിടെ ഒരു മാസം മുൻപാണ് അധിക ചുമതലയിൽ മൂന്നാർ സ്റ്റേഷനിലെത്തിയത്. മൂന്നാറിലെ പ്രിൻസിപ്പൽ എസ്ഐ സ്ഥലം മാറിപ്പോയതോടെയാണ് എസ്എച്ച്ഒ ആയി കൃഷ്ണപ്രിയയെ നിയമിച്ചത്. നരിയംപാറ പഴയങ്ങാടി സ്വദേശികളായ എം.പി. ഉണ്ണി-സുമ ദമ്പതികളുടെ മൂത്ത മകളാണ്. ഭർത്താവ് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻ അനന്ദുദാസ്.

ജില്ലയിൽ ഏറ്റവുമധികം കുറ്റകൃത്യങ്ങൾ നടക്കുന്ന സ്റ്റേഷനുകളിലൊന്നായ മൂന്നാറിൽ എസ്എച്ച്ഒയുടെ ജോലി വെല്ലുവിളി നിറഞ്ഞതാണെന്ന് കൃഷ്ണപ്രിയ പറഞ്ഞു.

# പതിനാറുകാരന്റെ എഐ നേട്ടം: വികസിപ്പിച്ചത് 15 എഐ ടൂളുകൾ

പത്തനംതിട്ട: 15 ജീവനക്കാരുമായി എഐ സ്റ്റാർട്ടപ്പ്; അതുവഴി എഐ പരിശീലനം നേടിയത് വിവിധ രാജ്യങ്ങളിലെ അഞ്ച് ലക്ഷം വിദ്യാർത്ഥികൾ. ഇതിനകം വികസിപ്പിച്ചത് 15 എഐ ടൂളുകൾ. ഈ നേട്ടങ്ങളെല്ലാം ഒരു പതിനാറുകാരന്റേതാണ്. പത്തനംതിട്ട സ്വദേശിയായ റൗൾ ജോൺ അജുവാണ് പ്ലസ് ടു കൊമേഴ്സ് പഠിക്കുമ്പോൾ തന്നെ എഐ അദ്ധ്യാപകനും ഡവലപ്പറും ജോലിദാതാവും പ്രഭാഷകനും ആകുന്നത്. ഈ മിടുക്കനുമായി കൂടിക്കാഴ്ച നടത്തിയവരിൽ ഐക്യരാഷ്ട്ര സംഘടന സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഉൾപ്പെടെയുണ്ട്. ഇതിനിടയിൽ റൗളിന് ഒരു പേരും വീണു – 'എഐ കിഡ് ഓഫ് ഇന്ത്യ'. ഏഴ് വർഷം മുൻപ് റൗൾ സ്വയം പഠിച്ചെടുത്ത എഐ വിവരങ്ങൾ മറ്റുള്ളവർക്കായി പങ്കുവെച്ചാണു തുടക്കം. ഇപ്പോൾ 'എഐറിയാം ടെക്നോളജീസ്' എന്ന സ്റ്റാർട്ടപ്പിനു കീഴിലുള്ള തന്റെ തിങ്ക്ക്രാഫ്റ്റ് അക്കാദമി വഴി എഐ പരിശീലനം നൽകുന്നു.



ഐഐടി, ഐഐഎം, വിദേശ സർവകലാശാലകൾ, കോർപറേറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുൾപ്പെടെ ഇവിടെ നിന്നു പരിശീലനം പൂർത്തിയാക്കിയത് അഞ്ച് ലക്ഷത്തോളം പേരാണ്. RESQ.AI, MeBot, ZapGap, Investo AI, FeedFye തുടങ്ങി 15 എഐ ടൂളുകൾ റൗൾ ഇതിനകം വികസിപ്പിച്ചു.

വിദേശത്തു നിന്നുള്ളവരും റൗളിന്റെ സ്റ്റാർട്ടപ്പിൽ റിമോട്ട് ആയി ജോലി ചെയ്യുന്നു. 'റൗൾ ദ് റോക്സ്റ്റാർ' എന്ന സമൂഹമാധ്യമ അക്കൗണ്ടിന് അഞ്ച് ലക്ഷം പേരാണു ഫോളോവേഴ്സ്. തിങ്ക്ക്രാഫ്റ്റ് ആപ് വഴി വിദ്യാർത്ഥികൾക്കു വീടുകളിൽ ഇരുന്നുതന്നെ ഗെയിം കളിക്കുംപോലെ എഐ പഠിക്കാമെന്നു റൗൾ പറയുന്നു.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി എഴുമറ്റൂർ കരുവത്തുംമൂട്ടിൽ അജു ജോസഫിന്റെയും ഷേബ ആനിന്റെയും മകനാണ്. നോർത്ത് ഇടപ്പള്ളി ജിഎച്ച്എസ്എസിൽ പഠിക്കുന്നു.

# മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: വിശിഷ്ട സേവനത്തിനും പ്രവർത്തനമികവിനുമുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ പ്രഖ്യാപിച്ചു. സേനയിലെ ഉന്നത ഉദ്യോഗസ്ഥർ മുതൽ സിവിൽ പോലീസ് ഓഫീസർ വരെയുള്ള 281 പേരാണ് പുരസ്കാരത്തിന് അർഹരായത്. കേരള പോലീസ് അക്കാദമി ഡയറക്ടർ കെ. സേതുരാമൻ, കൊച്ചി റേഞ്ച് ഡിഐജി ജി.എച്ച്. യതീഷ് ചന്ദ്ര എന്നിവരടക്കം ഉന്നത പോലീസ് ഉദ്യോഗസ്ഥരും പട്ടികയിൽ ഇടം നേടി. സ്വാതന്ത്ര്യദിനതലേന്ന് നേരത്തേതന്നെ മെഡലുകൾ പ്രഖ്യാപിക്കുന്ന പതിവുണ്ടെങ്കിലും ഇത്തവണ രാത്രി ഏറെ വൈകിയാണ് പ്രഖ്യാപനം ഉണ്ടായത്. ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥരുടെ മെല്ലെപ്പോക്കാണു പ്രഖ്യാപനം വൈകാൻ കാരണമെന്നാണ് സൂചന. വിവാദമായതോടെ, മന്ത്രി രമേശ് ചെന്നിത്തല കർശന നിർദേശം നൽകിയതിനെ തുടർന്നാണ് രാത്രി വൈകി മെഡൽ പട്ടിക പുറത്തിറക്കിയത്.

**പ്രധാന പുരസ്കാര ജേതാക്കൾ**

അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാർ: ജി. അജയനാഥ് (തിരുവനന്തപുരം സിറ്റി), വി.ജി. രവീന്ദ്രനാഥ് (കൊച്ചി സിറ്റി).

ഡപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർ: ടിഫിൻ തോമസ് മേനാടൻ (കോട്ടയം), എം.ടി. ജേക്കബ് (പാലക്കാട്), എൻ.ഒ. സിബി (മലപ്പുറം), കെ.സി. സുഭാഷ് ബാബു (മലപ്പുറം), ആർ. സന്തോഷ് കുമാർ (എസ്എസ്ബി), എൻ. ബിശ്വാസ് (എസ്എസ്ബി), കെ.എം. പ്രവീൺ കുമാർ (എസ്എസ്ബി), ആർ. രമേഷ്, എസ്.പി. ധീരൻ, ഇ. അനിൽ കുമാർ, എ. അജിചന്ദ്രൻ നായർ (വിജിലൻസ്), പി.വി. രമേഷ് കുമാർ, ബൈജുകുമാർ.

ഇൻസ്പെക്ടർമാർ: പ്രജീഷ് ശശി, പി. പ്രദീപ്, വി.ആർ. ശിവകുമാർ, ജി. പ്രദീപ് കുമാർ, വി. ഗംഗാ പ്രസാദ്, എസ്. നിഷാം, എ. സന്തോഷ് കുമാർ, പി.പി. നാരായണൻ, വി. ജോഷി എം.വി. കിരൺ.

കമൻഡാന്റ്/ബറ്റാലിയൻ വിഭാഗം: വി.ജി. അനിൽ (അസി. കമൻഡാന്റ്, എസ്എപി), എൻ.വി. സജീഷ് ബാബു (ഡപ്യൂട്ടി കമൻഡാന്റ്).

# മേജർ തരുൺ വാസുദേവന് ശൗര്യചക്ര; എസ്. ശശിധരന് അതിവിശിഷ്ടസേവാ മെഡൽ

ന്യൂഡൽഹി: മലയാളി സൈനികോദ്യോഗസ്ഥൻ മേജർ തരുൺ വാസുദേവൻ ധീരതയ്ക്കുള്ള രാഷ്ട്രപതിയുടെ ശൗര്യചക്രയും പോലീസ് സൂപ്രണ്ട് എസ്. ശശിധരന് അതിവിശിഷ്ഠസേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലും ലഭിച്ചു. ജമ്മു-കാശ്മീരിൽ ഭീകരരുടെ നുഴഞ്ഞുകയറ്റശ്രമം തകർത്ത സൈനികനടപടിയിൽ ധീരമായ സേവനം കാഴ്ചവെച്ചതിനാണ് മേജർ തരുൺ വാസുദേവന് ശൗര്യചക്ര നൽകി ആദരിച്ചത്. 67 രാഷ്ട്രീയ റൈഫിൾസിലെ കോർ ഓഫ് എൻജിനിയേഴ്സ് വിഭാഗത്തിലാണ് അദ്ദേഹം.



മേജർ തരുൺ വാസുദേവൻ



എസ്. ശശിധരൻ

മരണാനന്തരം 13 പേർക്കുൾപ്പെടെ 78 സൈനികർക്കാണ് ഇത്തവണ രാജ്യത്തിന്റെ ആദരം. ഒമ്പതുപേർക്ക് കീർത്തിചക്ര പുരസ്കാരവും തരുൺ വാസുദേവുൾപ്പെടെ 19 പേർക്ക് ശൗര്യചക്ര പുരസ്കാരവും സമ്മാനിക്കും. ധീരതയ്ക്കുള്ള 300 മെഡലടക്കം 1067 പേർക്കാണ് രാഷ്ട്രപതി പുരസ്കാരം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 33
August 17, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


## മഹദ്‌വചനം


ആവശ്യമില്ലാത്ത ധാരാളം സുഹൃത്തുക്കളുള്ള ഒരാൾക്ക് ഒരാളും വാസ്തവത്തിൽ സുഹൃത്തല്ല.

**അരിസ്റ്റോട്ടിൽ**

ജീവിതത്തിന്റെ പരിസരങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുക. മുക്കും മൂലകളും പോലും ഒഴിവാക്കാതെ.

**ജീൻപോൾ റിറ്റർ**


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കാട്ടാന ആക്രമണം: 581 മനുഷ്യജീവൻ പൊലിഞ്ഞതായി റിപ്പോർട്ട്

കോതമംഗലം: കേരളത്തിൽ 2008 മുതൽ 2025 വരെ കാട്ടാനകളുടെ ആക്രമണത്തിൽ 581 പേർ കൊല്ലപ്പെടുകയും 1,200 പേർക്ക് ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തതായി പഠന റിപ്പോർട്ട്. ഇതേ കാലയളവിൽ വിവിധ കാരണങ്ങളാൽ 695 കാട്ടാനകൾ ചരിഞ്ഞതായും റിപ്പോർട്ടിലുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്ട് എലിഫന്റ് ഡിവിഷനും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും സംയുക്തമായി തയ്യാറാക്കിയതാണു റിപ്പോർട്ട്.

695 ആനകളിൽ 469 എണ്ണം സ്വാഭാവിക കാരണങ്ങളാലും 226 എണ്ണം മനുഷ്യ ഇടപെടലുകൾ കാരണവുമാണ് ചരിഞ്ഞത്. മനുഷ്യ ഇടപെടൽ മൂലമുള്ള മരണങ്ങളിൽ 68 ശതമാനത്തിലധികവും (154 എണ്ണം) അനധികൃത വൈദ്യുത വേലികളിൽനിന്നും താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈനുകളിൽനിന്നും ഷോക്കേറ്റുള്ളതാണ്. പന്നികളെ തുരത്താൻ വെക്കുന്ന വൈദ്യുതിലൈനുകളും നാടൻ ബോംബുകളും ചതിക്കുഴികളും ആനകളുടെ ജീവനെടുക്കുന്നു. ട്രെയിൻ തട്ടി 17 ആനകളും മറ്റു വാഹനാപകടങ്ങളിൽ 16 ആനകളും ചരിഞ്ഞിട്ടുണ്ട്. ആക്രമണകാരികളാകുന്ന ഒറ്റയാന്മാരാണ് അപകടങ്ങളിൽപ്പെടുന്നവയിൽ ഭൂരിഭാഗമെന്നും (88 എണ്ണം) കണക്കുകളിലുമുണ്ട്. കേരളത്തിലെ 36 ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നായി 214-ഓളം പ്രദേശങ്ങൾ കടുത്ത മനുഷ്യ-ആന സംഘർഷം നേരിടുന്നതായി റിപ്പോർട്ട് പറയുന്നു.

കാടുകളിൽ സ്വാഭാവിക തീറ്റപ്പുല്ലുകൾ കുറയുകയും സെന്ന സ്പെക്ടാബിലിസ് (മഞ്ഞക്കൊന്ന) ലന്റാന (കൊങ്ങിണിപ്പൂവ്), യൂപറ്റോറിയം തുടങ്ങിയ അധിനിവേശ സസ്യങ്ങൾ വ്യാപകമായി പടർന്നുപിടിക്കുകയും ചെയ്തത് ആനകളെ തീറ്റതേടി നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്നതായി പഠനത്തിൽ പറയുന്നു. റോഡുകൾ, റെയിൽപ്പാതകൾ, റിസോർട്ടുകൾ, ക്വാറികൾ, വൻകിട നിർമ്മാണങ്ങൾ എന്നിവ ആനകളുടെ പരമ്പരാഗത സഞ്ചാരപാതകളെ മുറിച്ചുമാറ്റി. വനാതിർത്തികളിൽ വ്യാപകമായി കൃഷി ചെയ്യുന്ന വാഴ, തെങ്ങ്, അടയ്ക്ക, കൈതച്ചക്ക, ചക്ക തുടങ്ങിയവ കാട്ടാനകളെ ആകർഷിക്കുന്നു. വേനൽക്കാലത്ത് കാടുകളിലെ ജലസ്രോതസുകൾ വറ്റുന്നതും മഴക്കുറവും ആനക്കൂട്ടങ്ങളെ കാടിറങ്ങാൻ നിർബന്ധിതരാക്കുന്നുമുണ്ട്. ഇവ മനുഷ്യ-കാട്ടാന സംഘർഷത്തിനു പിന്നിലെ പ്രധാന കാരണങ്ങളാണെന്ന് റിപ്പോർട്ട് കണ്ടെത്തുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണു കേരളമെന്നും സയുക്ത റിപ്പോർട്ടിലുണ്ട്. പരിഹാരമായുള്ള 1000 കോടിയുടെ കൺസോർഷ്യം ആശ്വാസമാകുമെന്നാണു കരുതുന്നത്. കേരളത്തിന്റെ മാതൃകയിൽ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ദക്ഷിണേന്ത്യൻ മേഖലയ്ക്കായി 999.87 കോടി രൂപയുടെ സമഗ്ര റീജണൽ ആക്ഷൻ പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 50 ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ക്യാമറകൾ, തെർമൽ ഡ്രോണുകൾ, വൈൽഡ് വാച്ച് ആപ്പ്, വാളയാർ-മധുക്കരൈ മോഡൽ റെയിൽവേ മുന്നറിയിപ്പ് സംവിധാനം എന്നിവ വിപുലീകരിക്കുക, ജനവാസമേഖലകളെ സംരക്ഷിക്കാൻ ഹാങ്ങിങ് സോളാർ ഫെൻസിങ്, റെയിൽവേ പാളങ്ങൾ കൊണ്ടുള്ള ബാരിക്കേഡുകൾ എന്നിവ സജ്ജമാക്കുക, വനത്തിനുള്ളിൽ കുളങ്ങളും തടയണകളും നിർമിച്ച് സ്വാഭാവിക തീറ്റപ്പുല്ല് വെച്ചുപിടിപ്പിച്ച് കാടിനുള്ളിൽത്തന്നെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക, ആർ.ആർ.ടി, പ്രൈമറി റെസ്പോൺസ് ടീം, ജനജാഗ്രതാ സമിതികൾ എന്നിവ കൂടുതൽ ശക്തമാക്കുക, വിളനാശത്തിനും ജീവഹാനിക്കും നൽകുന്ന നഷ്ടപരിഹാര വിതരണം പൂർണമായും ഓൺലൈനാക്കി ഡി.ബി.ടി വഴി വേഗത്തിലാക്കുക എന്നിവയാണ് പ്രധാന നിർദേശങ്ങൾ.

# 80–ാം സ്വാതന്ത്ര്യം: നേട്ടങ്ങളും വെല്ലുവിളികളും

1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ ലോകത്തിലെ ഏറ്റവും ദരിദ്രവും പിന്നാക്കവുമായ രാജ്യങ്ങളിലൊന്നായിരുന്നു. വിഭജനത്തിന്റെ മുറിവുകൾ, അഭയാർഥികളുടെ ദുരിതം, ഭക്ഷ്യക്ഷാമം, നിരക്ഷരത, ദാരിദ്ര്യം, വ്യവസായ പിന്നാക്കാവസ്ഥ - ഇവയെല്ലാം ഒരേ സമയം നേരിടേണ്ടിവന്ന ഒരു രാജ്യം നൂറുകണക്കിന് നാട്ടു രാജ്യങ്ങളെയും അനവധി ഭാഷകളും മതങ്ങളും സംസ്കാരങ്ങളുമുള്ള ജനങ്ങളെയും ഒരുമിപ്പിക്കേണ്ട വലിയ ഉത്തരവാദിത്തവും പുതിയ രാഷ്ട്രത്തിനുണ്ടായിരുന്നു. ഇത്രയും വൈവിധ്യമുള്ള ഒരു രാജ്യം ജനാധിപത്യപരമായി നിലനിൽക്കുമോ എന്ന സംശയം അന്ന് പലരും ഉന്നയിച്ചിരുന്നു. എന്നാൽ 79 വർഷങ്ങൾക്കു ശേഷം തിരിഞ്ഞു നോക്കുമ്പോൾ പ്രധാന സാമ്പത്തിക, രാഷ്ട്രീയ, ശാസ്ത്രശക്തികളിലൊന്നായി മാറുകയും ചെയ്തു. അതുകൊണ്ടുതന്നെ 2026-ലെ 80-ാം സ്വാതന്ത്ര്യദിനം വെറും ആഘോഷത്തിനുള്ള ദിവസമല്ല. നാം, എവിടെ എത്തി, എവിടെയാണ് പരാജയപ്പെട്ടത്, ഇനി എങ്ങോട്ടാണ് പോകേണ്ടത് എന്ന ആത്മപരിശോധനയ്ക്കുള്ള അവസരമാണ്.

ഇന്ത്യയുടെ ഏറ്റവും വലിയ നേട്ടം സാമ്പത്തിക വളർച്ചയോ സാങ്കേതിക പുരോഗതിയോ ബഹിരാകാശ വിജയങ്ങളോ മാത്രമല്ല, ജനാധിപത്യത്തെ നിലനിർത്താൻ കഴിഞ്ഞതാണ്. സർക്കാരുകൾ മാറി, പ്രധാനമന്ത്രിമാർ മാറി, രാഷ്ട്രീയ പാർട്ടികൾ ഉയർന്നു, തകർന്നു; എന്നിട്ടും ജനങ്ങളുടെ വോട്ടിലൂടെ അധികാരമാറ്റം സാധ്യമായി. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമായി ഇന്ത്യയുടെ സ്ഥാനം ഉറപ്പിച്ചു. അതോടൊപ്പം ഭരണഘടന ഇന്ത്യയുടെ ദേശീയ ജീവിതത്തിന് ശക്തമായ അടിത്തറ നൽകി. നീതി, സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്നീ മൂല്യങ്ങൾ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അടിസ്ഥാനമായി മാറി. എന്നാൽ ജനാധിപത്യം തെരഞ്ഞെടുപ്പിൽ മാത്രം അവസാനിക്കുന്നില്ല. സ്വതന്ത്ര മാധ്യമം, ശക്തമായ പ്രതിപക്ഷം. സ്വതന്ത്ര നീതിന്യായ വ്യവസ്ഥ, അഭിപ്രായ സ്വാതന്ത്ര്യം, ഭരണകൂടത്തെ ചോദ്യം ചെയ്യാനുള്ള അവകാശം എന്നിവയും അതിന്റെ ഭാഗമാണ്. അതിനാൽ ജനാധിപത്യത്തെ സംരക്ഷിക്കുക എന്നത് ഓരോ തലമുറയുടെയും ഉത്തരവാദിത്തമാണ്.

സാമ്പത്തിക രംഗത്ത് ഇന്ത്യ പിന്നിട്ട ദൂരം അതിശയകരമാണ്. സ്വാതന്ത്ര്യസമയത്ത് വിദേശസഹായവും ഭക്ഷ്യധാന്യ ഇറക്കുമതിയും ആശ്രയിച്ചിരുന്ന ഇന്ത്യ ഇന്ന് ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തികളിലൊന്നാണ്. 1991-ലെ സാമ്പത്തിക പരിഷ്കാരങ്ങൾ രാജ്യത്തിന്റെ വളർച്ചയ്ക്ക് പുതിയ ദിശ നൽകി. ഐടി, വ്യവസായം, സേവനമേഖല, സ്റ്റാർട്ടപ്പുകൾ, അതിനാൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനൊപ്പം സാമൂഹിക സ്വാതന്ത്ര്യവും ഉറപ്പാക്കുകയാണ് ഇന്ത്യയുടെ അടുത്ത വലിയ ദൗത്യം.

ഇന്ത്യയുടെ വൈവിധ്യം അതിന്റെ ഏറ്റവും വലിയ ശക്തിയാണ്. അനവധി മതങ്ങളും ഭാഷകളും സംസ്കാരങ്ങളും ജീവിതരീതികളും ഒരുമിച്ച് നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. ഈ വൈവിധ്യത്തെ ഇല്ലാതാക്കി ഏകത്വം ശ്രഷ്ടിക്കാനാവില്ല. വൈവിധ്യത്തെ സംരക്ഷിച്ചുകൊണ്ടുള്ള ഏകത്വമാണ് ഇന്ത്യൻ രാഷ്ട്രത്തിന്റെ യഥാർത്ഥ ശക്തി. മതത്തിന്റെ പേരിൽ മനുഷ്യർ പരസ്പരം ഭയപ്പെടുന്ന സാഹചര്യം ജനാധിപത്യത്തിന് ഗുണകരമല്ല. ഭൂരിപക്ഷത്തിന്റെ ശക്തി ന്യൂനപക്ഷത്തിന്റെ സുരക്ഷയെ ഇല്ലാതാക്കരുത്. രാജ്യസ്നേഹം മറ്റൊരു സമൂഹത്തോടുള്ള വെറുപ്പായി മാറരുത്. ഇന്ത്യയുടെ ശക്തി ഒരു മതത്തിലോ ഭാഷയിലോ പ്രദേശത്തിലോ അല്ല; എല്ലാവരെയും ഉൾക്കൊള്ളാനുള്ള അതിന്റെ കഴിവിലാണ്.

പരിസ്ഥിതി സംരക്ഷണവും ഇന്ത്യയുടെ ഭാവിയുടെ കേന്ദ്രവിഷയമാകണം. കേരളത്തിലെ പ്രളയങ്ങളും ഉരുൾപൊട്ടലുകളും നഗരങ്ങളിലെ വെള്ളപ്പൊക്കവും ഹിമാലയൻ മേഖലകളിലെ ദുരന്തങ്ങളും കടുത്ത ചൂടും കാലാവസ്ഥാ വ്യതിയാനത്തിന്റെ മുന്നറിയിപ്പുകളാണ്. നദികളും വനങ്ങളും തണ്ണീർത്തടങ്ങളും കുന്നുകളും തീരപ്രദേശങ്ങളും സംരക്ഷിക്കാതെ നടത്തുന്ന വികസനം ഒടുവിൽ മനുഷ്യനെ തന്നെ ശിക്ഷിക്കും. ഇന്ത്യയ്ക്ക് റോഡുകളും പാലങ്ങളും വ്യവസായങ്ങളും നഗരങ്ങളും വേണം; എന്നാൽ പ്രകൃതിയുടെ വില കൊടുത്തുകൊണ്ടുള്ള വികസനം ദീർഘകാല വിജയമല്ല. വികസനവും പരിസ്ഥിതി സംരക്ഷണവും തമ്മിൽ സന്തുലിതാവസ്ഥ സൃഷ്ടിക്കുകയാണ് ഭാവിയുടെ വെല്ലുവിളി.

ഇന്ന് ഇന്ത്യയുടെ മുന്നിലുള്ള ഏറ്റവും വലിയ ചോദ്യങ്ങളിൽ ഒന്ന് യുവജനങ്ങളുടെ ഭാവിയാണ്. ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി അതിന്റെ യുവജനങ്ങളാണെന്ന് നാം പറയാറുണ്ട്. എന്നാൽ വിദ്യാഭ്യാസവും തൊഴിലും കഴിവ് വികസനവും ഗവേഷണ അവസരങ്ങളും ലഭിക്കുമ്പോഴാണ് യുവജനസംഖ്യ യഥാർത്ഥ ശക്തിയാകുന്നത്. യുവാക്കൾ ചോദ്യം ചെയ്യുമ്പോൾ അവരെ ശത്രുക്കളായി കാണാതെ അവരുടെ ആശങ്കകൾ കേൾക്കുകയാണ് ജനാധിപത്യത്തിന്റെ ഉത്തരവാദിത്തം.

79 വർഷത്തെ ഇന്ത്യൻ യാത്രയെ വിശേഷിപ്പിക്കേണ്ടത് 'അപൂർണമായ മഹത്തായ വിജയം' എന്നായിരിക്കും. ദാരിദ്ര്യത്തിൽനിന്ന് സാമ്പത്തിക ശക്തിയിലേക്ക്, ഭക്ഷ്യക്ഷാമത്തിൽനിന്ന് ഭക്ഷ്യസുരക്ഷയിലേക്ക്, നിരക്ഷരതയിൽനിന്ന് ലോകോത്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക്, സാങ്കേതിക പിന്നാക്കാവസ്ഥയിൽനിന്ന് ചന്ദ്രനിലേക്കുള്ള യാത്രയിലേക്ക് ഇന്ത്യ വലിയ ദൂരം പിന്നിട്ടു. എന്നാൽ ഇന്ത്യയുടെ കഥ പൂർത്തിയായിട്ടില്ല. അസമത്വം, തൊഴിലില്ലായ്മ, സാമൂഹിക വിവേചനം, സ്ത്രീസുരക്ഷ, വിദ്യാഭ്യാസത്തിലെ അസമത്വം, ആരോഗ്യ ചെലവ്, പരിസ്ഥിതി നാശം, ജനാധിപത്യ സ്ഥാപനങ്ങളുടെ വിശ്വാസ്യത തുടങ്ങിയ ചോദ്യങ്ങൾ ഇപ്പോഴും മുന്നിലുണ്ട്.

നാം നേടിയതിൽ അഭിമാനിക്കാം; പരാജയപ്പെട്ടിടത്ത് ആത്മപരിശോധന നടത്താം; അടുത്ത തലമുറയ്ക്കായി കൂടുതൽ നീതിയുള്ളതും സുരക്ഷിതവും സമ്പന്നവും മാനുഷികവുമായ ഇന്ത്യ നിർമിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാം.

# നടൻ ദേവൻ ബിജെപി വിടുന്നു



ആലപ്പുഴ: നടൻ ദേവൻ ബിജെപിയിൽ നിന്ന് രാജിവെക്കുന്നു. ന്യൂഡൽഹി ആസ്ഥാനമായ പാഞ്ചജന്യം ഭാരതം എന്ന സംഘടനയുടെ ശ്രീരാമസാഗരം പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുമ്പോഴായിരുന്നു ദേവന്റെ പ്രഖ്യാപനം.

ബിജെപിയുടെ സംസ്ഥാന വൈസ് പ്രസിഡണ്ട് സ്ഥാനവും പ്രാഥമികാംഗത്വവും രാജി വെക്കണമെന്ന് നാലു മാസം മുമ്പ് തീരുമാനിച്ചതാണ്. രാജിപ്രഖ്യാപനത്തിന് ഉചിതമായ വേദി അന്വേഷിക്കുകയായിരുന്നു. ഇതാണ് നല്ല വേദി-ദേവൻ പറഞ്ഞു.

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറിയും കണിച്ചുകുളങ്ങര ദേവസ്വം പ്രസിഡണ്ടുമായ വെള്ളാപ്പള്ളി നടേശന്റെ സാന്നിദ്ധ്യത്തിലായിരുന്നു രാജിപ്രഖ്യാപനം. സ്വന്തം പാർട്ടി ഒറ്റയ്ക്കു നടത്തിയാണ് താൻ രാഷ്ട്രീയത്തിൽ വന്നതെന്ന് ദേവൻ പറഞ്ഞു. ബിജെപിയിൽ വൈസ് പ്രസിഡണ്ട് വരെയായി. സുരേഷ് ഗോപി, രാജീവ് ചന്ദ്രശേഖർ, ശോഭാ സുരേന്ദ്രൻ എന്നിവർ മത്സരിച്ചപ്പോൾ അവർക്കു വേണ്ടി നന്നായി പ്രവർത്തിച്ചു. അതിന്റെ ഗുണം അവർക്കുണ്ടായെന്നാണ് മനസ്സിലാക്കുന്നതെന്നും നടൻ കൂട്ടിച്ചേർത്തു.

# സിസ തോമസിനു നേർക്കുണ്ടായ ആക്രമണം: ഗവർണർ ഡിജിപിയെ വിളിച്ചുവരുത്തി

തിരുവനന്തപുരം: കാലടി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സിസാ തോമസിനെ എസ്എഫ്ഐ പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ സംസ്ഥാന പോലീസ് മേധാവി റവാഡ എ. ചന്ദ്രശേഖറെ വിളിച്ചുവരുത്തി ഗവർണർ രാജേന്ദ്ര ആർലേക്കർ.

15-ന് ഉച്ചയോടെയാണ് ഡിജിപിയെ ഗവർണർ ലോക്ഭവനിലേക്ക് വിളിച്ചുവരുത്തി കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടത്. സംഭവത്തിൽ ഇതുവരെ പോലീസ് സ്വീകരിച്ച നടപടികൾ ഡിജിപി വിശദീകരിച്ചു. അക്രമത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും ഉടൻ പിടികൂടണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കണമെന്നും ഗവർണർ ആവശ്യപ്പെട്ടു. ഗവർണർ സംസ്ഥാന പോലീസ് മേധാവിയെ വിളിച്ചുവരുത്തി നിർദേശം നല്കുന്നത് അപൂർവമാണ്.

ലോക്ഭവൻ സന്ദർശിച്ച മുഖ്യമന്ത്രി വി.ഡി. സതീശനോടും വിഷയത്തിന്റെ ഗൗരവം ഗവർണർ ചൂണ്ടിക്കാട്ടിയിരുന്നു. സർവകലാശാലകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ചാൻസലർ എന്ന നിലയ്ക്കു കൂടിയാണ് ഗവർണറുടെ ഇടപെടൽ.

# റിഫൈനറികൾക്ക് എൽപിജി ഉൽപാദനതോത് നിശ്ചയിച്ച് സർക്കാർ

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷങ്ങൾ പാചകവാതക ഇറക്കുമതിയിലെ പ്രതിസന്ധികൾ വ്യക്തമാക്കിയതിനെ തുടർന്ന് ആഭ്യന്തര വിതരണത്തിന് ഒരു കരുതൽ ശേഖരം കെട്ടിപ്പടുക്കുന്നതിനായി സർക്കാർ ചരിത്രത്തിൽ ആദ്യമായി പൊതു-സ്വകാര്യ മേഖലയിലെ ഓരോ റിഫൈനറികൾക്കും അപ്സ്ട്രീം കമ്പനികൾക്കും പരമാവധി പാചകവാതക ഉത്പാദന ലക്ഷ്യങ്ങൾ നിശ്ചയിച്ചു നൽകി. ഓഗസ്റ്റ് 13-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം 21 റിഫൈനറികൾക്കും അപ്സ്ട്രീം കമ്പനികൾക്കും പരമാവധി പാചകവാതക ഉത്പാദന തോത് നിർണയിച്ചു നൽകി. പ്രതിദിനം ആകെ 63,810 ടൺ ഉത്പാദനശേഷിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പാചകവാതക ക്ഷാമമോ വിതരണത്തിൽ തടസങ്ങളോ ഉണ്ടാകുമ്പോഴെല്ലാം ഈ ഉത്പാദന ലക്ഷ്യങ്ങൾ പ്രാബല്യത്തിൽ വരും. പ്ലാൻ ചെയ്ത ഉത്പാദനത്തിന്റെ പ്രധാന പങ്കും റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പഴയ റിഫൈനറിയിൽ നിന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവർ പ്രതിദിനം 18,000 ടൺ വരെ എൽപിജി ഉത്പാദിപ്പിക്കേണ്ടി വരും. പൊതുമേഖലാ എണ്ണക്കമ്പനികളുടെ ഉടമസ്ഥതയിലുള്ളതും പ്രവർത്തിപ്പിക്കുന്നതുമായ 18 റിഫൈനറികളോട് പ്രതിദിനം ആകെ 31,470 ടൺ വീതം ഉത്പാദിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.


A PLACE OF CARE, A LIFE OF JOY, A HOME FILLED WITH LOVE.
Knanaya Happy Homes
Your Senior Care Partner
EXCLUSIVE ASSISTED LIVING FACILITY FOR SENIORS AT KOTTAYAM
A geriatric initiative by
TLC Travancore Life Care
Knanaya Happy Homes aims to transform its residents' life by combining compassion, professionalism, and expertise.
What we offer?
24/7 medical support
Helpline desk & staff available round-the-clock
Group exercise sessions & Physiotherapy (optional)
Professional Social Worker Assistance for emotional, social & family support
Nutritious meals & Special diet Services
Meaningful Recreational activities
Safe, secure environment with CCTV surveillance
Daily housekeeping & laundry service.
Why choose us?
Personalized Nursing Assistance
Safe, hospital-backed senior living Facility
Comfortable rooms - from Normal to Deluxe & Suites
Fully furnished units with TV, Wi-Fi, AC, Kitchenette & Balcony.
Knanaya Happy Homes
Flexible options: Long-Lease, Rental, or Short-term stays along with Trial Options
TLC Travancore Life Care
A Collaboration between Knanaya Happy Homes Pvt.Ltd. and Travancore Life Care (TLC)
Schedule a Visit Today !
Knanaya Happy Homes, Near St. Pauls CSI Church 101 Jn, Ettumanoor, Peroor Rd, Kerala 686 637
90378 62131
90378 62137
office@travancorelifecare.com
www.travancorelifecare.com
@travancore_life_care
Travancore Life Care
LOCATION
creativemindsktm.com


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# നിക്ഷേപം തിരിച്ചുനൽകാനാകാതെ സഹകരണ ബാങ്കുകൾ

തിരുവനന്തപുരം: കേരളത്തിൽ സാമ്പത്തികപ്രതിസന്ധി നേരിടുന്ന സഹകരണബാങ്കുകളുടെയും സംഘങ്ങളുടെയും കണക്കെടുത്ത് സർക്കാർ. 441 സഹകരണബാങ്കുകൾ നിക്ഷേപം പൂർണമായി മടക്കിനൽകാനാകാത്ത പ്രശ്നം നേരിടുന്നതായാണ് കണ്ടെത്തൽ. നിക്ഷേപകരെ സംരക്ഷിക്കുംവിധം ഈ ബാങ്കുകളെ സാമ്പത്തികമായി മെച്ചപ്പെടുത്താനുള്ള മെഗാ രക്ഷാപ്പാക്കേജാണ് സർക്കാർ പരിഗണിക്കുന്നത്. രൂപരേഖ തയ്യാറായി.

കരുവന്നൂർ സഹകരണബാങ്കിലെ സാമ്പത്തികക്രമക്കേടും പിന്നാലെയുണ്ടായ പ്രതിസന്ധിയും സഹകരണമേഖലയുടെ വിശ്വാസ്യതയെ ബാധിച്ചു.

പല ജില്ലകളിലും നിക്ഷേപം തിരിച്ചുകൊടുക്കാനാകാത്ത ബാങ്കുകളുടെയും സംഘങ്ങളുടെയും പ്രശ്നം ആവർത്തിച്ചു. ഈ ഘട്ടത്തിലൊന്നും പ്രാഥമിക സഹകരണബാങ്കുകളുടെ സാമ്പത്തിക ആരോഗ്യം പരിശോധിക്കാൻ സഹകരണവകുപ്പ് തയ്യാറായിരുന്നില്ല. പ്രശ്നങ്ങളെ ഒറ്റപ്പെട്ട സംഭവമായി പരിഗണിച്ചുള്ള ഇടപെടലാണ് നടത്തിയത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കിയിലും യുഡിഎഫ് സർക്കാർ അധികാരമേറ്റതിനു പിന്നാലെ വടകരയിലും നിക്ഷേപം തിരിച്ചുകിട്ടാത്തതിനെത്തുടർന്ന് ആത്മഹത്യയുണ്ടായി.

ഓഹരിയും ലാഭത്തിൽനിന്ന് മാറ്റിവെച്ച കരുതൽഫണ്ടുമാണ് ഒരു സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ട്. ലാഭം ഇല്ലാതാകുകയും നഷ്ടം സ്വന്തം ഫണ്ടിനെക്കാൾ കൂടുകയും ചെയ്യുന്ന ഘട്ടത്തിലാണ് ബാങ്കിൽ നിക്ഷേപത്തുക (ഡെപോസിറ്റ് ഇറോഷൻ) കുറയുന്നത്. സ്വന്തം ഫണ്ടിനെക്കാൾ അധികം എത്ര നഷ്ടമുണ്ടാകുന്നോ, അത്രയും പണം നിക്ഷേപത്തിൽനിന്ന് എടുക്കേണ്ടി വരും. ഇത് നിക്ഷേപം പൂർണമായി തിരിച്ചുകൊടുക്കാൻ കഴിയാത്ത അവസ്ഥയിലെത്തിക്കും.

നിക്ഷേപത്തുക ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകരുതെന്ന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ ഇറക്കിയിട്ടുണ്ട്. സാമ്പത്തിക ക്രമക്കേട്, സ്വജനപക്ഷപാതിത്വം എന്നിവ നടന്നിട്ടുണ്ടെങ്കിൽ നഷ്ടം അവരിൽനിന്നുതന്നെ ഈടാക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് സർക്കാർ നിലപാട്. മറ്റെല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടി പാക്കേജിന്റെ ഭാഗമാക്കിയേക്കും. വീഴ്ചനടത്തിയ ഭരണസമിതിതന്നെ തുടരുന്ന ബാങ്കുകളിൽ വീണ്ടും അവർക്കുതന്നെ സർക്കാർ സാമ്പത്തികസഹായം അനുവദിക്കുന്നതിൽ ഭിന്നാഭിപ്രായമുണ്ട്.

ഭരണസമിതിയെ മാറ്റിയശേഷം ആ ബാങ്കിന് സാമ്പത്തികസഹായം നൽകിയാൽ മതിയെന്ന ആവശ്യത്തിൽ സഹകരണവകുപ്പ് തീരുമാനമെടുത്തിട്ടില്ല. അതിൽ തീരുമാനമെടുത്തശേഷമായിരിക്കും പാക്കേജ് പ്രഖ്യാപിക്കുക.

## എയർ ഇന്ത്യയിൽ എല്ലാ പൈലറ്റുമാർക്കും ലഹരിപരിശോധന

ന്യൂഡൽഹി: ഫുക്കറ്റ്-ഡൽഹി വിമാനത്തിലെ പൈലറ്റ് ലഹരി ഉപയോഗിച്ചതായുള്ള അന്വേഷണ റിപ്പോർട്ടിന് പിന്നാലെ പൈലറ്റുമാരുടെ ലഹരി പരിശോധന ശക്തമാക്കി എയർ ഇന്ത്യ. എല്ലാ പൈലറ്റുമാരും നിർബന്ധിത പരിശോധന പൂർത്തിയാക്കണമെന്ന് ജീവനക്കാർക്ക് അയച്ച ഇമെയിൽ സന്ദേശത്തിൽ എയർ ഇന്ത്യ ആവശ്യപ്പെട്ടു. എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിലെ പൈലറ്റുമാർക്ക് പരിശോധന ബാധകമാണ്.

ഗുരുഗ്രാം അക്കാദമിയിലെ പരിശീലന വേളയിലും വിമാന സർവീസിന് ശേഷമുള്ള ബ്രീഫിങ് സെന്ററുകളിലും ഓഫീസുകളിലും വെച്ചായിരിക്കും ഈ പരിശോധന നടത്തുകയെന്ന് എയർ ഇന്ത്യ അറിയിച്ചു. യാത്രക്കാരുടെ വിശ്വാസം നിലനിർത്താനും സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കാനുമാണ് നടപടിയെന്ന് എയർ ഇന്ത്യ വ്യക്തമാക്കി.

ഓഗസ്റ്റ് നാലിനാണ് ഫുക്കറ്റ്-ന്യൂഡൽഹി എയർ ഇന്ത്യ വിമാനം 'ആകാശച്ചുഴി'യിൽപ്പെട്ടത്. 137 യാത്രക്കാരുമായി ഡൽഹിയിലേക്ക് പുറപ്പെട്ട വിമാനം നിയന്ത്രണം നഷ്ടപ്പെട്ട് 300 അടി താഴ്ചയിലേക്ക് പതിക്കുകയായിരുന്നു. യാത്രക്കാരും ക്രൂവുമടക്കം 17 പേർക്കാണ് സംഭവത്തിൽ പരുക്കേറ്റത്. ഇതിൽ ചിലരുടെ പരുക്ക് ഗുരുതരമാണ്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ വിമാനത്തിലെ പ്രധാന പൈലറ്റ് കഞ്ചാവ് ഉപയോഗിച്ചെന്ന് കണ്ടെത്തി. രണ്ടു ലഹരിപരിശോധനകളിൽ ഇത് സ്ഥിരീകരിച്ചു. ഇതിനു പുറമേ ഉറക്കമില്ലായ്മയുടെ അസ്വാസ്ഥ്യമുണ്ടായിരുന്നെന്നും അതിനായി മരുന്നു കഴിച്ചിരുന്നുവെന്നും പൈലറ്റ് അന്വേഷണ സമിതിക്ക് മൊഴി നൽകിയിട്ടുണ്ട്.

വിമാനക്കമ്പനിയുടെ ആഭ്യന്തരിപ്പോർട്ട് പ്രകാരം വിമാനം താഴേക്ക് പതിക്കുമ്പോൾ പ്രധാന പൈലറ്റ് സീറ്റിലുണ്ടായിരുന്നില്ല. സംഭവത്തിൽ പൈലറ്റിനെതിരെ കടുത്ത നടപടിയുണ്ടാകും. ഇയാളുടെ ലൈസൻസ് മരവിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടിയിലേക്ക് ഡിജിസിഎ കടന്നേക്കുമെന്നാണ് റിപ്പോർട്ട്. ഇതിന് പിന്നാലെയാണ് പൈലറ്റുമാരുടെ ലഹരിപരിശോധന ശക്തമാക്കാൻ എയർ ഇന്ത്യ ഒരുങ്ങുന്നത്.

## നവീൻ ബാബുവിന്റെ മകൾക്ക് ഭക്ഷ്യസുരക്ഷാ ഓഫീസറായി നിയമനം

പത്തനംതിട്ട: അന്തരിച്ച എഡിഎം നവീൻ ബാബുവിന്റെ മകൾ നിരഞ്ജന എൻ. നായർക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസറായി നിയമനം. നിയമന ഉത്തരവ് മുഖ്യമന്ത്രി വി.ഡി. സതീശൻ നിരഞ്ജനക്ക് നേരിട്ട് കൈമാറി. സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമാണ് നിയമനം.



നിരഞ്ജന എൻ. നായർ മുഖ്യമന്ത്രി വി.ഡി. സതീശനിൽനിന്നു നിയമന ഉത്തരവ് സ്വീകരിക്കാൻ എത്തിയപ്പോൾ.

ബിടെക് ഫുഡ് ടെക്നോളജി ബിരുദധാരിയാണ് നിരഞ്ജന. ബിടെക് പഠനശേഷം പ്രൈവറ്റ് സ്ഥാപനത്തിൽ ജോലിക്കു പ്രവേശിച്ചിരുന്നു. നവീൻ ബാബുവിന്റെ ആഗ്രഹപ്രകാരം മൂന്ന് വർഷം മുൻപ് നിരഞ്ജന പിഎസ്സി പരിശീലനം ആരംഭിക്കുകയും ചെയ്തു. ഇതിനിടെയാണ് 2024 ഒക്ടോബർ 15-നു കണ്ണൂർ പള്ളിക്കുന്നിലെ ക്വാർട്ടേഴ്സിൽ നവീൻ ബാബുവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

കളക്ട്രേറ്റിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ അന്നത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ പരസ്യമായി അധിക്ഷേപിച്ചതിനു പിന്നാലെയായിരുന്നു മരണം.

എറണാകുളം ജില്ലയിലാണ് നിരഞ്ജനയ്ക്കു നിയമനം. മന്ത്രി കെ. മുരളീധരൻ, പഴകുളം മധു എംഎൽഎ, ഫുഡ് സേഫ്റ്റി കമ്മീഷണർ ശ്രീധന്യ സുരേഷ്, നവീൻ ബാബുവിന്റെ ഭാര്യയും കോഴഞ്ചേരി തഹസിൽദാരുമായ ഡി. മഞ്ജുഷ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു നിയമന ഉത്തരവ് കൈമാറിയത്.

## ‘മൂൺ ബേസ്” ദൗത്യത്തിലേക്ക് ഇന്ത്യയെ ക്ഷണിച്ച് നാസ

ന്യൂഡൽഹി: ബഹിരാകാശ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ചന്ദ്രനിൽ സ്ഥിരംതാവളം പണിയുന്നതിനുള്ള നാസയുടെ 'മൂൺ ബേസ് മിഷൻ' ദൗത്യത്തിലേക്ക് ഇന്ത്യക്ക് ക്ഷണം. ചന്ദ്രനിൽ സ്ഥിരം മനുഷ്യസാന്നിധ്യം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ താവളം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ദൗത്യം. ബെംഗളൂരുവിൽ നടന്ന ബഹിരാകാശ സംയുക്ത പ്രവർത്തകസമിതിയുടെ (സി.എസ്.ജെ.ഡബ്ല്യു.ജി) യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്. ആർട്ടെമിസ് ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് നാസയുടെ ക്ഷണം.

ബഹിരാകാശ പര്യവേക്ഷണങ്ങളിൽ സമാധാനപരവും സുസ്ഥിരവുമായ സഹകരണം ലക്ഷ്യമിട്ട് യുഎസുണ്ടാക്കിയ ആർട്ടെമിസ് ഉടമ്പടിയിൽ 2023-ലാണ് ഇന്ത്യ ചേർന്നത്. 'യുഎസ്-ഇന്ത്യ ട്രാൻസ്ഫോർമിങ് ദ റിലേഷൻഷിപ്പ് യൂട്ടിലൈസിങ് സ്ട്രാറ്റജിക് ടെക്നോളജി' (ട്രസ്റ്റ്) സംരംഭത്തിനു കീഴിൽ ബഹിരാകാശരംഗത്ത് സിവിൽ-വാണിജ്യ സഹകരണം ശക്തമാക്കാനും യോഗത്തിൽ ധാരണയായി. ശാസ്ത്രീയ വിവരങ്ങൾ പങ്കുവെക്കുന്നതുസംബന്ധിച്ച് ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകാനും തീരുമാനിച്ചു.

ചാന്ദ്രയാത്രികർക്ക് ദീർഘകാലയളവിലേക്ക് സാങ്കേതിക പിന്തുണ നൽകാൻ ലക്ഷ്യമിട്ടാണ് താവളത്തിന്റെ നിർമാണം. 2032-ഓടെ താവളത്തിന്റെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്നുഘട്ടമായി നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടം ഇക്കൊല്ലം അവസാനത്തോടെ പൂർത്തിയാകും. ഇതുമായി ബന്ധപ്പെട്ട് ആമസോൺ സ്ഥാപകൻ ജെഫ്ബെസോസിന്റെ ബ്ലൂ ഒറിജിനുൾപ്പെടെ നാല് കമ്പനികൾക്ക് നാസ കരാർ നൽകിയിരുന്നു. നാസയും ഐഎസ്ആർഒയും സംയുക്തമായി വിക്ഷേപിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമായ 'എൻ. ഐ. സാർ' വിജയമായിരുന്നു.







FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# മാരക കളനാശിനി ഗ്ലൈഫോസേറ്റിന് നിയന്ത്രണം മാത്രമെന്ന് കേന്ദ്രം

ന്യൂഡൽഹി: കേരളത്തിൽ താൽക്കാലികമായി നിരോധിച്ച കാൻസർ ഉൾപ്പെടെ മാരക രോഗങ്ങൾക്കു കാരണമാകുന്ന കളനാശിനി ഗ്ലൈഫോസേറ്റ് ഇന്ത്യയിൽ വ്യാപകമായി നിരോധിക്കില്ലെന്നു കേന്ദ്ര സർക്കാർ. നിരോധിക്കുന്നതിനു പകരം നിയന്ത്രിത ഉപയോഗത്തിനു കർശന വ്യവസ്ഥകൾ ഏർപ്പെടുത്താനാണു ഈയിടെ ചേർന്ന സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആൻഡ് രജിസ്ട്രേഷൻ കമ്മിറ്റി തീരുമാനിച്ചത്.

മനുഷ്യരിൽ മാരക പാർശ്വഫലങ്ങളുണ്ടാക്കുന്ന ഗ്ലൈഫോസേറ്റ് നിരോധിക്കണമെന്ന് പരിസ്ഥിതി സംഘടനകളും ആരോഗ്യപ്രവർത്തകരും വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. കൃഷിയിടങ്ങളിൽ ഗ്ലൈഫോസേറ്റ് സ്പ്രേ ചെയ്യാൻ അനുവദിക്കില്ല. പകരം പ്രത്യേക പരിശീലനം ലഭിച്ച, ലൈസൻസുള്ള പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റേഴ്സിനെ മാത്രം അനുവദിക്കാനാണു തീരുമാനം.

തുടർനടപടികൾക്കായി ഈ ശിപാർശ കൃഷിമന്ത്രാലയത്തിന്റെ കൃഷി, കർഷക ക്ഷേമ വകുപ്പിനു കൈമാറാനും സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആൻഡ് രജിസ്ട്രേഷൻ കമ്മിറ്റി സെക്രട്ടറി ഡോ. സുഭാഷ് ചന്ദിനോടു നിർദേശിച്ചു. എന്നാൽ, ലൈസൻസുള്ളവർക്കു മാത്രം ഗ്ലൈഫോസേറ്റ് പ്രയോഗിക്കാം എന്ന വ്യവസ്ഥ ഭാവിയിൽ ഇതുമൂലമുണ്ടാകുന്ന അപകടങ്ങളിൽ മരിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്തത്തിൽനിന്നു കളനാശിനി നിർമാതാക്കളെ ഒഴിവാക്കുമെന്നു വിമർശനമുണ്ട്.

ഗ്ലൈസോഫേറ്റ് കളനാശിനിയുടേയും ഇവയടങ്ങിയ മറ്റു ഉൽപന്നങ്ങളുടെയും വിൽപനയും ഉപയോഗവും 2019 ഫെബ്രുവരിയിൽ രണ്ട് മാസത്തേക്കു കേരളത്തിൽ നിരോധിച്ചിരുന്നു. തേയിലത്തോട്ടങ്ങളിലും കൃഷിയില്ലാത്ത ഭൂമിയിൽ കളകൾ നശിപ്പിക്കാനും മാത്രം അനുമതിയുണ്ടായിരുന്ന ഗ്ലൈഫോസേറ്റ് വിളവിറക്കുന്നതിനു മുൻപായി നെൽപാടങ്ങളിൽ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയതോടെയാണ് നിരോധിച്ചത്.

# പാർലമെന്റ് വർഷകാല സമ്മേളനം അവസാനിച്ചു

ന്യൂഡൽഹി: ജൂലൈ 20-ന് തുടങ്ങിയ പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിൽ ഒരുദിവസംപോലും ഇരുസഭകളിലുമെത്താതിരുന്ന ആഭ്യന്തരമന്ത്രി അമിത്ഷാ അവസാനദിവസമായ ആഗസ്റ്റ് 13-ന് ലോക്സഭയിലെത്തി.

ഷായുടെ മറുപടിക്കുവേണ്ടി ഇത്രനാളും പ്രക്ഷുബ്ധമായ സഭയിൽ അദ്ദേഹം ഒരു വാക്കുപോലും ഉച്ചരിച്ചില്ല. ഒന്നിനും മറുപടി പറഞ്ഞില്ല. കാര്യപരിപാടിയിലേക്കുപോലും സഭ കടന്നില്ല. വന്ദേമാതരത്തിന്റെ ആറുഖണ്ഡികകളും മുഴങ്ങിയതിനുപിന്നാലെ, പ്രതിപക്ഷത്തെ കേൾക്കുകപോലും ചെയ്യാതെ സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതായി സ്പീക്കർ അറിയിച്ചു. വന്ദേമാതരം പൂർണതോതിൽ പാർലമെന്റിന്റെ ഇരുസഭകളിലും മുഴങ്ങുന്നത് ആദ്യമാണ്.

ആദ്യദിവസംമാത്രം ഹാജരായ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഒപ്പം പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങും ഗതാഗതമന്ത്രി നിതിൻ ഗഡ്കരിയും അവസാനദിവസമായ ഓഗസ്റ്റ് 13-ന് സഭയിൽ എത്തി. മോദിയും അമിത് ഷായും കടന്നുവരുമ്പോൾത്തന്നെ പ്രതിപക്ഷം ബഹളമുയർത്തി.

സ്പീക്കർ ഓം ബിർള, സഭയിലേക്കെത്തിയ ഉടൻ ദേശീയഗീതമായ വന്ദേമാതരത്തിലേക്കു കടക്കുകയായിരുന്നു. മൂന്നുമിനിറ്റും പത്തുസെക്കൻഡും നീളുന്ന വന്ദേമാതരം മുഴങ്ങി. സഭയുടെ നടപ്പുസമ്മേളനത്തിന്റെ മൊത്തം പ്രകടനം അവലോകനം ചെയ്യുന്ന സമാപന പ്രസംഗം സ്പീക്കർ ഒഴിവാക്കി.

സഭാ സ്തംഭനം തുടർന്ന 19 ദിവസം പിന്നിട്ട് പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്കു പിരിഞ്ഞു. വിദ്യാർത്ഥി സമരത്തിലെ പോലീസ് അതിക്രമത്തിൽ അമിത് ഷായുടെയും അയോദ്ധ്യ സംഭാവനക്കൊള്ളയിൽ പ്രധാനമന്ത്രിയുടെയും മറുപടി ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ പ്രതിഷേധത്തിന്റെ ചൂടിലായിരുന്നു മഴക്കാല സമ്മേളനത്തിന്റെ മുഴുവൻ ദിവസങ്ങളും.

സഭ പിരിഞ്ഞശേഷം സ്പീക്കർ ഒരുക്കിയ ചായസത്കാരവും പ്രതിപക്ഷം ബഹിഷ്കരിച്ചു. ജൂലൈ 20-ന് സമ്മേളനമാരംഭിച്ചശേഷം അമിത്ഷാ സഭയിലെത്താതിരുന്നതിനെ രാഷ്ട്രീയായുധമാക്കി പ്രതിപക്ഷം ദിവസവും പോർമുഖം തീർത്തിരുന്നു. ഈ ബഹളങ്ങൾക്കിടയിൽ 12 ബില്ലുകൾ പാസാക്കി.

# ഗാന്ധിജിയെ സ്വീകരിച്ച പങ്കജാക്ഷിയമ്മ അന്തരിച്ചു



കോട്ടയം: കേരളസന്ദർശന വേളയിൽ ഗാന്ധിജിയെ സ്വീകരിച്ച പങ്കജാക്ഷിയമ്മ ഇനി ഓർമ. കുമാരനല്ലൂർ വാക്കയിൽ പങ്കജാക്ഷിയമ്മ (99, റിട്ട. അദ്ധ്യാപിക, ഗവൺമെന്റ് സ്കൂൾ, കുമാരനല്ലൂർ) ആണ് നിര്യാതയായത്. ഭർത്താവ്: പരേതനായ പി.വി. കൃഷ്ണൻ തമ്പി കുമാരനല്ലൂർ ഉദയമംഗലം കുടുംബാംഗം. മക്കൾ: പരേതനായ രാധാകൃഷ്ണൻ, ചാരുചന്ദ്രൻ, പരേതനായ പ്രതാപചന്ദ്രൻ, അജിത് കുമാർ, സുനിൽകുമാർ, ജ്യോതി ലക്ഷ്മി (ബീന). മരുമക്കൾ: ശ്രീലത, ജയലക്ഷ്മി, ഷൈല, സുധാ അജിത്, ജയ, ശ്യാം അരവിന്ദ്. 1937-ൽ മഹാത്മാ ഗാന്ധി കുമാരനല്ലൂർ ദേവീക്ഷേത്ര ദർശനം നടത്തിയപ്പോൾ 10 വയസുള്ള പങ്കജാക്ഷിയമ്മ ഉൾപ്പെടുന്ന കുട്ടികളാണ് താലപ്പൊലിയോടുകൂടി ഗാന്ധിജിയെ സ്വീകരിച്ചതും തുടർന്ന് പ്രാർത്ഥനാഗാനം ആലപിച്ചതും.

നിരവധി കുട്ടികളെ തിരുവാതിര കളി പഠിപ്പിച്ച പങ്കജാക്ഷിയമ്മ പുതിയ തലമുറയ്ക്കുവേണ്ടി തിരുവാതിര പാട്ടുകൾ എന്ന പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ബോർഡുകളിലെ 'കേരള' ഇനി കേരളം

തിരുവനന്തപുരം: കൊളോണിയൽ ചുവയുള്ള 'കേരള'യ്ക്കു വിടനൽകി 'കേരളം' ആകുന്നതിന്റെ തുടക്കം ലോക്ഭവനിൽ. 'ലോക്ഭവൻ കേരള' എന്നത് 'ലോക്ഭവൻ കേരളം' എന്നാക്കിയാണ് മാറ്റം. പ്രധാനഹാളിന്റേതടക്കം പേരും മാറ്റി.

ആഗസ്റ്റ് 11-ന് ചൊവ്വാഴ്ച ലോക്ഭവനിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ചെയർമാൻ അരവിന്ദ് പനഗരിയ പങ്കെടുത്ത ചടങ്ങിന്റെ വേദിയിലെ പശ്ചാത്തലത്തിൽ 'ലോക്ഭവൻ കേരളം' എന്നാണെഴുതിയിരിക്കുന്നത്.

രാജ്യസഭയും രാഷ്ട്രപതിയും അംഗീകരിച്ച 'കേരള' എന്നത് 'കേരളം' എന്നുമാറി വിജ്ഞാപനം വരുന്നതോടെ സർക്കാർ വകുപ്പുകളിലും രേഖകളിലുമെല്ലാം 'കേരളം' വരും. പക്ഷേ, ഇതിന് സമയമെടുക്കും.

കേരളത്തിന്റെ ഔദ്യോഗികപേര് കേരളം എന്നാകുമ്പോൾ സർവകലാശാലകളടക്കമുള്ള സ്ഥാപനങ്ങൾക്കൊപ്പമുള്ള 'കേരള'യും മാറിയേക്കും. ഇതുമാറ്റുന്നതിനുള്ള കാലാവധിയടക്കമുള്ള കാര്യങ്ങൾ വിജ്ഞാപനമിറങ്ങിയാലേ വ്യക്തമാകൂ.




ലോക്ഭവനിലെ പ്രധാന ഹാളിൽ 'ലോക്ഭവൻ കേരളം' എന്ന പുതുക്കിയ ബോർഡ് സ്ഥാപിച്ചിരിക്കുന്നു.

നിയമം പ്രാബല്യത്തിലാകുന്നതിനുമുൻപുള്ള രേഖകളിൽ മാറ്റമുണ്ടാകാനിടയില്ല. മുമ്പുണ്ടായിരുന്ന സർട്ടിഫിക്കറ്റുകളിലെ കേരള, കേരളം എന്നു കണക്കാക്കണമെന്ന വ്യവസ്ഥ വരും.

യൂണിവേഴ്സിറ്റി ഓഫ് കേരള എന്നതുമാറ്റി യൂണിവേഴ്സിറ്റി ഓഫ് കേരളം ആകുമോ, കേരള നിയമസഭ, കേരളം നിയമസഭയാകുമോ അതോ നിയമസഭ കേരളം എന്നാകുമോ എന്നെല്ലാം അറിയാനിരിക്കുന്നതേയുള്ളൂ.

ഗവൺമെന്റ് ഓഫ് കേരള എന്നത് ഗവൺമെന്റ് ഓഫ് കേരളം എന്നാകും. എന്നാൽ 'കേരള ഹൈക്കോടതി'യിൽ മാറ്റമുണ്ടാകാൻ സാധ്യതയില്ല. സർക്കാർ സ്ഥാപനങ്ങളുടെ ബോർഡുകൾ തിരുത്തുന്നതിനടക്കം വലിയ ചെലവുണ്ടാകും.

കേരളം എന്നാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം 2023 ഓഗസ്റ്റ് പത്തിന് നിയമസഭ ഒറ്റക്കെട്ടായി അംഗീകരിച്ചിരുന്നു.







# വികസിത ഭാരതത്തിനായി ഒന്നിച്ചു മുന്നേറാം: രാഷ്ട്രപതി

ന്യൂഡൽഹി: 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഓരോ പൗരന്റെയും സഹകരണം രാജ്യത്തിന് അത്യാവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എൺപതാം സ്വാതന്ത്ര്യദിനത്തിന്റെ തലേന്ന് ഇന്ത്യയെ അഭിസംബോധനചെയ്യുകയായിരുന്നു രാഷ്ട്രപതി. കഴിഞ്ഞ ദശകത്തിനിടെ 25 കോടിയിലധികം ആളുകളെ ദാരിദ്ര്യമുക്തരാക്കാനും 59 കോടിയോളം ആളുകളെ ജൻധൻ യോജന വഴി ബാങ്കിംഗ് ശൃംഖലയുടെ ഭാഗമാക്കാനും സാധിച്ചത് രാജ്യം കൈവരിച്ച വലിയ നേട്ടമാണെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

ഭീകരവാദത്തിനെതിരേയുള്ള തിരിച്ചടിയായ ഓപറേഷൻ സിന്ദൂർ, സിന്ധു നദീജല കരാർ റദ്ദാക്കിയ തീരുമാനം 'നക്സലിസം ഇല്ലാതാക്കിയത്'. പരീക്ഷാ സംവിധാനത്തിലെ സുതാര്യമായ പരിഷ്കാരങ്ങൾ എന്നിവയെക്കുറിച്ചും രാഷ്ട്രപതി എടുത്തുപറഞ്ഞു. ഭാരതത്തിന്റെ സമ്പന്നമായ പാരമ്പര്യവും ആധുനിക വികസനവും സംയോജിപ്പിച്ചു മുന്നേറാൻ എല്ലാ പൗരന്മാരും മുന്നോട്ടുവരണമെന്ന് രാഷ്ട്രപതി ആഹ്വാനം ചെയ്തു.

ആഗോളതലത്തിൽ യുദ്ധങ്ങളും അസ്ഥിരതകളും നിലനിൽക്കുമ്പോഴും ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗ



ത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി തുടരുകയാണെന്നും രാഷ്ട്രപതി പറഞ്ഞു. സാമ്പത്തിക പ്രയാസങ്ങൾ കാരണം രാജ്യത്ത് ആർക്കും നീതി നിഷേധിക്കപ്പെടരുതെന്നും നീതിന്യായ വ്യവസ്ഥയുമായി ബന്ധപ്പെട്ട എല്ലാവരുടെയും കടമയാണിതെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

# വിവിധോദ്ദേശ്യ ചരക്കുവിമാനം വാങ്ങാൻ വ്യോമസേന

ന്യൂഡൽഹി: വ്യോമസേനയ്ക്കായി 60 വിവിധോദ്ദേശ്യ യാത്രാവിമാനങ്ങളും 150 പരിശീലനവിമാനങ്ങളും വാങ്ങാൻ ലക്ഷ്യമിട്ട് പ്രതിരോധമന്ത്രാലയം. 60 യാത്രാവിമാനങ്ങൾ വാങ്ങാൻ ഒരുലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ആത്മനിർഭർ ഭാരത് നയത്തിന്റെ ഭാഗമായി ഇന്ത്യയിൽ നിർമിക്കുന്ന വിമാനങ്ങൾ വാങ്ങാനാണ് മുൻഗണന. ടാറ്റാ ഗ്രൂപ്പ്, 'മഹീന്ദ്ര ഗ്രൂപ്പ്' സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡ് (എച്ച്.എ.എൽ) എന്നിവയാണ് കരാറിനായുള്ള മത്സരത്തിൽ മുൻപന്തിയിലുള്ളത്. ടാറ്റയുടെ വിമാനനിർമാണസംരംഭം എയർബസുമായി ചേർന്ന് ഗുജറാത്തിലാണ്. കരാർ യാഥാർഥ്യമായാൽ രാജ്യത്തെ ഏറ്റവും വലിയ ആഭ്യന്തര വിമാന നിർമാണപദ്ധതിയായിരിക്കും. 150 പരിശീലനവിമാനങ്ങൾ നിർമിക്കാനുള്ള കരാർ എച്ച്എഎലിന് ലഭിക്കാനാണ് സാധ്യത. വ്യോമസേനയുടെ അടിസ്ഥാന പരിശീലന വിമാനമായ എച്ച്.ടി.ടി-40 നേരത്തേതന്നെ എച്ച്.എ.എലാണ് നിർമിക്കുന്നത്. 150 പരിശീലന വിമാനങ്ങൾ നിർമിക്കാനുള്ള പദ്ധതിക്ക് 15,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അടുത്ത12–16 മാസത്തിനകം കരാർ ഒപ്പിടുമെന്നാണ് പ്രതീക്ഷ. അതിനു മുമ്പ് ഔപചാരിക ടെൻഡർ സാങ്കേതിക വിലയിരുത്തൽ, വാണിജ്യചർച്ചകൾ തുടങ്ങിയ നടപടിക്രമങ്ങളുണ്ടാകും.

# 52 മിനിറ്റിൽ ഒമ്പത് ബില്ലുകൾ പാസാക്കി

ന്യൂഡൽഹി: അമിത്ഷാ സഭയിലെത്തണമെന്ന് ആവശ്യപ്പെട്ടുള്ള പ്രതിപക്ഷ ബഹളത്തിനിടെ ചർച്ചകൂടാതെ കേരളം എന്ന് പേരുമാറ്റിയ ബില്ലും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപറേഷൻ ഭേദഗതി ബില്ലും ലോക്സഭയുടെ ട്രൈബ്യൂണലുകളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാനുള്ള നാഷണൽ ട്രൈബ്യൂണൽ കമ്മീഷൻ രൂപവത്കരണ ബില്ലും രാജ്യസഭയും ചർച്ചകൂടാതെ ശബ്ദവോട്ടോടെ പാസാക്കി പിരിഞ്ഞു. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ വെറും 52 മിനിറ്റിനുള്ളിൽ ഒമ്പത് ബില്ലുകളാണ് ലോക്സഭ പാസാക്കിയത്. ശരാശരി ഒരുബില്ലിന് ആറു മിനിറ്റിൽതാഴെ സമയം. വെറും ഒരു മിനിറ്റിലാണ് പ്രധാനപ്പെട്ട ജനന-മരണ രജിസ്ട്രേഷൻ ഭേദഗതി ബിൽ പാസാക്കിയത്. ലോക്സഭ ഇതുവരെ പാസാക്കിയ 11 ബില്ലുകളിൽ രണ്ടെണ്ണത്തിൽ മാത്രമാണു ചർച്ചനടന്നത്. ഇന്ത്യയിൽ ദൂരവ്യാപകമായ മാറ്റങ്ങൾ കൊണ്ടുവരുന്ന സുപ്രധാന ബില്ലുകളിൽ ചർച്ച നടത്താൻ കഴിയുന്ന തരത്തിൽ പൊതുധാരണയിലെത്താൻ സർക്കാരിനോടും പ്രതിപക്ഷത്തിനോടും സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചു.

# ഒസിഐ ഡോക്ടർമാർക്ക് ഇന്ത്യയിൽ സ്ഥിരം ലൈസൻസ് നൽകും

ന്യൂഡൽഹി: വിദേശ പൗരത്വമുള്ള ഇന്ത്യക്കാരായ (ഒസിഐ) ഡോക്ടർമാർക്ക് ഇന്ത്യയിൽ സ്ഥിരം പ്രാക്ടീസ് ലൈസൻസ് അനുവദിക്കാൻ ദേശീയ മെഡിക്കൽ കമ്മീഷൻ (എൻഎംസി) തീരുമാനിച്ചു. ഇതുൾപ്പെടെ ഡോക്ടർമാരുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള 'രജിസ്ട്രേഷൻ ഓഫ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആൻഡ് ലൈസൻസ് ടു പ്രാക്ടീസ് 2023' എൻഎംസി ഭേദഗതി ചെയ്യും.

വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് (എഫ്എംജി) ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യുന്നതിന് അധിക ഇളവുകൾ അനുവദിച്ചുള്ളതാണ് ഭേദഗതി. ഇന്ത്യയിൽ രജിസ്റ്റേഡ് ഡോക്ടർമാർക്കു നൽകുന്ന യുണീക് ഐഡന്റിഫിക്കേഷൻ (യുഐഡി) നമ്പർ എൻഎംസി കേന്ദ്രീകരിച്ച് നൽകുന്നതിനു പകരം സംസ്ഥാന മെഡിക്കൽ രജിസ്റ്റർ വഴി ഇനി നേരിട്ടു ലഭ്യമാക്കും. യുഐഡി ലൈസൻസിന് എൻഎംസി സെക്രട്ടറിയുടെ അനുമതി വേണമെന്ന വ്യവസ്ഥയും നീക്കം ചെയ്തു.

മെഡിക്കൽ പ്രാക്ടീസ് ലൈസൻസ് ലഭിക്കാൻ ഇനി മുതൽ സംസ്ഥാന മെഡിക്കൽ കൗൺസിലിന്റെ യൂണിഫൈഡ് രജിസ്ട്രേഷൻ പോർട്ടൽ വഴി അപേക്ഷ നൽകാം. 30 ദിവസത്തിനുള്ളിൽ സംസ്ഥാന കൗൺസിൽ അപേക്ഷ തീർപ്പാക്കണം. ഇത്തരത്തിൽ സംസ്ഥാന കൗൺസിലുകളിൽനിന്നു നേരിട്ട് ലഭ്യമാക്കുന്ന യുഐഡി വിവരങ്ങൾ ദേശീയ മെഡിക്കൽ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യാൻ ഓട്ടോമാറ്റിക് സംവിധാനവും ഏർപ്പെടുത്തും.

സംസ്ഥാന കൗൺസിൽ പ്രാക്ടീസ് ലൈസൻസ് നിരസിക്കുകയാണെങ്കിൽ അപേക്ഷകർക്ക് എത്തിക്സ് ആൻഡ് മെഡിക്കൽ രജിസ്ട്രേഷൻ ബോർഡിന് അപ്പീൽ നൽകാം. ഈ അപേക്ഷ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കണം.

വിദേശ പൗരന്മാരായ ഡോക്ടർമാർക്ക് അനുവദിക്കുന്ന താൽക്കാലിക രജിസ്ട്രേഷൻ കാലാവധി ഒരു വർഷത്തിൽനിന്ന് 2 വർഷമാക്കി.

# ജസ്റ്റിസ് വർമ കുറ്റക്കാരൻ

ന്യൂഡൽഹി: ഔദ്യോഗിക വസതിയിൽനിന്നു കത്തിക്കരിഞ്ഞ നിലയിൽ കണക്കിൽപെടാത്ത പണം കണ്ടെത്തിയ കേസിൽ ജസ്റ്റിസ് യശ്വന്ത് വർമയ്ക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിയിക്കപ്പെട്ടതായി ലോക്സഭാ അന്വേഷണസമിതി റിപ്പോർട്ട്. കണക്കിൽപെടാത്ത പണം കണ്ടെത്തിയതടക്കം മൂന്ന് കുറ്റങ്ങളും തെളിഞ്ഞതായി സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് അരവിന്ദ് കുമാർ അദ്ധ്യക്ഷനായ മൂന്നംഗ അന്വേഷണ സമിതി ആഗസ്റ്റ് 12-ന് ലോക്സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കി. തൊണ്ടിമുതലായ തെളിവുകൾ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുക, അന്വേഷണത്തിൽ വസ്തുതാവിരുദ്ധവും വഴിതിരിച്ചുവിടുന്നതുമായ വിശദീകരണങ്ങൾ നൽകുക തുടങ്ങിയ കുറ്റങ്ങളും തെളിയിക്കപ്പെട്ടതായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. പണം ആരുടേതാണെന്നോ അത് എങ്ങനെ അവിടെ എത്തിയെന്നോ വ്യക്തമാക്കുന്നതിൽ ജസ്റ്റിസ് വർമ പരാജയപ്പെട്ടതായും അന്വേഷണത്തിൽ കണ്ടെത്തി.

വിവാദങ്ങളെത്തുടർന്ന് ജസ്റ്റിസ് യ



ശ്വന്ത് വർമ ഏപ്രിൽ പത്തിന് രാഷ്ട്രപതിക്ക് രാജി സമർപ്പിച്ചിരുന്നു. അതിനാൽ അദ്ദേഹത്തെ ഇംപീച്ച് ചെയ്യുന്നതിനുള്ള നടപടിക്ക് പ്രസക്തി ഇല്ലാതായി. കഴിഞ്ഞ വർഷം മാർച്ചിൽ ഡൽഹിയിലെ 30 തുഗ്ലക് ക്രസന്റിലുള്ള ജഡ്ജിയുടെ ഔദ്യോഗിക വസതിയിലെ സ്റ്റോർ റൂമിലുണ്ടായ തീപിടിത്തത്തിനു പിന്നാലെയാണ് കത്തിക്കരിഞ്ഞ നിലയിൽ 500 രൂപയുടെ നോട്ട് കൂമ്പാരം കണ്ടെത്തുന്നത്. സംഭവം ഡൽഹി ഫയർ സർവീസിലെയും പോലീസിലെയും ജീവനക്കാർ കാണുകയും ചിത്രീകരിക്കുകയും ചെയ്തിരുന്നു. ഈ സ്റ്റോർ റൂം വസതിയിൽനിന്ന് വേറിട്ടതാണെന്നും തനിക്ക് ഇതിലേക്ക് പ്രവേശനമില്ലായിരുന്നുവെന്നും പണത്തെക്കുറിച്ച് അറിയില്ലെന്നുമായിരുന്നു ജഡ്ജിയുടെ വാദങ്ങൾ. എന്നാൽ, ഔദ്യോഗിക വസതിയുടെ പൂർണ നിയന്ത്രണം ജഡ്ജിക്കായിരുന്നുവെന്നും പണത്തിന്റെ ഉറവിടം വ്യക്തമാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തി. കൂടാതെ ആദ്യഘട്ടത്തിൽ അന്വേഷണത്തോട് സഹകരിക്കാതിരുന്ന ജഡ്ജി പിന്നീട് അന്വേഷണസംഘത്തിനു നൽകിയ മറുപടികൾ അപൂർണവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.



# സെൻസസിൽ ജാതിയടക്കം 40 ചോദ്യങ്ങൾ

ന്യൂഡൽഹി: സെൻസസ് പ്രക്രിയയുടെ രണ്ടാം ഘട്ടത്തിൽ വിവരശേഖരണത്തിനുള്ള 40 ചോദ്യങ്ങൾ വിജ്ഞാപനം ചെയ്ത് കേന്ദ്രസർക്കാർ.

ജാതി, കോവിഡ് വാക്സിനേഷൻ സ്വീകരിച്ച സ്ഥലം തുടങ്ങിയവ ഉൾപ്പെട്ടതാണ് ചോദ്യങ്ങൾ. ശൈത്യമേഖലകളിൽ സെപ്റ്റംബർ ഒന്നാംതീയതി മുതലാണ് രണ്ടാംഘട്ട വിവരശേഖരണം ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായാണ് ചോദ്യങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ജനസംഖ്യാ കണക്കെടുപ്പിൽ ജാതിവിവരങ്ങൾ ശേഖരിക്കുന്നത്. പട്ടികജാതി/വർഗം വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ വിവരങ്ങളും പ്രത്യേകം ശേഖരിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കാബിനറ്റ് കമ്മിറ്റി ഓൺ പൊളിറ്റിക്കൽ അഫയേഴ്സ് യോഗത്തിലാണ് ജാതിവിവരങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചത്.

ലഡാക്ക്, ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ ശൈത്യമേഖലകളിൽ ജനസംഖ്യ കണക്കെടുപ്പ് സെപ്റ്റംബർ ഒന്നു മുതൽ 30-ാം തീയതി വരെ നടക്കുമെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തിറക്കിയ വിജ്ഞാപനം വ്യക്തമാക്കുന്നു. ഓഗസ്റ്റ് 17-31 വരെ സെൽഫ് എന്യൂമറേഷനുള്ള അവസരമുണ്ട്. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ അടുത്ത വർഷം ജനസംഖ്യാ കണക്കെടുപ്പ് നടക്കും.

ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായി ഹൗസ് ലിസ്റ്റിങ് ആൻഡ് ഹൗസിങ് സെൻസസ് ഘട്ടവും നടക്കുന്നുണ്ട്. സെപ്റ്റംബർ 30 വരെ ഈ ഘട്ടം തുടരും. ഏപ്രിൽ 16 മുതൽ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഉദ്യോഗസ്ഥർ വീടുകളും കെട്ടിടങ്ങളും സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ഈ ഘട്ടത്തിൽ വീടുകളുടെ വിവരങ്ങൾ, കുടുംബത്തിന് ലഭ്യമായ സൗകര്യങ്ങൾ, കുടുംബനാഥന്റെ വിവരങ്ങൾ, വീടിന്റെ ഉടമസ്ഥാവകാശം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ശേഖരിക്കുന്നത്. ഇത്തവണത്തെ സെൻസസ് പൂർണമായും ഡിജിറ്റൽ രീതിയിലാണ് നടത്തുന്നത്. പത്തുവർഷത്തിലൊരിക്കൽ നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിൽ വലിയ സാങ്കേതിക മാറ്റത്തിനാണ് ഇതോടെ തുടക്കമാകുന്നത്.

# എം.പി. പരമേശ്വരൻ അന്തരിച്ചു



തൃശൂർ: ആണവ ശാസ്ത്രജ്ഞനും കമ്യൂണിസ്റ്റ് സൈദ്ധാന്തികനും ശാസ്ത്ര പ്രചാരകനുമായ ഡോ. എം.പി. പരമേശ്വരൻ (91) അന്തരിച്ചു. തൃശൂർ കോട്ടപ്പുറത്തെ വസതിയിൽ ആഗസ്റ്റ് 11-ന് ഉച്ചയ്ക്കായിരുന്നു അന്ത്യം.

മോസ്കോ പവർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ന്യൂക്ലിയർ എഞ്ചിനിയറിങ്ങിൽ ഗവേഷണ ബിരുദം (1965) നേടിയ ആദ്യ ഇന്ത്യാക്കാരനായ അദ്ദേഹം, ഭാഭാ അറ്റോമിക് റിസർച് സെന്ററിൽ (ബാർക്) രണ്ട് പതിറ്റാണ്ടോളം ശാസ്ത്രജ്ഞനായിരുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സ്ഥാപകനേതാക്കളിലൊരാളാണ്. നാലാം ലോക വാദത്തിലൂടെ ഇടതു രാഷ്ട്രീയത്തിൽ സൈദ്ധാന്തിക കൊടുങ്കാറ്റ് അഴിച്ചുവിട്ട പരമേശ്വരനെ, പരമ്പരാഗത മാർക്സിസ്റ്റ് ആശയങ്ങൾക്കു യോജിക്കാത്തതെന്ന് ആരോപിച്ച് 2004-ൽ സിപിഎം പുറത്താക്കി. നവതി പിന്നിട്ടശേഷവും വൈജ്ഞാനിക മേഖലയിൽ സജീവ സാന്നിദ്ധ്യമായി തുടരവേയാണു വിടവാങ്ങൽ.

ജോലി രാജിവെച്ച് 1975 മുതൽ പരിഷത്തിനുവേണ്ടി പൂർണസമയ പ്രവർത്തനം ആരംഭിച്ച അദ്ദേഹം ശാസ്ത്രചിന്തകളുടെ ജനകീയ പ്രചാരകനായി.

സാക്ഷരതായജ്ഞം, അധികാര വികേന്ദ്രീകരണം തുടങ്ങിയ പ്രമുഖ സാമൂഹിക പദ്ധതികളുടെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ചു. പുകയില്ലാത്ത അടുപ്പ് ഉൾപ്പെടെ സാധാരണക്കാർക്ക് ഉപകാരപ്രദമായ കണ്ടുപിടിത്തങ്ങൾക്കു നേതൃത്വം നൽകുകയും പ്രചരിപ്പിക്കുകയും ചെയ്തു. സൈലന്റ് വാലി സംരക്ഷണം ഉൾപ്പെടെ വിവിധ പരിസ്ഥിതി മുന്നേറ്റങ്ങളുടെ ഭാഗമായി. ഓൾ ഇന്ത്യ പീപ്പിൾസ് സയൻസ് നെറ്റ്‌വർക് (എഐപിഎസ്എൻ) രൂപീകരിക്കാൻ മുന്നിട്ടിറങ്ങി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ് ഡയറക്ടറായും പ്രവർത്തിച്ചു. ചിന്ത പബ്ലിഷേഴ്സ് എഡിറ്ററായി.

തൃശൂർ കിരാലൂരിലെ മാടമ്പ് മനയിൽ മടങ്ങർലി പരമേശ്വരൻ നമ്പൂതിരിയുടെയും മാടമ്പ് സാവിത്രി അന്തർജനത്തിന്റെയും മകനാണ്.

തൃശൂർ നമ്പൂതിരി വിദ്യാലയം, സിഎംഎസ് ഹൈസ്കൂൾ, സെന്റ് തോമസ് കോളജ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജ് എന്നിവിടങ്ങളിലായിരുന്നു പഠനം. മലയാളത്തിലും ഇംഗ്ലീഷിലുമായി നൂറോളം ശാസ്ത്രകൃതികൾ പ്രസിദ്ധീകരിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വൈജ്ഞാനിക, ബാലസാഹിത്യ, സമഗ്ര സംഭാവന പുരസ്കാരങ്ങൾ ഉൾപ്പെടെ ഒട്ടേറെ ബഹുമതികൾ തേടിയെത്തി. ഭാര്യ: ഭവാനി. മക്കൾ: അരുൺ (യുഎസ്), വിപിൻ (മുംബൈ). മരുമക്കൾ: ശ്രീലത, ശ്രീജ.

# കാലാവസ്ഥാ മുന്നറിയിപ്പ് നൽകാൻ കേരളത്തിലേക്ക് 'അന്നം'

ന്യൂഡൽഹി: കേരളത്തിൽ നിർമിതബുദ്ധിയുടെ (എഐ) സഹായത്തോടെയുള്ള പ്രാദേശിക കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം സജ്ജമാക്കാൻ ഐഐടി റോപഡ് 50 സ്മാർട്ട് വെതർ സ്റ്റേഷനുകൾ സജ്ജമാക്കും. കേന്ദ്ര സർക്കാരിന്റെ കൃഷിയുമായി ബന്ധപ്പെട്ട സെന്റർ ഓഫ് എക്സലൻസ് ഇൻ എഐയുടെ (അന്നം.എഐ.ANNAM.AI) നേതൃത്വത്തിലാണിത്.

കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രാഥമിക പഠനം പൂർത്തിയായി. സാങ്കേതിക രൂപകൽപന, സ്ഥലങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവയെല്ലാം പുരോഗമിക്കുകയാണെന്ന് അന്നം എഐ കോ പ്രോജക്ട് ഡയറക്ടർ ഡോ. സുമൻ കുമാർ പറഞ്ഞു. കേന്ദ്രം സ്ഥാപിക്കാനുള്ള സ്ഥലങ്ങളുടെ മുൻഗണനാ പട്ടികയും പ്രാഥമിക വിവരങ്ങളും കേരള സർക്കാർ ലഭ്യമാക്കും. ഐഐടി റോപഡ് സംഘത്തിന്റേതാകും അന്തിമ തീരുമാനം. മഴയുടെ ലഭ്യത, അന്തരീക്ഷത്തിലെ ഈർപ്പം, വിളകളുടെ രീതി എന്നിവയെല്ലാം ഇതിൽ ഘടകമാകും. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയാകും ഉപയോഗിക്കുക. വിളകളുമായി ബന്ധപ്പെട്ട നിർദേശങ്ങളും കീടങ്ങൾ, രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളുമൊക്കെ ലഭ്യമാക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ.

# മുൻ ഏകാധിപതി അസദിന് സിറിയയിൽ വധശിക്ഷ

ഡമാസ്കസ്: കാൽനൂറ്റാണ്ടോളം സിറിയയെ അടക്കിഭരിച്ച ഏകാധിപതി ബാഷർ അൽ അസദിന് ഡമാസ്കസ് ക്രിമിനൽക്കോടതി വധശിക്ഷ വിധിച്ചു. മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസിലാണ് ശിക്ഷ. ഇദ്ദേഹത്തിന്റെ സഹോദരനും സൈനികനേതാവുമായിരുന്ന മഹേർ അൽ അസദിനും വധശിക്ഷ വിധിച്ചിട്ടുണ്ട്. റഷ്യയിൽ രാഷ്ട്രീയാഭയത്തിൽ കഴിയുന്ന അസദിന്റെ അസാന്നിധ്യത്തിലായിരുന്നു ആഗസ്റ്റ് 11 ചൊവ്വാഴ്ചത്തെ വിധിപ്രസ്താവം. 13 വർഷം നീണ്ട ആഭ്യന്തരയുദ്ധവുമായി ബന്ധപ്പെട്ട് ആസൂത്രിതകൊലപാതകമുൾപ്പെടെയുള്ള യുദ്ധക്കുറ്റങ്ങളും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങളും ചെയ്തെന്ന ആരോപണങ്ങളിലാണ് മുൻ പ്രസിഡന്റിനെ കുറ്റക്കാരനെന്നു കണ്ടെത്തിയത്. സിറിയയുടെ തെക്കൻ പ്രവിശ്യയായ ദരായിലെ രാഷ്ട്രീയ സുരക്ഷാവിഭാഗം മുൻമേധാവി അതീഫ് നജീബിനും സമാനകേസിൽ വധശിക്ഷയുണ്ട്. ഇടക്കാല സർക്കാർ അധികാരത്തിലെത്തിയശേഷം അസദിനെതിരേയുണ്ടാകുന്ന ആദ്യ വധശിക്ഷാവിധിയാണിത്.

# പിഎസ്‌സി: വ്യാപക ക്രമക്കേടുകളെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പിഎസ്‌സിയിൽ വ്യാപക ക്രമക്കേട് നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭിച്ചതെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ. ലഭിച്ച വിവരങ്ങൾ പലതും പുറത്തുപറയാനാകുന്നതല്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഗൗരവതരമായ അന്വേഷണം നടക്കുന്നത്.

അന്വേഷണം നടക്കുന്നതിനാൽ കൂടുതൽ കാര്യങ്ങൾ പറയാനാകില്ല. ക്രൈംബ്രാഞ്ച് റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികളുണ്ടാകും. ഒമ്പതു വർഷമായി ചെയർമാന്റെ ഔദ്യോഗിക വാഹനത്തിന് യാത്രാരേഖകളില്ലാത്തതും പരിശോധിക്കും.

500 ഒഴിവുകളുള്ളപ്പോഴാണ് എൽപിഎസ്ടി പിഎസ്‌സി പരീക്ഷ നടത്തിയത്. 15,000 പേരുടെ റാങ്ക് പട്ടിക തയാറാക്കി. ആ സമയത്ത് 1131 അധ്യാപകർക്ക് ഡിവിഷൻ ഫാൾ കാരണം ജോലി നഷ്ടപ്പെടുന്ന സ്ഥിതിയായിരുന്നു. അവരെ സംരക്ഷിക്കേണ്ടതിനാൽ ശരിക്കും ഒഴിവുകൾ ഉണ്ടായിരുന്നില്ല. ഇല്ലാത്ത വേക്കൻസിയിലാണ് പരീക്ഷ നടത്തിയത്.

ഇപ്പോൾ നിയമനം യുഡിഎഫ് സർക്കാരിന്റെ ബാധ്യതയായി. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 ആയിരുന്നത് 1:30 ആയി കുറച്ചു. ഇപ്പോൾ 1:25 ആക്കണമെന്നാണ് ആവശ്യം. സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറയുകയാണ്. എൽപിഎസ്ടി സമരക്കാരുമായി മൂന്നുവട്ടം വിദ്യാഭ്യാസ മന്ത്രിയും ഒരു വട്ടം മുഖ്യമന്ത്രിയും ചർച്ച നടത്തി.

പരിഹാരത്തിന് രണ്ടു മാസം സാവകാശം തേടി മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സമരപ്പന്തലിൽ നേരിട്ടെത്തി കത്തു നൽകി. ആറ് റൗണ്ട് സർക്കാർ ഇടപെട്ടു. സമരത്തെ അധിക്ഷേപിക്കുകയോ സമരക്കാരെ കുറ്റപ്പെടുത്തുകയോ അല്ല ചെയ്തതെന്നും മുഖ്യമന്ത്രി പറഞ്ഞു.






# 16-ാമത് KCCNA കൺവൻഷനിൽ 2026-ലെ KCCNA പുരസ്കാരങ്ങൾ വിതരണം ചെയ്തു

ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ അഭിമാനകരമായ 16-ാമത് KCCNA കൺവൻഷനിൽ 2026-ലെ KCCNA Awards പ്രഖ്യാപിക്കുകയും പുരസ്കാര ജേതാക്കളെ ആദരിക്കുകയും ചെയ്തു. സമൂഹത്തിലെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭകളെയും ക്നാനായ സമൂഹത്തിന് ദീർഘകാല സേവനം നല്കിയവരെയും ആദരിക്കുന്നതിനായാണ് ഈ പുരസ്കാരങ്ങൾ നല്കിയത്.

















ഫ്ളോറിഡയിലെ Broward County Convention Center, Fort Lauderdale-ൽ നടന്ന കൺവൻഷന്റെ ഭാഗമായി സംഘടിപ്പിച്ച Awards & Recognition Ceremony-യിൽ KCCNA നേതൃത്വത്തിന്റെ സാന്നിദ്ധ്യത്തിൽ പുരസ്കാരങ്ങൾ സമ്മാനിച്ചു. KCCNA പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കലും ഉൾപ്പെടെയുള്ള ദേശീയ നേതൃത്വത്തിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങ് കൺവൻഷനിലെ ശ്രദ്ധേയമായ പരിപാടികളിലൊന്നായി.

National Excellence Award: ക്നാനായ സമൂഹത്തിന്റെ അഭിമാനമായി ദേശീയ തലത്തിൽ വിവിധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച Sean John Arackaparambil, Jaiden Philip Illikkattil, Judge Rick Mathew Kulangara, Dr. Bejoy Thomas Ettupara, John Pattarukuzhiyil എന്നിവർ National Excellence Award-ന് അർഹരായി.

**ബൈജു ആലപ്പാട്ട്**

കായികം, സംഗീതം, സൈനിക-നിയമ രംഗം, വൈദ്യശാസ്ത്രം, മാധ്യമ-സാഹിത്യ മേഖലകൾ എന്നിവയിലെ ശ്രദ്ധേയമായ നേട്ടങ്ങൾക്കുള്ള അംഗീകാരമായിരുന്നു ഈ പുരസ്കാരം.

Knanaya Young Graduates Award: പഠനരംഗത്തെ മികവിനും നേതൃത്വപാടവത്തിനും സാമൂഹിക ഇടപെടലുകൾക്കും അംഗീകാരമായി Hannah Luke Karippaparambil, Saveena Mary Joseph Vadakkaraparambil, Serena Mathews Kamnachaparambil എന്നിവർ Knanaya Professional Award നേടി.

വിദ്യാഭ്യാസ നേട്ടങ്ങൾക്കൊപ്പം സമൂഹത്തോടുള്ള ഉത്തരവാദിത്വവും യുവതലമുറയുടെ നേതൃത്വശേഷിയും പ്രകടമാക്കിയ ഇവരുടെ നേട്ടങ്ങൾ ചടങ്ങിൽ പ്രത്യേകം അഭിനന്ദിക്കപ്പെട്ടു.

Women Empowerment Award: ക്നാനായ സമൂഹത്തിലെ വനിതാ നേതൃത്വത്തിനും സംഘടനാ പ്രവർത്തനങ്ങൾക്കും നല്കിയ സംഭാവനകൾ പരിഗണിച്ച് Maria Simon Kaitharam-ന് Women Empowerment Award സമ്മാനിച്ചു. യുവജനപ്രവർത്തനങ്ങളിലും സംഘടനാ നേതൃത്വത്തിലും നല്കിയ സംഭാവനകൾ പുരസ്കാരത്തിന് അർഹതയായി.

Knanaya Professional Award: വിദ്യാഭ്യാസം, ഗവേഷണം, പ്രൊഫഷണൽ സേവനം, സംഘടനാ നേതൃത്വം എന്നിവയിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കിയ Dr. Priya Karakkattil-ന് Knanaya Professional Award സമ്മാനിച്ചു.

Knanaya Entrepreneur Award: സംരംഭകത്വ രംഗത്തെ മികവിനും ക്നാനായ

(ശേഷം 28-ാം പേജിൽ)














# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 12–ാമത് വടംവലി മത്സരങ്ങൾ സെപ്റ്റംബർ ആറിന്

ചിക്കാഗോ: സെപ്റ്റംബർ 6-ന് ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിനുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു. കഴിഞ്ഞ 12 വർഷങ്ങളിലായി നിരന്തരം വലിയ സജ്ജീകരണങ്ങളോടെ നടത്തിവരുന്ന ഈ വടംവലിയുടെ ലോകകപ്പിനായി, ഈ വടംവലിക്ക് വർഷങ്ങളായി നേതൃത്വം നല്കി കഴിവ് തെളി

**അനിൽ മറ്റത്തിക്കുന്നേൽ**

യിച്ചിട്ടുള്ള കമ്മിറ്റികൾ തന്നെയാണ് ഇത്തവണയും ടൂർണമെന്റിനെ നയിക്കുന്നത്. പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂത്തേട്ട്, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരുടെ എക്സിക്യൂട്ടീവ് ടീം, സിറിയക് കൂവക്കാട്ടിൽ നേതൃത്വം നല്കുന്ന ടൂർണമെന്റ് കമ്മിറ്റിയോടൊപ്പം ചേർന്ന് വടംവലി മത്സരങ്ങളുടെ വിജയത്തിനായി പ്രവർത്തിക്കും.


സോഷ്യൽ ക്ലബ് മുൻ പ്രസിഡണ്ടായും നിരവധി തവണ ടൂർണമെന്റ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ച പരിചയസമ്പന്നതയുമാണ് സിറിയക് കൂവക്കാട്ടിൽ ഇത്തവണയും ചെയർമാനായി ടൂർണമെന്റ് കമ്മിറ്റിക്ക് നേതൃത്വം നല്കുന്നത്. മാനി കരികുളം വൈസ് ചെയർമാനായും സ്റ്റീഫൻ കിഴക്കേക്കുറ്റ് ജനറൽ കൺവീനറായും പ്രവർത്തിക്കുന്നു. ഫിനാൻസ് കമ്മിറ്റിക്ക് ബിനു കൈതക്കത്തൊട്ടിയിൽ നേതൃത്വം നല്കും. ഇന്ത്യ ഫുഡ്ഫെസ്റ്റ് കമ്മിറ്റിക്ക് നേതൃത്വം നല്കുന്നത് ജോസ് മണക്കാട്ടാണ്.

സാബു പടിഞ്ഞാറേൽ (അക്കോമഡേഷൻ കമ്മിറ്റി), സിബി കൈതക്കത്തൊട്ടിയിൽ (എന്റർടൈൻമെന്റ് കമ്മിറ്റി), പോൾസൺ കുളങ്ങര (ഫെസിലിറ്റി കമ്മിറ്റി), സൈമൺ ചക്കാലപ്പടവിൽ (ഹോസ്പിറ്റാലിറ്റി), മനോജ് വഞ്ചിയിൽ (ഓഡിയോ വിഷ്വൽ), അഭിലാഷ് നെല്ലാമറ്റം (രജിസ്ട്രേഷൻ), സാജു കണ്ണമ്പള്ളി (മീഡിയ), തമ്പി ചെമ്മാച്ചേൽ (സെക്യൂരിറ്റി), ജിബി കൊല്ലപ്പള്ളി (ബ്ലീച്ചേഴ്സ്), റൊണാൾഡ് പൂക്കുമ്പേൽ (കമന്ററി), അലക്സ് പടിഞ്ഞാറേൽ (ഫസ്റ്റ് എയ്ഡ്), ബെന്നി പടിഞ്ഞാറേൽ (ഫുഡ്), സ്റ്റീഫൻ കിഴക്കേക്കുറ്റ് (പ്രൊസഷൻ), ജസ്മോൻ പുറമഠത്തിൽ (റെഫെറിങ് ആൻഡ് റൂൾസ്), ബൈജു കുന്നേൽ (ടൈം മാനേജ്മെന്റ്), സണ്ണി കണ്ണാലയിൽ (ട്രാൻസ്പോർട്ട്), സിബി കദളിമറ്റം & റോണി തോമസ് (ട്രോഫി), സജി മുല്ലപ്പള്ളിൽ & രാജു മാനുങ്കൽ (യൂണിഫോം), ബിജു പെരികലം (വെയിറ്റ് മെഷർമെന്റ്) എന്നിവരും വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കുന്നു.

ആഗോളതലത്തിൽ തന്നെ മലയാളി വടംവലി ടൂർണമെന്റുകളുടെ രാജാവ്, ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുക നല്കപ്പെടുന്ന വടംവലി ടൂർണമെന്റ് എന്നിങ്ങനെ പല വിശേഷണങ്ങളിൽ അറിയപ്പെടുന്ന ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരങ്ങൾ ഇത്തവണ ചിക്കാഗോയ്ക്കടുത്ത് ബെൻസൺവില്ലിലുള്ള എനർജി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലാണ് നടത്തപ്പെടുക. പതിവുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി ടീമുകൾ ഇത്തവണയും ടൂർണമെന്റിൽ പങ്കെടുക്കുമെന്നും സെപ്റ്റംബർ 6-ന് ഈ ടൂർണമെന്റിൽ പങ്കെടുക്കുവാനും സാക്ഷികളാകുവാനും ഏവരെയും ക്ഷണിക്കുന്നതായും സംഘാടക സമിതിക്കു വേണ്ടിക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.




# പിസിഎൻഎകെ 2028 ദേശീയ യംഗ് അഡൾട്സ് കോ–ഓർഡിനേറ്ററായി മാത്യു ജോഷ്വ നിയമിതനായി




**ഫിന്നി രാജു, ഹൂസ്റ്റൺ**

ഹൂസ്റ്റൺ: ഒക്‌ലഹോമ സിറ്റിയിൽ നടക്കുന്ന 41-ാമത് പി.സി.എൻ.എ.കെ ദേശീയ സമ്മേളനത്തിന്റെ ദേശീയ യംഗ് അഡൾട്സ് കോ-ഓർഡിനേറ്ററായി ഹൂസ്റ്റണിലെ മാത്യു ജോഷ്വ (ബോബി) നിയമിതനായി.

പിസിഎൻഎകെയുടെ ചരിത്രത്തിൽ ആദ്യമായാണ് യംഗ് അഡൾട്സ് വിഭാഗത്തിന് പ്രത്യേക പ്രാധാന്യം നല്കി ദേശീയതലത്തിൽ കോ-ഓർഡിനേറ്റർ പദവി ഏർപ്പെടുത്തുന്നത്. യുവതലമുറയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആത്മീയവളർച്ച, കൂട്ടായ്മ, നേതൃത്വ വികസനം എന്നിവയ്ക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനുമാണ് പുതിയ പദവി.

ഐപിസി ഹെബ്രോൺ ഹൂസ്റ്റൺ സഭാംഗമായ മാത്യു ജോഷ്വ യുവജന, കുടുംബ, സെൽ ഗ്രൂപ്പ് ശുശ്രൂഷകളിൽ വർഷങ്ങളായി സജീവ സാന്നിദ്ധ്യമാണ്. പി.സി.എൻ.എ.കെ 2024 ഹൂസ്റ്റൺ ദേശീയ സമ്മേളനത്തിന്റെ ഇംഗ്ലീഷ് ലോക്കൽ കോ-ഓർഡിനേറ്ററായി ശ്രദ്ധേയമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ പ്രീതയ്ക്കൊപ്പം വർഷങ്ങളായി സഭയിലെ സെൽ ഗ്രൂപ്പ് ശുശ്രൂഷയിൽ നേതൃത്വം നല്കുന്ന മാത്യു ജോഷ്വ മൂന്നു പെൺമക്കളുടെ പിതാവാണ്. വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിലും സജീവമാണ്.

നിലവിൽ Wolters Kluwer സ്ഥാപനത്തിൽ മാനേജർ-എന്റർപ്രൈസ് സോഫ്റ്റ്‌വെയർ എൻജിനീയറിംഗ് ആൻഡ് ഡെവ്ഓപ്സ് ആയി സേവനമനുഷ്ഠിക്കുന്നു.

മാത്യു ജോഷ്വായുടെ ശുശ്രൂഷാ പരിചയവും നേതൃത്വപാടവവും യുവതലമുറയോടുള്ള പ്രതിബദ്ധതയും പിസിഎൻഎകെ 2028 ദേശീയ സമ്മേളനത്തിലെ യംഗ് അഡൾട്സ് പ്രവർത്തനങ്ങൾക്ക് കരുത്താകുമെന്ന് പിസിഎൻഎകെ 2028 നാഷണൽ ഇംഗ്ലീഷ് കോ-ഓർഡിനേറ്റർ പാസ്റ്റർ ഡാവിൻ ഡാനിയേൽ പറഞ്ഞു.








KERALA EXPRESS പ്രവാസി താളുകൾ

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ പുതിയ സൺഡേ സ്കൂൾ കെട്ടിടത്തിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ്




**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയുടെ പുതിയ സൺഡേ സ്കൂൾ കെട്ടിടത്തിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ് കർമ്മം ഓഗസ്റ്റ് 9-ന് ഞായറാഴ്ച രാവിലെ 8.45-ന് നടന്നു. ഇന്ത്യയിലെ മിയാവോ രൂപതാ മെത്രാൻ മാർ ജോർജ് പള്ളിപ്പറമ്പിൽ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. അറ്റോർണി ഫിലോൺ ട്രാൻ, മുൻ സിറ്റി കൗൺസിൽ അംഗം ജെഫ്രി ബോണി, ഹണ്ടിംഗ്ടൺ ബാങ്ക് പ്രതിനിധി ആഷ് പുതുച്ചിറയിൽ, ഫോർസൈറ്റ് ഡെവലപ്പേഴ്സ് പ്രസിഡണ്ട് അനീഷ് സൈമൺ എന്നിവരായിരുന്നു വിശിഷ്ടാതിഥികൾ.

ഗ്രൗണ്ട് ബ്രേക്കിംഗ് കർമ്മത്തിന് മുന്നോടിയായി മാർ ജോർജ് പള്ളിപ്പറമ്പിൽ, വികാരി ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ജോഷി വലിയവീട്ടിൽ എന്നിവരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ജാസിം ജേക്കബ് തയ്യിൽപുത്തൻപുരയിൽ അതിഥികളെ പരിചയപ്പെടുത്തുകയും ഏവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു.

പുതിയ കെട്ടിടത്തിന് "ഹൊറൈസൺ സെന്റർ" എന്ന് നാമകരണം ചെയ്തതായി വികാരി ഫാ. അബ്രാഹം മുത്തോലത്ത് അറിയിച്ചു. ട്രസ്റ്റി കോ-ഓർഡിനേറ്റർ സജി മരങ്ങാട്ടിൽ നന്ദി രേഖപ്പെടുത്തി. കാറ്റക്കിസം ഡയറക്ടർ ജോൺസൺ വട്ടമറ്റത്തിൽ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു.

ഫാ. ജോഷി വലിയവീട്ടിൽ, ഫണ്ട്റൈസിംഗ് കോ-ഓർഡിനേറ്റർ ഡാനി വെണ്ണിലശ്ശേരി, സിസ്റ്റർ റെജി, ട്രസ്റ്റിമാരായ സജി മരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, നിധിൻ വട്ടമറ്റത്തിൽ, പാസ്റ്ററൽ കോ-ഓർഡിനേറ്റർ ബിബി തെക്കനാട്ട് എന്നിവർ പരിപാടികളുടെ ഏകോപനം നിർവ്വഹിച്ചു. ചടങ്ങിൽ പങ്കെടുത്ത ഏവർക്കും പരമ്പരാഗത ഭക്ഷണവിഭവങ്ങളായ പിടിയും കോഴിക്കറിയും അടങ്ങിയ ഭക്ഷണം വിതരണം ചെയ്തു.

കുട്ടികളുടെ വിശ്വാസ രൂപീകരണത്തിനും ഇടവകയുടെ വിവിധ പാസ്റ്ററൽ പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമായ ഒന്നാണ് ഈ പുതിയ സൺഡേ സ്കൂൾ കെട്ടിടം.

പ്രാർത്ഥനകൾ, പ്രോത്സാഹനം, സാമ്പത്തിക സംഭാവനകൾ, സന്നദ്ധസേവനം എന്നിവയിലൂടെ ഈ പദ്ധതിയെ പിന്തുണച്ച എല്ലാ കുടുംബങ്ങൾക്കും വ്യക്തികൾക്കും വികാരി ഫാ. അബ്രാഹം മുത്തോലത്ത് നന്ദി അറിയിച്ചു.






















# പ്രവാസികൾ നിക്ഷേപത്തിനൊപ്പം അറിവും, അനുഭവ സമ്പത്തും കേരളത്തിനായി വിനിയോഗിക്കണം: ചീഫ് വിപ്പ് അപു ജോൺ ജോസഫ്



**തൊടുപുഴയുടെ ജനപ്രതിനിധിയായി അധികാരത്തിൽ വന്ന ശേഷം ഏറ്റവും മികച്ച വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച എം.എൽ.എയും ചീഫ് വിപ്പുമായ അപു ജോൺ ജോസഫ് ഹ്രസ്വസന്ദർശനത്തിനായി അമേരിക്കയിൽ എത്തിയപ്പോൾ കേരളാ എക്സ്പ്രസിന് നൽകിയ അഭിമുഖം.**

**തയ്യാറാക്കിയത്: ജോസ് കണിയാലി**

**ആദ്യമായി മത്സരരംഗത്ത് വന്നതിന്റെ അനുഭവം?**

ഇലക്ഷൻ അടുത്തുവരുന്ന സമയത്ത് ഞാൻ മത്സരരംഗത്തുണ്ടാകാനുള്ള സാധ്യതയെക്കുറിച്ച് പല സ്ഥലങ്ങളിലും സംസാരമുണ്ടായിരുന്നു. അതിനിടയിലാണ് അപ്പച്ചൻ വീണ്ടും മത്സരിക്കുമെന്ന വാർത്തയും ഉയർന്നുവന്നത്. എന്നാൽ പിന്നീട് അപ്പച്ചൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നിന്ന് വിരമിക്കുകയാണെന്ന് പ്രഖ്യാപിക്കുകയും, തുടർന്ന് എന്നെ സ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കുകയുമായിരുന്നു. അങ്ങനെയാണ് ഞാൻ ആദ്യമായി മത്സരരംഗത്തേക്ക് എത്തുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം, തൊടുപുഴ നിയോജക മണ്ഡലത്തിൽ പി.ജെ. ജോസഫിന്റെ മകൻ എന്നത് തീർച്ചയായും ഒരു വലിയ അഡ്വാന്റേജായിരുന്നു. ആളുകൾ എന്നെ വളരെ സ്നേഹത്തോടെയും വലിയ സ്വീകാര്യതയോടെയുമാണ് സ്വീകരിച്ചത്. സാധാരണയായി ഒരു രാഷ്ട്രീയക്കാരന്റെ മകൻ രാഷ്ട്രീയത്തിലേക്ക് വരുമ്പോൾ 'മക്കൾ രാഷ്ട്രീയം' എന്ന തരത്തിലുള്ള വിമർശനങ്ങളും പരിഹാസങ്ങളുമൊക്കെ ഉയരാറുണ്ട്. എന്നാൽ എന്റെ കാര്യത്തിൽ അത്തരമൊരു ആരോപണം കാര്യമായി ഉയർന്നിരുന്നില്ല എന്നതാണ് സത്യം. കാരണം, ആളുകൾ ഇരുകൈയും നീട്ടി എന്നെ സ്വീകരിക്കുകയായിരുന്നു.

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പോകുമ്പോൾ പ്രായമായ പലരും എന്റെ കൈപിടിച്ച് പറയുമായിരുന്നു: "നീ ഔസേപ്പച്ചന്റെ മകനല്ലേ... നീ പറഞ്ഞില്ലെങ്കിലും ഞങ്ങൾ വോട്ട് ചെയ്യും." ആ വാക്കുകളിൽ എനിക്ക് ലഭിച്ചത് ഒരു സ്ഥാനാർത്ഥിയെന്ന നിലയിലുള്ള പിന്തുണ മാത്രമായിരുന്നില്ല; അപ്പച്ചനോടുള്ള അവരുടെ വർഷങ്ങളായുള്ള സ്നേഹവും വിശ്വാസവും കൂടിയായിരുന്നു. ചെറുപ്പക്കാരിൽ നിന്നുപോലും വളരെ പോസിറ്റീവായ പ്രതികരണമാണ് ലഭിച്ചത്.

അപ്പച്ചന് തൊടുപുഴയുടെ മനസ്സിൽ ഉണ്ടായിരുന്ന സ്ഥാനം അത്ര വലുതായിരുന്നു. തൊടുപുഴയെ തൊടുപുഴയാക്കി മാറ്റുന്നതിൽ ജോസഫ് സാറിന്റെ പങ്ക് അത്രമേൽ വലുതായിരുന്നു. അതുകൊണ്ടുതന്നെ, ഇവിടുത്തെ ജനങ്ങളുടെ മനസ്സിൽ അപ്പച്ചന് എത്രത്തോളം ആഴത്തിലുള്ള സ്ഥാനമാണുള്ളതെന്ന് എനിക്ക് നേരിട്ട് തിരിച്ചറിയാൻ കഴിഞ്ഞത്, ഞാൻ ആദ്യമായി തെരഞ്ഞെടുപ്പ് രംഗത്തേക്ക് ഇറങ്ങിയ ആ അവസരത്തിലായിരുന്നു.

**ഇത്രയും വലിയൊരു ഭൂരിപക്ഷം പ്രതീക്ഷിച്ചിരുന്നോ?**

തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഓരോ മണ്ഡലങ്ങളിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ യു.ഡി.എഫ് ഒരു വിലയിരുത്തൽ യോഗം ചേർന്നിരുന്നു. അന്ന് അവരുടെ കണക്കുകൂട്ടൽ, ഏകദേശം 37,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഞാൻ വിജയിക്കുമെന്നായിരുന്നു. അതേസമയം, ഇടതുപക്ഷത്തിന്റെ വിലയിരുത്തലിലും അവർ ഏകദേശം 10,000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നായിരുന്നു കണക്കുകൂട്ടൽ.

എന്നാൽ, വോട്ടെണ്ണൽ പൂർത്തിയായപ്പോൾ ഫലം പുറത്തുവന്നത് ഞങ്ങളെപ്പോലും അമ്പരപ്പിക്കുന്നതായിരുന്നു. 44,291 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഞാൻ വിജയിച്ചത്. ആകെ 84,000-ത്തിലധികം വോട്ടുകളാണ് എനിക്ക് ലഭിച്ചത്. തൊടുപുഴയുടെ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ആദ്യമായാണ് ഒരു സ്ഥാനാർത്ഥിക്ക് 80,000-ത്തിലധികം വോട്ടുകൾ ലഭിക്കുന്നത്.

എന്നാൽ ആ വലിയ ഭൂരിപക്ഷത്തേക്കാളും എന്നെ വ്യക്തിപരമായി സന്തോഷിപ്പിച്ച മറ്റൊരു കാര്യമുണ്ട്. എന്റെ വീടിരിക്കുന്ന ബൂത്തിൽ പോലും 450 വോട്ടിന്റെ ഭൂരിപക്ഷം എനിക്ക് ലഭിച്ചു. എന്നെ ഏറ്റവും അടുത്തറിയുന്ന, എന്റെ നാട്ടുകാരും അയൽക്കാരുമൊക്കെയുള്ള ആ ബൂത്തിൽനിന്ന് ലഭിച്ച ആ പിന്തുണ എനിക്ക് ഏറെ ഹൃദയസ്പർശിയായ അനുഭവമായിരുന്നു. ആ 450 വോട്ടുകൾ എനിക്ക് ഒരു വിജയത്തിന്റെ കണക്കുമാത്രമായിരുന്നില്ല; എന്നോടുള്ള നാട്ടുകാരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായിരുന്നു.

**ജോസഫ് സാറിനെ പോലെ തന്നെ നല്ലൊരു ഗായകൻ കൂടിയാണല്ലോ. അമേരിക്കയിലെ പല വേദികളിലും സാർ പാട്ടുകൾ പാടുന്നത് കണ്ടിട്ടുണ്ട്. സംഗീതം ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഗുണം ചെയ്തിട്ടുണ്ടോ?**

തീർച്ചയായും, സംഗീതം ഒരുപാട് ഗുണം ചെയ്തിട്ടുണ്ട്. നമ്മൾ ഒരു പൊതുയോഗത്തിൽ സംസാരിക്കുമ്പോൾ പലപ്പോഴും ഒരേ കാര്യങ്ങൾ തന്നെയാണ് ആവർത്തിച്ച് പറയുന്നത്. ഒരു ഘട്ടമെത്തുമ്പോൾ അത് കേൾക്കുന്നവരിൽ സ്വാഭാവികമായും ഒരു മടുപ്പ് ഉണ്ടാകാം. അത്തരമൊരു സാഹചര്യത്തിൽ പെട്ടെന്ന് ഒരു പാട്ടിലേക്ക് മാറുമ്പോൾ, അത് ആളുകൾക്ക് ഒരു പുതുമയും ഉണർവും നൽകും. ഒരു തരത്തിൽ അതൊരു വിനോദം കൂടിയാണ്.

പാട്ടിന് മനുഷ്യരുടെ മനസ്സിൽ എപ്പോഴും ഒരു പ്രത്യേക സ്ഥാനമുണ്ട്. അതുകൊണ്ടുതന്നെ, വലിയ മികവൊന്നുമില്ലെങ്കിലും കേൾക്കാൻ ഇമ്പമുള്ള ഒരു പാട്ട് പാടാൻ കഴിഞ്ഞാൽ പോലും, അത് കേൾക്കുന്നവരിൽ ഒരു നല്ല പോസിറ്റീവ് ഇംപാക്ട് ഉണ്ടാക്കും. വാക്കുകൾക്ക് ചിലപ്പോൾ എത്തിപ്പെടാൻ കഴിയാത്തിടത്ത് സംഗീതത്തിന് എത്തിപ്പെടാൻ കഴിയും എന്നതാണ് അതിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ടുതന്നെ, എന്റെ പൊതുപ്രവർത്തനങ്ങളിലും സംഗീതം ഒരു തരത്തിൽ എനിക്ക് സഹായകമായിട്ടുണ്ട്.

**പ്രാദേശികചെറുകിട പാർട്ടികളൊക്കെ പതിയെ പതിയെ അപ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ കേരള കോൺഗ്രസിനുണ്ടായ വിജയത്തെ എങ്ങനെ നോക്കിക്കാണുന്നു?**

കേരള കോൺഗ്രസിന് വലിയ വിജയം ഉണ്ടായി എന്ന് പറയുമ്പോഴും, മറ്റൊരു കേരള കോൺഗ്രസിന് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. ശ്രീ. പി.ജെ. ജോസഫ് നേതൃത്വം നൽകുന്ന കേരള കോൺഗ്രസ് മത്സരിച്ച എട്ട് സീറ്റുകളിൽ ഏഴിലും വിജയിച്ചു എന്നത് തീർച്ചയായും ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. അതേസമയം, മറ്റൊരു കേരള കോൺഗ്രസ് 12 സീറ്റുകളിൽ മത്സരിച്ചെങ്കിലും ഒന്നിൽപ്പോലും വിജയിക്കാനായില്ല.

അതുകൊണ്ടുതന്നെ, എന്റെ കാഴ്ചപ്പാടിൽ കേരള കോൺഗ്രസിന് മൊത്തത്തിൽ ഉണ്ടായത് പൂർണമായ ഒരു ആരോഗ്യകരമായ വളർച്ചയാണെന്ന് പറയാൻ കഴിയില്ല. എന്നാൽ, കേരള കോൺഗ്രസിനെപ്പോലുള്ള പ്രാദേശിക പാർട്ടികൾ നിലനിൽക്കേണ്ടത് കേരളത്തിന്റെ തന്നെ പ്രാദേശിക ആവശ്യകതയാണ്.

പ്രത്യേകിച്ച് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ, ആ വിഷയങ്ങൾക്ക് ഒരു പ്രാദേശിക പാർട്ടി നൽകുന്ന പ്രാധാന്യവും ഊന്നലും പലപ്പോഴും ദേശീയ പാർട്ടികൾക്ക് നൽകാൻ കഴിയണമെന്നില്ല. ദേശീയ പാർട്ടികൾക്ക് അവരുടേതായ വിശാലമായ ദേശീയ നയങ്ങളും കാഴ്ചപ്പാടുകളുമുണ്ട്. അതിനാൽ തന്നെ, ഓരോ സംസ്ഥാനത്തിന്റെയും സവിശേഷമായ സാഹചര്യങ്ങളും ആവശ്യങ്ങളും ഉയർത്തിപ്പിടിക്കാൻ പ്രാദേശിക പാർട്ടികൾക്ക് വലിയൊരു പങ്കുണ്ട്.

തീർച്ചയായും, ഈ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസിന് ഉജ്ജ്വലമായ നേട്ടം കൈവരിക്കാൻ സാധിച്ചു. പാർട്ടിയുടെ ശക്തികേന്ദ്രങ്ങളിലെല്ലാം തന്നെ വിജയിക്കാനായി. ഇന്ന് ആറ് ജില്ലകളിൽ പാർട്ടിക്ക് ജനപ്രതിനിധികളുണ്ട്. തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ. ഈ മേഖലകളിലെല്ലാം ഇനി കൂടുതൽ ശക്തമായ മുന്നേറ്റം നടത്താനുള്ള ഒരു മികച്ച അടിത്തറയാണ് ഈ വിജയം പാർട്ടിക്ക് ഒരുക്കിയിരിക്കുന്നത്.

ഇനി ഈ നേട്ടത്തെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം, പാർട്ടിയെ എങ്ങനെ കൂടുതൽ ശക്തിപ്പെടുത്തണം എന്നത് വിജയിച്ചുവന്ന എം.എൽ.എമാരുടെയും പാർട്ടിയിൽ പ്രവർത്തിക്കുന്ന ഓരോ അംഗത്തിന്റെയും ഉത്തരവാദിത്തമാണ്. തെരഞ്ഞെടുപ്പ് വിജയം ഒരു അവസാനമല്ല; അതിനപ്പുറത്തേക്കുള്ള യാത്രയ്ക്കുള്ള ഒരു പുതിയ തുടക്കമാണ്.

**വാസ്തവത്തിൽ കേരള കോൺഗ്രസ് ഒന്നായി പ്രവർത്തിക്കുകയാണെങ്കിൽ, ഒരു വലിയ ശക്തിയായി തന്നെ പാർട്ടിക്ക് കേരളത്തിൽ നിലനിൽക്കാൻ സാധിക്കില്ലേ?**

തീർച്ചയായും സാധിക്കും. അതുകൊണ്ടുതന്നെയാണല്ലോ മാണിസാർ കേരള കോൺഗ്രസിനെ ഒന്നിപ്പിക്കാൻ ശ്രമിച്ചത്. ആ സമയത്ത് കേരള കോൺഗ്രസ് 15 സീറ്റുകളിലാണ് മത്സരിച്ചത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, അതിൽ എട്ട് സീറ്റുകളിൽ വിജയിക്കുകയും ചെയ്തു. അന്ന് പാർട്ടിക്ക് രണ്ട് മന്ത്രിസ്ഥാനങ്ങളും ഒരു ചീഫ് വിപ്പ് സ്ഥാനവും ലഭിച്ചിരുന്നു. മാത്രമല്ല, കേരളത്തിലെ മൂന്ന് നാല് ജില്ലകളിൽ കേരള കോൺഗ്രസ് ഒരു നിർണായക രാഷ്ട്രീയശക്തിയായി മാറുകയും ചെയ്തു.

ആ ഒരു ശക്തി തന്നെ മുന്നോട്ടും നിലനിർത്തണമെന്ന ലക്ഷ്യത്തോടെ, പാർട്ടി പിളരാതെ, നേതൃത്വത്തെ മാനിച്ചുകൊണ്ടുള്ള ഒരു സമീപനം എല്ലാവരും സ്വീകരിച്ചിരുന്നെങ്കിൽ കേരള കോൺഗ്രസ് ഇന്നും കൂടുതൽ ശക്തിയോടെ ഒന്നായി നിലനിന്നേനെയെന്ന് ഞാൻ വിശ്വസിക്കുന്നു.

**ഭാവിയിൽ കേരള കോൺഗ്രസ് ഒന്നിക്കാനുള്ള സാധ്യതയുണ്ടോ?**

ഒന്നിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തന്നെ പറഞ്ഞിരുന്നു. മാണിസാർ വളർത്തിയെടുത്ത പാർട്ടി അങ്ങനെ നശിച്ചുപോകേണ്ട ഒന്നല്ല. കേരളത്തിൽ ശക്തമായി നിലനിൽക്കേണ്ട ഒരു രാഷ്ട്രീയ പ്രസ്ഥാനമാണത്.

ഒരു നാടിന്റെ രാഷ്ട്രീയ സന്തുലിതാവസ്ഥ നിലനിർത്തണമെങ്കിൽ ഭരണപക്ഷത്തിനൊപ്പം ശക്തമായ ഒരു പ്രതിപക്ഷവും അനിവാര്യമാണ്. ശക്തമായ പ്രതിപക്ഷമില്ലെങ്കിൽ, ഭരണകൂടത്തിന് സംഭവിക്കുന്ന വീഴ്ചകൾ ചൂണ്ടിക്കാണിക്കാനോ അതിനെതിരെ ശക്തമായി പ്രതികരിക്കാനോ കഴിയാതെ വരും. അത്തരമൊരു സാഹചര്യം ജനാധിപത്യത്തിന്റെ ആരോഗ്യത്തിന് തന്നെ നല്ലതല്ല. കേരളം ഒരു 'നാഥനില്ലാ കളരി' പോലെയോ ഏകാധിപത്യത്തിന്റെ വഴിയിലേക്കോ വഴുതിപ്പോകുന്ന അവസ്ഥ ഉണ്ടാകാനും അത് കാരണമാകും.

അതുകൊണ്ടുതന്നെ, നിലവിലെ സാഹചര്യത്തിൽ കേരള കോൺഗ്രസിന്റെ വിവിധ വിഭാഗങ്ങൾ ഒന്നിക്കുന്നത് എത്രത്തോളം പ്രായോഗികമാണെന്നത് പരിശോധിക്കേണ്ടതുണ്ട്. പക്ഷേ, ഭാവിയിൽ പാർട്ടിക്കുള്ളിൽ സമാന ചിന്താഗതിയുള്ളവർ ഒരുമിച്ചുവന്ന് ഒരു കുടക്കീഴിൽ അണിനിരക്കുകയാണെങ്കിൽ, അത് പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു വലിയ ചുവടുവയ്പ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.



**മുഖ്യമന്ത്രി വി.ഡി. സതീശനെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

വി.ഡി. സതീശൻ നല്ല അറിവും വിശാലമായ കാഴ്ചപ്പാടുമുള്ള വ്യക്തിയാണ്. വായനയിലൂടെയും അനുഭവങ്ങളിലൂടെയും അദ്ദേഹം ഒരുപാട് അറിവുകൾ നേടിയിട്ടുണ്ട്. അതോടൊപ്പം, മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിനനുസരിച്ചുള്ള പുതുമയാർന്നതും കാലികവുമായ കാഴ്ചപ്പാടുകളും അദ്ദേഹത്തിനുണ്ട്.

ഇക്കഴിഞ്ഞ ബജറ്റ് ശ്രദ്ധിച്ചാൽ തന്നെ ഇത് വ്യക്തമാകും. 'ജെൻസി' എന്ന ആശയം ബജറ്റിന്റെ വിവിധ ഭാഗങ്ങളിൽ പരാമർശിക്കുന്നുണ്ട്. യുവജനങ്ങളെയും ഭാവിയിലെ നൂതന സാങ്കേതികവിദ്യകളെയും കേന്ദ്രീകരിച്ച് കേരളത്തിലെ തൊഴിൽസാധ്യതകൾ വർധിപ്പിക്കുന്നതിനും വാണിജ്യവ്യവസായ മേഖലകളുടെ സാധ്യതകൾ കൂടുതൽ വികസിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന ബജറ്റായിരുന്നു അത്.

പോർട്ട് സിറ്റികൾ, മെഡിക്കൽ ടൂറിസം, ഗ്രേ എക്കണോമി അതായത് പ്രായമായവരുടെ കൈവശമുള്ള സ്വത്തും സമ്പാദ്യവും എങ്ങനെ നിക്ഷേപങ്ങളാക്കി മാറ്റാം എന്നതിനെക്കുറിച്ചുള്ള ആശയങ്ങൾതുടങ്ങി പുതിയ തലമുറയ്ക്കായി തുറന്നുകിടക്കുന്ന വിവിധ സാധ്യതകൾ വരെ ഉൾക്കൊള്ളുന്ന സമഗ്രമായ കാഴ്ചപ്പാടാണ് അദ്ദേഹം ബജറ്റിലൂടെ മുന്നോട്ടുവച്ചത്.

അതുകൊണ്ടുതന്നെ, അദ്ദേഹം നടത്തിയ 'നവയുഗ യാത്ര' എന്നത് കേവലം ഒരു രാഷ്ട്രീയ യാത്രയായി മാത്രമല്ല ഞാൻ കാണുന്നത്. കേരളത്തെ ഒരു പുതിയ യുഗത്തിലേക്ക് കൈപിടിച്ചുയർത്താൻ കഴിയുന്ന ദീർഘവീക്ഷണമുള്ള ഒരു മുഖ്യമന്ത്രിയായാണ് ഞാൻ വി.ഡി. സതീശനെ കാണുന്നത്.

**തൊടുപുഴയുടെ വികസന തുടർച്ചയെക്കുറിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതികളുണ്ടോ?**

കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ തന്നെ സംസ്ഥാനത്തെ മുൻനിര നിയോജകമണ്ഡലങ്ങളിലൊന്നാണ് തൊടുപുഴ. ഈ ചെറിയ പട്ടണത്തിൽ തന്നെ ഇന്ന് എട്ട് ബൈപ്പാസുകളുണ്ട്. ഒൻപതാമത്തെ ബൈപ്പാസിന്റെ നിർമാണവും ഇപ്പോൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇനി മുന്നോട്ടുള്ള ലക്ഷ്യം, ഈ അടിസ്ഥാനസൗകര്യങ്ങളെല്ലാം തൊഴിലും ഉൽപാദനവും സൃഷ്ടിക്കുന്ന മേഖലകളാക്കി മാറ്റുക എന്നതാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ ഇവിടെ ത്തന്നെ പിടിച്ചുനിർത്തുകയും അവർക്ക് ഇവിടെത്തന്നെ തൊഴിൽ കണ്ടെത്താനുള്ള അവസരങ്ങൾ ഒരുക്കുകയും വേണം.

തൊടുപുഴയിൽനിന്ന് വിമാനത്താവളത്തിലേക്ക് ഒരു മണിക്കൂർ മാത്രമാണ് യാത്ര. അടുത്ത റെയിൽവേ സ്റ്റേഷൻ ആലുവയിലാണ്. മികച്ച റോഡുകളുണ്ട്. വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കുന്ന പുഴയുണ്ട്. വൈദ്യുതി സൗകര്യമുണ്ട്. നാലോ അഞ്ചോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുണ്ട്. എൻജിനീയറിങ് കോളേജും മെഡിക്കൽ കോളേജുമുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ നോക്കുമ്പോൾ ഒരു ഇൻഡസ്ട്രിയൽ സിറ്റിയായി വളരാനുള്ള എല്ലാ സാധ്യതകളും തൊടുപുഴയ്ക്കുണ്ട്. അതുകൊണ്ടുതന്നെ വലിയ തോതിൽ നിക്ഷേപം ആകർഷിക്കാനുള്ള പശ്ചാത്തലവും ഈ നിയോജകമണ്ഡലത്തിനുണ്ട്.

ഞാൻ തെരഞ്ഞെടുപ്പ് കാലത്ത് മുന്നോട്ടുവച്ച ഒരു ആശയമാണ് 'ഫിലിം കം നോളജ് സിറ്റി'. തൊടുപുഴയിൽ ഇതുവരെ ഏകദേശം 600 സിനിമകൾ ചിത്രീകരിച്ചിട്ടുണ്ട്. ഇവിടെ പ്രീ-പ്രൊഡക്ഷനും പോസ്റ്റ്-പ്രൊഡക്ഷനും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞാൽ, ഒരു സിനിമയുടെ തുടക്കം മുതൽ റിലീസ് വരെയുള്ള പ്രവർത്തനങ്ങൾ തൊടുപുഴയിൽത്തന്നെ നടത്താൻ കഴിയും. സിനിമാ മേഖലയിലുള്ളവർക്ക് താമസവും ഭക്ഷണവും മറ്റ് ആവശ്യമായ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാൻ കഴിഞ്ഞാൽ, അതിലൂടെ വലിയൊരു തൊഴിൽമേഖല തന്നെ ഇവിടെ സൃഷ്ടിക്കാനാകും.

**പുതിയ പ്രോജക്ടുകൾ എന്തെങ്കിലും ആരംഭിക്കാൻ കഴിഞ്ഞോ?**

തീർച്ചയായും. ഇക്കഴിഞ്ഞ ദിവസമാണ് ഒരു പ്രധാന പദ്ധതിക്ക് പുതിയ അപ്രൂവൽ ലഭിച്ചത്. 220 കെ.വി.എയുടെ ഒരു സബ്സ്റ്റേഷൻ തൊടുപുഴയിൽ ആരംഭിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചത്. ഇതിനായി കെ.എസ്.ഇ.ബി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കും.

അതുപോലെ, പുതിയൊരു സ്റ്റേഡിയം നിർമിക്കുന്നതിനായി കഴിഞ്ഞ ബജറ്റിൽ ഒരു കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. തൊടുപുഴയുടെ ഗതാഗതസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി രണ്ട് പുതിയ ബൈപ്പാസുകളും വരികയാണ്. ഒന്ന് മുതലക്കോടം ടൗണിനെ ഒഴിവാക്കിയുള്ള ബൈപ്പാസും മറ്റൊന്ന് മുട്ടം ഭാഗത്തുമാണ്.

ഇതിനു പുറമെ, തൊടുപുഴയുടെ അടിസ്ഥാന സൗകര്യ വികസനവും ഭാവിയിലെ ആവശ്യങ്ങളും കണക്കിലെടുത്ത് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഓരോ പദ്ധതിയും ഘട്ടംഘട്ടമായി നടപ്പാക്കുകയാണ് ലക്ഷ്യം. തൊടുപുഴയുടെ വികസനത്തിന് ഒരു ദീർഘകാല കാഴ്ചപ്പാടോടെയാണ് മുന്നോട്ടുപോകുന്നത്.

**ഈ ട്രിപ്പിൽ ഫൊക്കാനാ കൺവെൻഷനിലും കെ.സി.സി.എൻ.എയുടെ കൺവെൻഷനിലും പങ്കെടുത്തല്ലോ. എന്തു തോന്നുന്നു?**

നാട്ടിൽ ഒരുപാട് കാര്യങ്ങൾ ചെയ്യണമെന്ന ആഗ്രഹത്തോടെ കഴിയുന്ന നിരവധി പ്രവാസി മലയാളികൾ ഇവിടെയുണ്ട്. സാധാരണയായി നാട്ടിലെത്തുമ്പോൾ സാമ്പത്തികമായി സഹായിക്കുക, വീടുകൾ നിർമിച്ചുനൽകുക, കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായം നൽകുക തുടങ്ങിയ കാര്യങ്ങളാണ് പലരും ചെയ്യുന്നത്. ഇതെല്ലാം തീർച്ചയായും മഹത്തരമായ കാര്യങ്ങളാണ്. എന്നാൽ ഇന്ന് കേരളത്തിന് അതിനപ്പുറത്തേക്ക് മറ്റൊരു വലിയ സംഭാവന കൂടി ആവശ്യമുണ്ട്.

വർഷങ്ങളോളം വിദേശത്ത് ജോലി ചെയ്ത് നേടിയ തൊഴിൽപരിചയവും, വിവിധ മേഖലകളിലെ അറിവും, അവിടുത്തെ സംവിധാനങ്ങളെക്കുറിച്ചുള്ള അനുഭവപരിചയവുമാണ് പ്രവാസികളുടെ ഏറ്റവും വലിയ സമ്പത്ത്. ചിലർ 30-ഉം 40-ഉം, 50 വർഷത്തോളം വിദേശത്ത് ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്തവരാണ്. അവർ നേടിയ ഈ അറിവും അനുഭവസമ്പത്തും നമ്മുടെ നാട്ടിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചും നമ്മൾ ചിന്തിക്കണം.

**എന്താണ് അമേരിക്കൻ മലയാളികൾക്ക് നൽകാനുള്ള ഒരു സന്ദേശം?**

ഞാൻ അമേരിക്കയിലെ പല വേദികളിലും പോകുമ്പോൾ പലപ്പോഴും കേൾക്കുന്ന ഒരു അഭിപ്രായമാണ് "നമ്മുടെ നാട്ടിലെ സാഹചര്യം ശരിയല്ല, അവിടെ ബിസിനസ് തുടങ്ങാൻ അനുകൂലമായ സംവിധാനങ്ങളില്ല, നമ്മുടെ നാട്ടിലെ രീതികൾ ശരിയല്ല" എന്നൊക്കെ. എന്നാൽ നമ്മൾ കുറച്ചുകൂടി വ്യത്യസ്തമായൊരു കാഴ്ചപ്പാടിലൂടെ ഈ കാര്യത്തെ കാണണം.

അമേരിക്കയിലെത്തിയ ഓരോ മലയാളിയും ജനിച്ചുവീണത് കേരളത്തിലാണ്. അവർക്ക് വിദ്യാഭ്യാസം നൽകി, വളർത്തി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകാൻ പ്രാപ്തരാക്കിയത് നമ്മുടെ സംസ്ഥാനം തന്നെയാണ്. അതുകൊണ്ടുതന്നെ കേരളം അത്ര മോശമായ ഒരു സംസ്ഥാനമൊന്നുമല്ല. സാഹചര്യങ്ങൾ വ്യത്യസ്തമാണ് എന്നതുമാത്രമാണ് യാഥാർഥ്യം.

# NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

## ഫാമിലി & യൂത്ത് കോൺഫ്രൻസ് 2026

### ആത്മനിർവൃതിയുടെ നിമിഷങ്ങളിലൂടെ






















# NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

## ഫാമിലി & യൂത്ത് കോൺഫ്രൻസ് 2026
























# മണ്ണിന്റെ മനുഷ്യന് ഉമ്മൻചാണ്ടിയുടെ പേരിലുള്ള ആദ്യ പുരസ്കാരം





കൃഷിയെ ജീവിതമാക്കിയ പത്മശ്രീ ചെറുവയൽ രാമന് ആദരം.

മണ്ണിനോട് ചേർന്ന് ജീവിക്കുന്ന ചില മനുഷ്യരുണ്ട്. കൃഷി അവർക്ക് ഒരു തൊഴിൽ മാത്രമല്ല; ജീവിതത്തിന്റെ തന്നെ ഭാഷയാണ്. വിത്തിൽ ഭാവിയെ കാണുകയും മണ്ണിൽ ചരിത്രത്തെ വായിക്കുകയും ചെയ്യുന്നവർ. അത്തരമൊരു മനുഷ്യനാണ് പത്മശ്രീ ചെറുവയൽ രാമൻ. കാർഷിക മേഖലയ്ക്കായി ജീവിതം തന്നെ മാറ്റിവെച്ച ചെറുവയൽ രാമനെ തേടിയെത്തുകയാണ് മറ്റൊരു വലിയ അംഗീകാരം. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേരിൽ സംസ്ഥാന കൃഷിവകുപ്പ് ആദ്യമായി ഏർപ്പെടുത്തിയ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരമാണ് അദ്ദേഹത്തിന് ലഭിക്കുന്നത്. അഞ്ച് ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

കൃഷിയെ വെറും വിളവെടുപ്പിന്റെ കണക്കുകളിലേക്ക് ചുരുക്കാതെ, തലമുറകളിലൂടെ കൈമാറേണ്ട ഒരു സംസ്കാരമായി കണ്ട മനുഷ്യനാണ് ചെറുവയൽ രാമൻ. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളിലാണ് അദ്ദേഹത്തിന്റെ ജീവിതം അടയാളപ്പെടുത്തപ്പെട്ടത്. പരമ്പരാഗത കൃഷിരീതികളെയും നാടൻ വിത്തുകളെയും സംരക്ഷിക്കുന്നതിലും കാർഷിക അറിവുകൾ പുതുതലമുറയിലേക്ക് പകരുന്നതിലും അദ്ദേഹം നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്. ആധുനികതയുടെ വേഗത്തിൽ പലപ്പോഴും മറന്നുപോകുന്ന നാട്ടറിവുകളെയും കൃഷിയുടെ പാരമ്പര്യത്തെയും ചേർത്തുപിടിച്ചാണ് അദ്ദേഹത്തിന്റെ യാത്ര.

അതുകൊണ്ടുതന്നെ ചെറുവയൽ രാമൻ ഒരു കർഷകൻ എന്ന വിശേഷണത്തിൽ ഒതുങ്ങുന്നില്ല. കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന്റെ ജീവിക്കുന്ന ഒരു ഓർമ്മ കൂടിയാണ് അദ്ദേഹം. മണ്ണിൽ വിത്ത് പാകുന്നതുപോലെ, കൃഷിയോടുള്ള സ്നേഹവും അറിവും അടുത്ത തലമുറകളിലേക്ക് പകരുകയാണ് അദ്ദേഹത്തിന്റെ ജീവിതം. കൃഷിയുടെ ബിംബമായി നിലനിൽക്കുന്ന അദ്ദേഹത്തെ പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നത് കാർഷിക മേഖലയോടുള്ള സമഗ്രമായ സംഭാവനയ്ക്കുള്ള അംഗീകാരമാണെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദീഖ് തിരുവനന്തപുരത്ത് അറിയിച്ചു.

ഉമ്മൻചാണ്ടിയുടെ പേരിൽ ഏർപ്പെടുത്തിയ ആദ്യ കാർഷിക പുരസ്കാരം ചെറുവയൽ രാമനെ തേടിയെത്തുമ്പോൾ അത് ഒരാൾക്ക് ലഭിക്കുന്ന ബഹുമതി മാത്രമല്ല. മണ്ണിനെയും വിത്തിനെയും കൃഷിയെയും ജീവിതമായി കണ്ട ഒരു തലമുറയ്ക്കുള്ള ആദരം കൂടിയാണ്. മണ്ണിൽ കൈയൂന്നി ജീവിച്ച ഒരാൾക്ക്, അതേ മണ്ണിന്റെ പേരിൽ ലഭിക്കുന്ന ഈ അംഗീകാരം അതുകൊണ്ടുതന്നെ കൂടുതൽ അർത്ഥവത്താകുന്നു.

**അനിൽ പെണ്ണുക്കര**

# ആത്മീയ സംഗീത സാന്ത്വനവുമായി സാധകയുടെ 'അരികിൽ സ്നേഹ തണലായ്'







മലയാളി സംഗീതാസ്വാദകർക്കും ദൈവവിശ്വാസികൾക്കും ഒരുപോലെ ഹൃദയസ്പർശിയായ അനുഭവം സമ്മാനിക്കാൻ 'അരികിൽ സ്നേഹ തണലായ്' എന്ന് പേരിട്ടിരിക്കുന്ന പുതിയ ക്രിസ്ത്യൻ ഭക്തിഗാനം ഏറെ ശ്രദ്ധ നേടുന്നു. ഭക്തിയും സംഗീതവും മനോഹരമായി സമന്വയിക്കുന്ന ഈ ഗാനം, ലോകമെമ്പാടുമുള്ള മലയാളി ശ്രോതാക്കൾക്ക് വേറിട്ടൊരു ആത്മീയ അനുഭൂതി സമ്മാനിക്കുമെന്നതിൽ സംശയമില്ല.

അമേരിക്കയിലെ പ്രമുഖ സംഗീതക്കൂട്ടായ്മയായ സാധക എന്റർടൈൻമെന്റിന്റെ ബാനറിൽ, ന്യൂയോർക്കിൽ നിന്നുള്ള പ്രവാസി മലയാളിയും കലാരംഗത്തെ സജീവ സാന്നിധ്യവുമായ ശ്രീ. പി.ടി. തോമസ് ആണ് ഈ മനോഹരമായ പ്രൊജക്റ്റിന്റെ നിർമ്മാണം നിർവ്വഹിച്ചിരിക്കുന്നത്. പ്രവാസലോകത്തുനിന്നും ജന്മനാട്ടിലെ സംഗീതപ്രേമികളിലേക്ക് മികച്ച നിലവാരത്തിലുള്ള ഒരു ആത്മീയ സൃഷ്ടി എത്തിക്കുക എന്ന വലിയ ദൗത്യമാണ് ഈ കൂട്ടായ്മ ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഏറെ ഭക്തിസാന്ദ്രവും അർത്ഥവത്തുമായ ഈ ഗാനത്തിന്റെ വരികൾ രചിച്ചിരിക്കുന്നത് പ്രശസ്ത ഗാനരചയിതാവ് ബേബി ജോൺ കലയന്താനിയാണ്. വരികളുടെ ആഴം ചോർന്നുപോകാതെ, അതിന് ഹൃദ്യമായ ഈണവും മനോഹരമായ ഓർക്കസ്ട്രേഷനും നൽകി സംഗീതമൊരുക്കിയിരിക്കുന്നത് പ്രശസ്ത സംഗീത സംവിധായകൻ സാംസൺ കോട്ടൂർ ആണ്. വരികളുടെ ഭംഗിയും സംഗീതത്തിന്റെ മാസ്മരികതയും ഒത്തുചേരുമ്പോൾ ഈ ഗാനം ശ്രോതാക്കളുടെ മനസ്സിൽ ദീർഘകാലം തങ്ങി നിൽക്കും.

മലയാളികളുടെ പ്രിയപ്പെട്ട പിന്നണി ഗായിക ചിത്ര അരുണും, അമേരിക്കയിൽ നിന്നുള്ള ശ്രദ്ധേയനായ ഗായകൻ സാധക അലക്സാണ്ടറും ചേർന്നാണ് ഈ ഭക്തിഗാനം ആലപിച്ചിരിക്കുന്നത്. ഇവരുടെ വേറിട്ടതും എന്നാൽ അങ്ങേയറ്റം ഹൃദ്യവുമായ ആലാപന ശൈലി ഗാനത്തിന് കൂടുതൽ ദൃശ്യ-ശ്രാവ്യ ഭംഗി നൽകുന്നു. ഇരുവരുടെയും മികച്ച ആലാപന മികവ് സംഗീതപ്രേമികൾക്ക് വലിയൊരു വിരുന്നായിരിക്കുമെന്നത് തീർച്ചയാണ്.

ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ക്രിസ്ത്യൻ ഭക്തിഗാനം യൂ ടൂബിൽ ഇതിനോടകം സംഗീതപ്രേമികൾ നെഞ്ചിലേറ്റിക്കഴിഞ്ഞു.




# ഡോ. മനോജ് വെള്ളനാട്: ഡോക്ടർമാർക്കിടയിലെ പോരാളി

ഉൾനാട്ടിൽ ജനിക്കുക, വളർത്തി വലുതാക്കാൻ അമ്മ മാത്രമാകുക, ചെറുജോലികൾ ചെയ്ത് അമ്മ വളർത്തുക അങ്ങനെയുള്ള ഒരു കുട്ടി എവിടെ വരെ എത്തും?

അവൻ ഓലപ്പുരയിലിരുന്ന് സ്വപ്നം കാണും; സർക്കാർ സ്കൂളിൽ പഠിക്കും; പലചരക്കുകടയിൽ പണിയെടുക്കും; നാട്ടുവായനശാലയിലെ പുസ്തകപ്രേമിയാകും; ക്വിസ് വേദികളിൽ തിളങ്ങും; മിടുമിടുക്കനായി പഠിക്കും; കാലം പശ്ചാത്താപത്തോടെ അവന്റെ ശിരസ്സിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടറുടെ രജതകിരീടം അണിയിക്കും. പോരാ, ജീവിത യാഥാർത്ഥ്യങ്ങളോടു പോരാടി വളർന്ന അവൻ കേവല ഡോക്ടറായി ഒതുങ്ങില്ല; ഡോക്ടർമാർക്കിടയിലെ പോരാളിയായി ധീരജീവിതം നയിക്കും.

ഇത്, തലസ്ഥാനത്തെ ഒന്നാംനിര ന്യൂറോ സർജൻ, ഡോക്ടർ മനോജ് വെള്ളനാടിന്റെ ജീവിതകഥ. നേർരേഖയിലൂടെയായിരുന്നില്ല ആ വിജയയാത്ര. ഐഎഎസ്സാണ് സ്വപ്നം കണ്ടത്; എം.ബി.ബി.എസ് അതിന്റെ ആദ്യപടവായും. എൻട്രൻസ് പരീക്ഷ എന്തെന്നു പോലും അറിയാത്ത നാട്ടിൻപുറം. പഠിപ്പിച്ചിരുന്ന ഗീത ടീച്ചർ സഹായിച്ചതുകൊണ്ടുമാത്രമാണ് അപേക്ഷ അയയ്ക്കാനായത്. പ്ലസ് വൺ പ്ലസ്ടു കാലത്ത് സ്പോൺസർ ചെയ്ത ഗ്രാമത്തിലെ ഒരു നല്ല ശമരിയാക്കാരൻ ആ ഘട്ടത്തിൽ പിൻവാങ്ങി. ഫീസ് കൊടുക്കാനില്ലാതെ എൻട്രൻസ് പരിശീലനം മുടങ്ങി. കോച്ചിംഗില്ലാതെ തനിയേ പഠിച്ച് എൻട്രൻസ് എഴുതി. ആദ്യ അറ്റംപ്റ്റിൽ എൻജിനിയറിംഗേ കിട്ടിയുള്ളൂ. വീട്ടിലെ ദാരിദ്ര്യമറിയുന്ന എല്ലാവരും എൻജിനിയറിംഗിനു പോകാൻ നിർബ്ബന്ധിച്ചു. മനോജ് അതു തള്ളി. രണ്ടാം ചാൻസിൽ എം.ബി.ബി.എസ് പ്രവേശനം നേടി.

തിരക്കുപിടിച്ച സർജനായിട്ടും മനോജ് എഴുതി. രണ്ടു കഥാസമാഹാരങ്ങളുടെ, ഒരു ശാസ്ത്രപുസ്തകത്തിന്റെ രചയിതാവായി. അവ അവാർഡുകളും നേടി. ഒപ്പം, എഴുത്തുകൊണ്ടും പ്രസംഗംകൊണ്ടും പ്രവർത്തനംകൊണ്ടും ശാസ്ത്രബോധത്തിന്റെ ആക്ടിവിസ്റ്റായും മാറി. സൈബർ ഇടങ്ങളിലും പൊതുവിടങ്ങളിലും വ്യാജ ചികിത്സകരുടെയും ഒറ്റമൂലിക്കച്ചവടക്കാരുടെയും വാക്സിൻ വിരുദ്ധരുടെയും പേടിസ്വപ്നമാണ് ഈ ഡോക്ടർ. ഇത്തരം ചിന്താഗതികൾക്കെതിരേ പൊരുതുന്ന 'ഇൻഫോക്ലിനിക്ക്' എന്ന ഡോക്ടർമാരുടെ കൂട്ടായ്മയുടെ സജീവപ്രവർത്തകൻ.

ജീവിതത്തിലും തികച്ചും വേറിട്ട വ്യക്തി. ഡോ. ശ്രീലക്ഷ്മി ജീവിതപങ്കാളിയായിട്ടും, ഒന്നരപ്പതിറ്റാണ്ട് ഡോക്ടറായി ജോലി ചെയ്തിട്ടും കൊച്ചു വാടക വീട്ടിൽ അമ്മ ഗീതാകുമാരിയ്ക്കും മക്കൾ ഋത്വിക്കിനും യുവാനുമൊപ്പം കഴിയുന്ന സാധാരണക്കാരൻ. വീട്ടിലെ പശുക്കളെ പരിപാലിക്കുക വരെ ചെയ്യുന്ന മണ്ണിന്റെ മകൻ. തലസ്ഥാനത്തെ എണ്ണം പറഞ്ഞ സ്വകാര്യ ആശുപത്രിയിലെ ദീർഘകാല ജോലി വിട്ട് അല്പനാൾ മുമ്പ് സർക്കാർ മെഡിക്കൽ കോളേജിലെത്തിയ വ്യത്യസ്തൻ.

കൈരളി ന്യൂസിന്റെ പ്രത്യേക ഡോക്ടേഴ്സ് പുരസ്കാരം ഡോ. മനോജ് വെള്ളനാടിന്.



ജോൺ ബ്രിട്ടാസ്




# ഭൂമിയിലെ മാലാഖമാർ





ഉഷ നായർ, ഡാളസ്

ആകാശ മധ്യത്തിൽ നക്ഷത്രം എന്ന പോൽ
ആരോഗ്യരംഗത്തെ താരകം നഴ്സ്സുമാർ.
രോഗ കിടക്കയിൽ മരണ കിടക്കയിൽ
കണ്ണീരുമാറ്റിയും ആശ്വാസം ഏകിയും
ഓടിനടന്നവർ ജീവനെ കാത്തവർ
ആശ്ലേഷമേകി പുതുശക്തി തന്നവർ.
സ്വന്തമായി ഒന്നുമേ ചിന്തിച്ചു നോക്കുവാൻ
ഒട്ടുമേ നേരങ്ങൾ കാണാതെ ഇന്നവർ.
ഉള്ളിലെ ദുഃഖങ്ങൾ ഭാരങ്ങൾ വേദന
പുഞ്ചിരികൊണ്ടവർ നല്ല മറയാക്കി
സ്വന്തമാം ജീവനെ നൽകി അവർ
നമുക്ക്സ്വന്തമായി ഒന്നുമേ വെയ്ക്കാതെപോകുന്നു
ലോകമെ കൈകൂപ്പി നിന്നു നമിയ്ക്കാം
ഈ മാലാഖമാർകളെ മിന്നുന്ന താരത്തെ.
കൂപ്പു കൈകൊണ്ടു നമിക്കുന്നു നിങ്ങളെ
ദീർഘമാം ആയുസ്സിൻ പ്രാർത്ഥന നേരുന്നു.

# ഫൊക്കാന കൺവൻഷന്റെ ആവേശം വാനോളമുയർത്തിയ നൃത്തവിസ്മയത്തെ വാഴ്ത്തി കാണികൾ; ജിത്തു കൊട്ടാരക്കരയ്ക്ക് അഭിനന്ദന പ്രവാഹം

**ശ്രീകുമാർ ഉണ്ണിത്താൻ**

'ശുഭാരംഭം ശുഭകരമായ നിമിഷങ്ങളുടെ നിഴലാട്ടമാണ്' എന്ന പഴഞ്ചൊല്ലിനെ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിക്കൊണ്ട് ഫൊക്കാന കൺവൻഷൻ 2026-ന് വർണ്ണാഭമായ തുടക്കമാണ് സുഹൈദ് കുക്കുവും ഭാര്യ ദീപാ പോളും സമ്മാനിച്ചത്. പെൻസിൽവേനിയയിലെ പ്രൗഢഗംഭീരമായ കൽഹാരി റിസോർട്ടിൽ കേരളത്തിലെയും അമേരിക്കയിലെയും നൂറിലേറെ പ്രഗത്ഭ കലാകാരന്മാർ ഒന്നിച്ചണിനിരന്നപ്പോൾ അത് കാണികളുടെ കണ്ണും മനസ്സും നിറച്ച ഒരു അതിമനോഹരമായ കലാവിരുന്നായി മാറി. വേദിയിൽ വിരിഞ്ഞ ആ ലയതരംഗത്തെയും ചുവടുകളുടെ പൂർണ്ണതയെയും പറ്റി വാനോളം അഭിനന്ദനങ്ങൾ ചൊരിഞ്ഞാണ് കാണികൾ ആ അവിസ്മരണീയ നിമിഷങ്ങളെ നെഞ്ചിലേറ്റിയത്.









നാടിന്റെയും മറുനാടിന്റെയും കലാസൗന്ദര്യം ഒരേ വേദിയിൽ സംഗമിച്ചതായിരുന്നു ഈ ഉദ്ഘാടന നൃത്തത്തിന്റെ ഏറ്റവും വലിയ സവിശേഷത. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിഭകളും കേരളത്തിൽ നിന്നുള്ള കലാകാരന്മാരും ഒരേ താളത്തിൽ ഒരേ മനസ്സോടെ ചുവടുകൾ വെച്ചു. കേരളീയ കലാപാരമ്പര്യത്തിന്റെ ഗാംഭീര്യവും പ്രവാസി മലയാളി സമൂഹത്തിന്റെ പ്രതിഭാവിലാസവും ഒത്തുചേർന്നപ്പോൾ കൽഹാരിയിൽ പിറന്നത് അതിരുകളില്ലാത്തൊരു മായാജാലമായിരുന്നു. ഈ പ്രോഗ്രാം കോ-ഓർഡിനേറ്റ് ചെയ്തത് ജിത്തു കൊട്ടാരക്കര എന്ന നമുക്ക് സുപരിചിതനായ ഡാൻസർ ആണ്. ജിത്തു കൊട്ടാരക്കര ട്രൈസ്റ്റേറ്റ് ഡാൻസ് കമ്പനി എന്ന ഡാൻസ് ഗ്രൂപ്പും നടത്തുന്നു.





വിവിധ ദിക്കുകളിൽ നിന്നുമെത്തിയ നൂറിലധികം കലാപ്രതിഭകളെ ഒരേ ധാരയിൽ കോർത്തിണക്കുക എന്ന വലിയ ദൗത്യത്തെ ന്യൂയോർക്കിൽ നിന്നുള്ള ജിത്തു ജോബ് കൊട്ടാരക്കര തന്റെ അതിശയിപ്പിക്കുന്ന ഏകോപന മികവ്കൊണ്ട് മനോഹരമാക്കി. ഈ നൃത്തവിസ്മയത്തെ പരിപൂർണ്ണതയിലെത്തിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചതിന് പ്രസിഡണ്ട് സജിമോൻ ആന്റണിയും ടീമും അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിച്ചു.

സുഹൈദിന്റെയും ദീപയുടെയും പ്രശംസനീയമായ നേതൃത്വവും ജിത്തു ജോബിന്റെ മാതൃകാപരമായ ഏകോപനവും നൂറിലധികം കലാകാരന്മാരുടെ സമർപ്പിത പരിശ്രമവും ചേർന്നപ്പോൾ അത് കൺവൻഷന്റെ ചരിത്രത്തിൽ കുറിക്കപ്പെട്ട ഒരു ഉദ്ഘാടനക്കാഴ്ചയായി മാറുകയായിരുന്നു.

ഫൊക്കാന കൺവൻഷൻ 2026 വിജയകരമായി തിരിതാഴ്ന്നിട്ടും കൽഹാരിയുടെ വേദിയിൽ മുഴങ്ങിക്കേട്ട ആ മനോഹര ചുവടുകളുടെ താളം കാണികളുടെ മനസ്സിൽ അലയടിക്കുന്നു എന്നത് തന്നെയാണ് ഈ കലാമാമാങ്കത്തിന്റെ വിജയം.

# ഫൊക്കാന കൺവൻഷനിൽ ചിരിയുടെ അലകളുയർത്തി 'ചിരിയരങ്ങ്'

**ഫൊക്കാന ന്യൂസ് ടീം**

കലഹാരി: ഫൊക്കാന കലഹാരി കൺവൻഷനിൽ അരങ്ങേറിയ 'ചിരിയരങ്ങ്' നിറഞ്ഞ സദസ്സിന് ചിരിയുടെ വിരുന്നൊരുക്കി. ഫൊക്കാന കൺവൻഷനുകളുടെ അവിഭാജ്യ ഘടകമായി മാറിയ ചിരിയരങ്ങ് ഇത്തവണയും നിറഞ്ഞ സദസ്സിനെ പൊട്ടിച്ചിരിപ്പിച്ച് ശ്രദ്ധേയമായി.

അമേരിക്കൻ മലയാളികളുടെ ജീവിതാനുഭവങ്ങളും സാമൂഹിക സംഭവവികാസങ്ങളും നിത്യജീവിതത്തിലെ രസകരമായ മുഹൂർത്തങ്ങളും നർമ്മത്തിന്റെ മേമ്പൊടിയോടെ അവതരിപ്പിച്ച പരിപാടി പ്രേക്ഷകർ ആവേശത്തോടെയാണ് സ്വീകരിച്ചത്.

പ്രശസ്ത ഹാസ്യസാഹിത്യകാരനും അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട എഴുത്തുകാരനുമായ രാജു മൈലപ്ര ഏകോപിപ്പിച്ച 'ചിരിയരങ്ങ്' വ്യത്യസ്തമായ അവതരണ ശൈലിയിലൂടെയാണ് പ്രേക്ഷകരുടെ കൈയടി നേടിയത്.

മലയാള സിനിമയിലെ പ്രശസ്ത സംവിധായകനും നടനും ഗായകനും ഹാസ്യകലാകാരനുമായ നാദിർഷാ പരിപാടി ഉദ്ഘാടനം ചെയ്തു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ചിരിയരങ്ങിന് കൂടുതൽ ആവേശം പകർന്നു.

പരമ്പരാഗത കലാപരിപാടികളിൽ നിന്നും വ്യത്യസ്തമായി പ്രേക്ഷകരുടെ നേരിട്ടുള്ള പങ്കാളിത്തത്തോടു കൂടി നടത്തിയ ചിരിയരങ്ങ് ഈ കൺവൻഷനെ ഏറ്റവും ശ്രദ്ധേയമായ വിനോദപരിപാടികളിലൊന്നായി മാറ്റി.

മലയാളി സമൂഹത്തിന്റെ ഹാസ്യബോധത്തെയും സാമൂഹിക വിഷയങ്ങളേയും ഒരുപോലെ സ്പർശിക്കുന്ന ചിരിയരങ്ങ് ഓരോ ഫൊക്കാന കൺവൻഷനിലും കൂടുതൽ ജനപ്രിയ പരിപാടിയായി മാറിയിട്ടുണ്ട്. പതിവുപോലെ നിറഞ്ഞ സദസ്സിനു മുന്നിൽ അരങ്ങേറിയ പരിപാടി പ്രേക്ഷകരുടെ നിറഞ്ഞ കൈയടിയും പൊട്ടിച്ചിരിയും ഏറ്റുവാങ്ങി.

ഫൊക്കാന കൺവൻഷനുകളിൽ തുടർച്ചയായി പതിനഞ്ചു തവണ ഒരു ഹാസ്യവേദിക്ക്, ഓരോ തവണയും കാലത്തിനനുസരിച്ച് വിഷയങ്ങളും അവതരണ രീതികളും നവീകരിച്ചുകൊണ്ട് ചിരിയരങ്ങിനെ ജനകീയമാക്കുവാൻ രാജു മൈലപ്രയ്ക്ക് കഴിയുന്നത് ഒരു അപൂർവ നേട്ടമാണ്.



ഫൊക്കാന ഭാരവാഹികളുടെ അഭ്യർത്ഥന മാനിച്ച് ചിരിയരങ്ങിന്റെ നേതൃത്വം ഏറ്റെടുത്ത്, മികച്ച രീതിയിൽ അവതരിപ്പിക്കുകയും ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്ത രാജു മൈലപ്രയുടെ സേവനത്തെ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

# A YOUNG KNANAYA WOMAN WON, MISS FIRELANDS QUEEN 2026–2027 RHEMA THOMAS VALLIPPADAVIL



Rhema Thomas Vallippadavil is honored to serve as the Miss Firelands Queen for 2026–2027. At just 15 years old and entering her sophomore year of high school, Rhema is embracing this opportunity with gratitude, faith, and a strong desire to make a difference in the lives of others.

A proud member of the Knanaya community of Ohio, Rhema is the daughter of Lenus and Divya Vallippadavil. She comes from a loving family of five children and is the eldest daughter. Family has always been one of her greatest priorities, and she credits her family for helping shape the person she is today.

Rhema believes that serving others is one of the most meaningful ways to make an impact. During the summer, she dedicated her time to community service by volunteering at Admirals Point Nursing and Rehabilitation Center, where she spent time with residents and offered encouragement and companionship. She has also earned a certification in Medical Coding, reflecting her growing interest in the healthcare field.



Her passion for healthcare is deeply personal. Rhema dreams of one day establishing a hospital called "Faith Hospital"—a place where doctors and healthcare professionals could volunteer their time and where quality care could be made more accessible to those who may not otherwise be able to afford it.

Her desire to serve others comes from an experience that changed her life at a young age. Rhema was seriously ill and spent several months receiving treatment at Texas Children's Hospital in Houston, Texas. During that difficult time, numerous doctors worked to understand her condition, and she received extensive treatment while her family waited for answers. Specialists were brought in to help determine the cause of her illness, but the uncertainty continued for months.

Through that challenging experience, Rhema and her family leaned heavily on their faith. Her recovery became a powerful reminder to her of the strength she found in God and the importance of hope during difficult circumstances.

As she grew older, Rhema began turning that experience into a purpose. Through volunteering at rehabilitation centers, she spends time with people experiencing long-term medical challenges, offering them encouragement, kindness, and prayers. She hopes that even a few words of support can remind someone that they are not alone.

Rhema lives by the words:

"Beauty begins the moment you decide to be yourself."

Winning the Miss Firelands title is an experience Rhema describes as both exciting and humbling.

"Winning Miss Firelands honestly feels a little unreal. When they called my name, I was filled with so many emotions at once. I felt excited, grateful, nervous, and honestly just really proud of myself. I put a lot of time and effort into this experience, so having it all pay off was such a special moment for me."

For Rhema, the crown represents much more than a title. It represents faith, responsibility, service, and the opportunity to inspire others.

"I dedicate this crown to God. It comes with great responsibility and respect, and I am honored to carry it."

What makes this journey even more meaningful is the opportunity to represent a community that Rhema deeply values. Throughout her reign, she hopes to meet new people, become more involved in her community, serve others, and create memories that will stay with her for years to come.

She is incredibly grateful to her family, friends, mentors, and everyone who believed in her and supported her throughout this journey.

Rhema Thomas Vallippadavil is honored to be Miss Firelands Queen 2026–2027 and looks forward to a year filled with faith, service, growth, and purpose.








Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase
Jumbo Loan
Refinance
Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER

Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts




# 16–ാമത് KCCNA കൺവൻഷനിൽ KCYLNA–യുടെ Mr & Miss KNA കിരീടങ്ങൾ ന്യൂയോർക്കിനും ലോസ് ആഞ്ചലസിനും; Battle of the Cities–ൽ ചിക്കാഗോ ജേതാക്കൾ

**ബൈജു ആലപ്പാട്ട്**

ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: 16–ാമത് KCCNA കൺവൻഷന്റെ ഭാഗമായി KCCNA-യുടെ യുവജന ഉപസംഘടനയായ KCYLNA (Knanaya Catholic Youth League of North America) സംഘടിപ്പിച്ച Mr. KNA & Miss KNA മത്സരവും Battle of the Cities മത്സരവും കൺവൻഷനിലെ ഏറ്റവും ആവേശകരമായ യുവജന പരിപാടികളായി മാറി. യുവജനങ്ങളുടെ ആത്മവിശ്വാസവും പ്രതിഭയും നേതൃത്വപാടവവും സംഘബോധവും ദേശീയ വേദിയിൽ പ്രകടമാക്കുന്നതായിരുന്നു ഇരുപരിപാടികളും.





KCYLNA 2025–2027 ദേശീയ പ്രസിഡണ്ട് ആൽവിൻ പിണർക്കയിൽ (ചിക്കാഗോ) നയിക്കുന്ന ദേശീയ നേതൃത്വമാണ് പരിപാടികൾക്ക് നേതൃത്വം നല്കിയത്. വൈസ് പ്രസിഡണ്ട് ഷെറിൽ ചെറുകര (ഹൂസ്റ്റൺ), സെക്രട്ടറി സ്നേഹ പാലപ്പുഴമറ്റം (വാഷിങ്ടൺ ഡിസി), ജോയിന്റ് സെക്രട്ടറി താര കണ്ടാരപ്പള്ളിൽ (ചിക്കാഗോ), ട്രഷറർ മിഷേൽ പറമ്പേട്ട് (ഡാളസ്) എന്നിവരോടൊപ്പം വിവിധ റീജിയണൽ വൈസ് പ്രസിഡണ്ടുമാരും ദേശീയ ടീം അംഗങ്ങളും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

### Mr. & Miss KNA കിരീട ജേതാക്കൾ

ആവേശകരമായ മത്സരത്തിനൊടുവിൽ Mr. KNA കിരീടം അലൻ ഇഞ്ചനാട്ട് (ന്യൂയോർക്ക്) സ്വന്തമാക്കി. Miss KNAആയി ഇവ മണലേൽ (ലോസ് ആഞ്ചലസ്) തെരഞ്ഞെടുക്കപ്പെട്ടു.

Mr. KNA വിഭാഗം ജേതാവ്: Alan Enchanattu (New York)

ഒന്നാം റണ്ണർ അപ്പ്: Jaiden Illikkattil (Sacramento), രണ്ടാം റണ്ണർ അപ്പ്: Calvin Perumpalath (New York)

Miss KNA വിഭാഗം ജേതാവ്: Eva Manale (LA)

ഒന്നാം റണ്ണർ അപ്പ്: Chanah Alummootil (New Jersey), രണ്ടാം റണ്ണർ അപ്പ്: Megan Mangalathet (Detroit)

യുവതലമുറയുടെ ആത്മവിശ്വാസം, വ്യക്തിത്വം, വേദിയിലെ അവതരണം, ആശയവിനിമയ ശേഷി കഴിവുകൾ എന്നിവ പ്രകടിപ്പിക്കാൻ അവസരമൊരുക്കിയ മത്സരത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങൾ ആവേശത്തോടെ പങ്കെടുത്തു. മത്സരാർത്ഥികളുടെ മികച്ച പ്രകടനങ്ങൾ സദസ്സിന്റെ നിറഞ്ഞ കൈയടിക്ക് കാരണമായി.

### Battle of the Cities: ചിക്കാഗോ ജേതാക്കൾ

യൂണിറ്റുകൾ തമ്മിലുള്ള സൗഹൃദപരമായ മത്സരവും കൂട്ടായ്മയും സർഗ്ഗാത്മകതയും Battle of the Cities പരീക്ഷിച്ച മത്സരത്തിൽ ചിക്കാഗോ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

(ശേഷം 28–ാം പേജിൽ)






























# 16–ാമത് KCCNA കൺവൻഷനിൽ KCWFNA-യുടെ 'ക്നാനായ റോയൽ കിംഗ്ഡം പേജന്റ്' ആവേശമായി

ഫോർട്ട് ലോഡർഡെയിൽ, ഫ്ളോറിഡ: 16–ാമത് KCCNA കൺവൻഷന്റെ രണ്ടാം ദിനത്തിൽ KCCNA വിമൻസ് ഫോറം ഓഫ് നോർത്ത് അമേരിക്ക (KCWFNA ) അവതരിപ്പിച്ച 'ക്നാനായ റോയൽ കിംഗ്ഡം പേജന്റ്' പ്രേക്ഷകരുടെ ഹൃദയം കീഴടക്കിയ രാജകീയ വിരുന്നായി മാറി. KCWFNA ഇതുവരെ സംഘടിപ്പിച്ച

ബൈജു ആലപ്പാട്ട്

ഏറ്റവും വലിയ അവതരണമായ ഈ പേജന്റ് കൺവൻഷന്റെ ശ്രദ്ധേയ ആകർഷണങ്ങളിലൊന്നായി മാറി.

**ഇവരാണ് വിജയികൾ**

**Queen Category**

ജേതാവ്: സ്റ്റെല്ല പ്ലാത്തോട്ടത്തിൽ (ഹൂസ്റ്റൺ)

ഒന്നാം റണ്ണർ അപ്പ്: ഷോമ മങ്ങാട്ടുപുലിക്കിയിൽ (ഡിട്രോയിറ്റ്)

രണ്ടാം റണ്ണർ അപ്പ്: ജീന മറ്റത്തിൽ (ചിക്കാഗോ)

**King Category**

ജേതാവ്: ജേക്കബ് കണിയാലിൽ (താമ്പാ)

ഒന്നാം റണ്ണർ അപ്പ്: ബേർണി മുല്ലപ്പള്ളി (ന്യൂയോർക്ക്)

രണ്ടാം റണ്ണർ അപ്പ്: റോജർ നെല്ലാമറ്റം (ഹൂസ്റ്റൺ)

**Princess Category**

ജേതാവ്: ആഷ്ലിൻ കുഴിക്കാട്ടിൽ (ഡാളസ്)

ഒന്നാം റണ്ണർ അപ്പ്: മിഖായേൽ മച്ചാനിക്കൽ (താമ്പാ)

രണ്ടാം റണ്ണർ അപ്പ്: അഞ്ജലി കുന്നശ്ശേരി (ചിക്കാഗോ)

**Prince Category**

ജേതാവ്: ഇസയ്യ മുല്ലപ്പള്ളി (ന്യൂയോർക്ക്)

ഒന്നാം റണ്ണർ അപ്പ്: സാമുവൽ മറ്റത്തിൽ (ചിക്കാഗോ)

രണ്ടാം റണ്ണർ അപ്പ്: ആന്റണി നെല്ലാമറ്റം (ഹൂസ്റ്റൺ)

KCWFNA ദേശീയ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠത്തിന്റെ നേതൃത്വത്തിൽ ജനറൽ സെക്രട്ടറി മരിയ കൈതാരം, വൈസ് പ്രസിഡണ്ട് ലീല മറ്റത്തിൽ, ട്രഷറർ രേഷ്മ കൊച്ചുപുരയ്ക്കൽ, ജോയിന്റ് സെക്രട്ടറി മഞ്ജു നെടുമാക്കേൽ, ജോയിന്റ് ട്രഷറർ നിധി കോടിഞ്ഞിയിൽ എന്നിവരുടെയും ദേശീയ കമ്മിറ്റിയുടെയും മാസങ്ങളായുള്ള തയ്യാറെടുപ്പിന്റെ ഫലമായാണ് ഈ മെഗാ പരിപാടി അരങ്ങേറിയത്.

Introduction Round, Talent Round, Question & Answer Round എന്നീ ഘട്ടങ്ങളിലായി നടന്ന മത്സരത്തിൽ ഓരോ മത്സരാർത്ഥിയും ആത്മവിശ്വാസവും വ്യക്തിത്വവും കഴിവും വേദിയിൽ അതിമനോഹരമായി അവതരിപ്പിച്ചു.

(ശേഷം 28–ാം പേജിൽ)






















KERALA EXPRESS
പ്രവാസി താളുകൾ

# ഫൊക്കാന – ഫോമാ: കൺവൻഷനുകൾ ആർക്കു വേണ്ടി? എന്തിനു വേണ്ടി?

രാജു മൈലപ്ര



ഫോമാ പ്രസിഡണ്ട് ബിജു തോണിക്കടവിൽ ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ് ഇവരോടൊപ്പം രാജു മൈലപ്ര.



ലേഖകൻ

ഫൊക്കാന, ഫോമാ തുടങ്ങിയ ദേശീയ സംഘടനകൾ എന്തിനു വേണ്ടി? ഇവരുടെ നാഷണൽ കൺവൻഷനുകൾ കൊണ്ട് സാധാരണ അമേരിക്കൻ മലയാളികൾക്ക് എന്തു പ്രയോജനം?

ഈ ചോദ്യം പല കോണുകളിൽ നിന്നും കേൾക്കുവാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. ഫൊക്കാന ഉണ്ടായ കാലം മുതൽ ഇതു കേൾക്കുന്നു. ഫോമാ വന്നപ്പോഴും ഇത് ആവർത്തിക്കുന്നു.

ഇനി മറിച്ചൊരു ചോദ്യം: ‘ഈ സംഘടനകൾ കൊണ്ട് നിങ്ങൾ എന്തെങ്കിലും വ്യക്തിപരമായ പ്രയോജനം പ്രതീക്ഷിക്കുന്നുണ്ടോ?’ ഉണ്ടെങ്കിൽ അത് എന്താണെന്ന് ഒന്നു വിശദീകരിക്കാമോ?

സാധാരണയായി ഈ ചോദ്യം ഉന്നയിക്കുന്നത് ഒരു പരിപാടിയിലും പങ്കെടുക്കാതെ, ഓസിൽ വായിക്കുവാൻ കിട്ടുന്ന ഓൺലൈൻ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ കണ്ട്, തനിക്കിതിലൊന്നും പങ്കെടുക്കാൻ പെണ്ണുംപിള്ള സമ്മതിക്കുന്നില്ലല്ലോ എന്ന നിരാശപൂണ്ടവരാണ്.

ആദ്യകാലത്ത് അമേരിക്കൻ മലയാളികളുടെ കൂട്ടായ്മകൾ ചെറിയ കേരള സമാജങ്ങളായിരുന്നു. പലരും സ്വന്തം കൈയിലെ കാശു മുടക്കിയാണ് ഓണാഘോഷം പോലുള്ള പരിപാടികൾ സംഘടിപ്പിച്ചിരുന്നത്. പിന്നീട് കേരളത്തിൽ നിന്നുമുള്ള കലാകാരന്മാരെ കൊണ്ടുവന്ന് ചില പരിപാടികൾ നടത്തി ഫണ്ട് റെയ്സിങ് നടത്തി.

ഇന്നു കാണുന്ന പല വലിയ ചർച്ച് ബിൽഡിങ്ങുകളും പടുത്തുയർത്തുന്നതിൽ ഇത്തരം ധനശേഖരണം ഒരു വലിയ ഘടകമായിരുന്നു. ആരാധനാലയത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഓഡിറ്റോറിയത്തിൽ വെച്ച് പല പരിപാടികളും നടത്തുന്നു.

“ഈ സംഘടനകളൊക്കെ ചിലർക്ക് ആളുകളിക്കാനാണ്, പ്രശസ്തി നേടാനാണ്-സ്റ്റേജിൽ കയറി ഞെളിഞ്ഞിരിക്കണം. പത്രത്തിൽ പേരും ഫോട്ടോയും വരണം” ഇതൊക്കെയാണ് മറ്റു ചിലർക്കു ബോധക്കേടുണ്ടാക്കുന്ന വിഷയങ്ങൾ.

അതിലെന്താണ് തെറ്റ്?

അവർ സമയം ചെലവഴിക്കുന്നു, പണം ചെലവഴിക്കുന്നു. കുടുംബസമയം ഇതിനു വേണ്ടി മാറ്റിവെക്കുന്നു. മീറ്റിംഗുകളിൽ പങ്കെടുക്കുന്നു. പരിപാടികൾ സംഘടിപ്പിക്കുന്നു.

അത്രയുമൊക്കെ ചെയ്തശേഷം അയാളുടെ ഒരു പടം പത്രത്തിൽ വന്നാൽ എന്തിനാ കൂവേ, വെറുതെ അസൂയപ്പെടുന്നത്? അവർക്ക് പ്രശസ്തി കിട്ടുന്നുണ്ടെങ്കിൽ കിട്ടട്ടെ. ഏതായാലും താങ്കൾക്ക് ഒരു ചില്ലിക്കാശുപോലും ചെലവില്ലല്ലോ. അവരുടെ പടം ഫ്രെയിം ചെയ്തു പൂജാമുറിയിൽ വെച്ച് പൂവിട്ട് പൂജിക്കാനൊന്നും ആരും പറയുന്നില്ലല്ലോ.

ചെറിയ ചെറിയ പ്രാദേശിക അസോസിയേഷനുകൾ കൊണ്ട്, നമ്മുടെ കുറച്ചു കുട്ടികൾക്കെങ്കിലും അവരുടെ സ്കൂളിൽ കിട്ടാത്ത ചില അവസരങ്ങൾ കിട്ടുന്നുണ്ട്. അവരുടെ കലാപരവും കായികപരവുമായ കഴിവുകൾ, നൃത്തം, സംഗീതം, ഓട്ടം, ചാട്ടം തുടങ്ങിയവ അസോസിയേഷൻ വേദികളിലും പിക്നിക്കുകളിലും പ്രകടിപ്പിക്കാനുള്ള ഒരവസരം.

ഫൊക്കാന-ഫോമാ തുടങ്ങിയ സംഘടനകൾ നടത്തുന്ന ദേശീയ കൺവൻഷനുകൾ പ്രത്യക്ഷമായും പരോക്ഷമായും അനേകമാളുകൾക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്നുണ്ട്.

കൺവൻഷൻ സെന്ററുകൾക്ക് കിട്ടുന്ന വരുമാനം, ഹോട്ടൽ ജീവനക്കാർക്ക് ജോലി, കേറ്ററിങ് കമ്പനിക്ക് ബിസിനസ്, ഫോട്ടോഗ്രാഫേഴ്സിനും വീഡിയോ ടീമുകൾക്കും വരുമാനം, എയർലൈൻസിനും ടാക്സിക്കാർക്കും കൂടുതൽ യാത്രക്കാർ.

‘ഓ, പിന്നെ. ഈ കൺവൻഷനുകൾ കൊണ്ടാണല്ലോ ഈ പ്രസ്ഥാനങ്ങളൊക്കെ നടന്നുപോകുന്നത്? എന്നൊരു പുച്ഛമായിരിക്കും ഇപ്പോൾ പലരുടെയും മനസ്സിൽക്കൂടി കടന്നുപോകുന്നത്. പ്രിയ സുഹൃത്തേ, ഇതുപോലെയുള്ള പല സംരംഭങ്ങൾ പരസ്പരം കൈകോർക്കുന്നതു കൊണ്ടാണ് നമ്മുടെ കീശയിലും കാശ് വീഴുന്നത്.

ഒരാൾക്ക് നല്ല സമ്പത്തുണ്ടെങ്കിൽ അതിന്റെ സന്തോഷത്തിൽ സ്വർണ്ണാഭരണങ്ങളും വില കൂടിയ പളപള വസ്ത്രങ്ങളും ധരിച്ച്, ലക്ഷറി കാറുകളിൽ നടക്കട്ടെ. അതിലെന്താണ് തെറ്റ്? അത് അവർ സമ്പാദിച്ചതാണ്. അവരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. മറ്റൊരാളുടെ വിജയത്തേയും സമ്പത്തിനേയും കണ്ടിട്ട്, അവരെ താഴ്ത്തിക്കെട്ടുകയോ ‘പ്രാഞ്ചിയേട്ടൻ’ എന്ന ലേബലു കൊടുത്ത് പരിഹസിക്കുകയോ ചെയ്യേണ്ട കാര്യമില്ല.’

‘ഈ കൺവൻഷനുകൾ ധൂർത്തടിക്കുന്ന പണം കൊണ്ട് പാവങ്ങളെ സഹായിച്ചുകൂടേ?’ ഇതാണ് മറ്റൊരു ചോദ്യം. പാവങ്ങളെ സഹായിക്കുന്നത് ഒരു പുണ്യപ്രവൃത്തിയാണ്.

ഒരു ചെറിയ സംശയം. നിങ്ങൾ ഈ പറയുന്ന സമ്മേളനങ്ങൾക്കൊന്നും പോകണ്ടാ. അങ്ങനെ ലഭിക്കുന്ന പണംകൊണ്ട് നിങ്ങൾക്ക് നേരിട്ടു പാവങ്ങളെ സഹായിച്ചുകൂടേ?

ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന് പണം നല്കാം, ദാരിദ്ര്യം അനുഭവിക്കുന്ന സ്വന്തം ബന്ധുക്കളെ സഹായിക്കാം, ഒരു രോഗിയുടെ ചികിത്സയ്ക്ക് സഹായിക്കാം.

ഒരു ഫൊക്കാനയോടും ഫോമായോടും ചോദിക്കേണ്ട കാര്യമില്ല. ഒരു കൺവൻഷനും നൂറു ശതമാനം കുറ്റമറ്റതാക്കാൻ ആരാലും സാദ്ധ്യമല്ല. ആയിരക്കണക്കിന് ആളുകളെ ഒരുമിച്ചു കൂട്ടി ഒരു പരിപാടി നടത്താൻ ദിവസങ്ങളോളം ഊണും ഉറക്കവും ഉപേക്ഷിച്ച് ഓടി നടക്കുന്ന സംഘാടകരുണ്ട്. അവരുടെ ചെറിയ പിഴവുകൾ പെരുപ്പിച്ച് കാട്ടാതെ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കുന്നതല്ലേ അഭികാമ്യം? അല്ലാതെ ‘കൺവൻഷൻ പാടെ പൊളിഞ്ഞുപോയി’ എന്നു പ്രചരിപ്പിക്കുന്നത് ക്രൂരതയാണ്.

അമേരിക്കയിൽ ഇന്ത്യക്കാരുടെ നിരവധി സംഘടനകളുണ്ട്. ഗുജറാത്തികൾക്കും മറാത്തികൾക്കും പഞ്ചാബികൾക്കും തമിഴർക്കും തെലുങ്കർക്കും തുടങ്ങി നിരവധി സമൂഹങ്ങൾ സ്വന്തം സംഘടനകളും സമ്മേളനങ്ങളും നടത്തുന്നു.

പക്ഷേ, സ്വന്തം സംഘടനകളെ ഏറ്റവും കൂടുതൽ വിമർശിക്കുന്നതിൽ മലയാളികൾ ഒരു ക്രൂരമായ ആനന്ദം അനുഭവിക്കുന്നു.

‘എക്സ്പയറി ഡേറ്റ്’ കഴിഞ്ഞിരിക്കുന്ന എന്നെപ്പോലുള്ളവർ കൺവൻഷനുകളിൽ പങ്കെടുക്കുന്നത്, അവശേഷിച്ചിരിക്കുന്ന സുഹൃത്തുക്കളെ ഒന്നു കൂടി കാണുവാനും യുവതലമുറയിൽപ്പെട്ട ചിലരെ പരിചയപ്പെടാനുമുള്ള ഒരു അവസരത്തിനു വേണ്ടിയാണ്.

ഇനി ആര്, എപ്പോൾ, എവിടെ, എങ്ങനെ... ആർക്കറിയാം...?

മറ്റുള്ളവരുടെ സന്തോഷം കണ്ട് നിങ്ങൾ വെറുതേ മനഃപ്രയാസപ്പെടേണ്ട. ചരമക്കോളത്തിലല്ലാതെ ഏതെങ്കിലും നല്ല കാര്യം ചെയ്തു പത്രത്തിൽ ഒരു തവണയെങ്കിലും പടം വരുവാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ ഒന്നു ശ്രമിക്കൂ.

അതുകൊണ്ട് പ്രിയപ്പെട്ട മലയാളി സുഹൃത്തുക്കളേ! വെറുതേ മാളത്തിലൊളിച്ചിരുന്നു പ്രതികരിക്കാതെ വെളിച്ചം കാണുവാൻ വേണ്ടി വല്ലപ്പോഴും ഒന്നു പുറത്തിറങ്ങൂ. മരിക്കുന്നതിനു മുൻപ് നാല്പേർ നമ്മളെ അറിയട്ടെ. അഞ്ചുപേർ നമ്മളോടൊപ്പം ചിരിക്കട്ടെ. പത്തുപേർ നമ്മളോടൊപ്പം സന്തോഷിക്കട്ടെ!

ജീവിതം ഒന്നേയുള്ളൂ, ആഘോഷിക്കൂ ഓരോ നിമിഷവും. ഒരു ദിവസം നമ്മൾ ഈ ലോകത്തുനിന്നും വിട പറയുമ്പോൾ, നാട്ടുകാർ തമ്മിൽ ചോദിക്കും:

“ഒരു മലയാളി മരിച്ചെന്നു കേട്ടല്ലോ– ആരാ അത്?”

“ഞാനും കേട്ടു. ആരാണെന്ന് വലിയ പിടിയില്ല. നമ്മുടെ അന്നാമ്മയുടെ ഭർത്താവ്, ആ വായ് നോക്കി, വെള്ളമടി വർക്കിയാണെന്നാ പറന്നേത്. ആർക്കറിയാം.”

അതു പോരല്ലോ വർക്കി. അതുകൊണ്ട് ഇപ്പോഴേ കളത്തിലിറങ്ങി കളിക്കൂ!

## ഐഎസ്ആർഒയ്ക്കുവേണ്ടി ഗവേഷണത്തിലും ഉൽപാദനത്തിലും ലക്ഷ്യമിട്ട് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്

തിരുവനന്തപുരം: ഭൂമിക്കപ്പുറത്തേക്കു യാത്ര ചെയ്യുന്നവരുടെ ആരോഗ്യം സംരക്ഷിക്കാനുള്ള പഠനങ്ങൾക്കു തുടക്കമാകുന്നു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ആണ് ഐഎസ്ആർഒയുടെ ഹ്യൂമൻ സ്പേസ് ഫ്ലൈറ്റ് സെന്ററിനു (എച്ച്എസ്എഫ്സി) വേണ്ടി പഠനത്തിനു നേതൃത്വം നൽകുന്നത്. സ്പേസ് മെഡിസിനിൽ തദ്ദേശീയ സാങ്കേതികവിദ്യകളും ഉൽപന്നങ്ങളും വികസിപ്പിക്കുന്നതിനൊപ്പം ഈ മേഖലയിൽ ഗവേഷകരെ പരിശീലിപ്പിക്കുകയെന്ന ലക്ഷ്യവുമുണ്ട്.

ഇന്ത്യയുടെ ബഹിരാകാശയാത്രാ പദ്ധതിയായ ഗഗൻയാൻ, ഭാരതീയ അന്തരീക്ഷ സ്റ്റേഷനിലേക്കുള്ള യാത്രകൾ, 2045-ൽ ലക്ഷ്യമിടുന്ന ചന്ദ്രനിലേക്കുള്ള മനുഷ്യയാത്ര തുടങ്ങിയവയ്ക്ക് ഈ ഗവേഷണങ്ങൾ നിർണായകമാകും. ഇന്ത്യയിൽ ആദ്യമായി പ്രഖ്യാപിച്ച ബയോആസ്ട്രോനോട്ടിക്സ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ് പ്രോഗ്രാമിലേക്കുള്ള ആദ്യ രണ്ട് ഗവേഷകരെ തെരഞ്ഞെടുക്കാൻ ഈയാഴ്ച അഭിമുഖം നടക്കും. നിലവിൽ യുഎസ്, റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ മാത്രമാണ് സ്പേസ് മെഡിസിൻ ഗവേഷണവും ഉത്പാദനവും നടക്കുന്നത്.

സൂക്ഷ്മ ഗുരുത്വാകർഷണം, കോസ്മിക് റേഡിയേഷൻ, ഒറ്റപ്പെടൽ തുടങ്ങി ബഹിരാകാശത്തെ സവിശേഷ സാഹചര്യങ്ങൾ മനുഷ്യശരീരത്തിനുണ്ടാക്കുന്ന മാറ്റങ്ങൾ പഠിച്ച് പരിഹാരം കണ്ടെത്തണം. ബഹിരാകാശയാത്രയ്ക്കിടയിൽ മനുഷ്യകോശങ്ങൾ, അവയവങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് ആഴത്തിൽ ധാരണ നൽകുന്നതാണു പാഠ്യപദ്ധതി. ബഹിരാകാശത്ത് മനുഷ്യന്റെ ആരോഗ്യവും പ്രകടനവും മെച്ചപ്പെടുത്തുന്നതിലുള്ള പ്രതിവിധികൾ, ബയോമെഡിക്കൽ സപ്പോർട്ടിങ് സംവിധാനങ്ങൾ, മെഡിക്കൽ കിറ്റ്, ടെലിമെഡിസിൻ, ആശയവിനിമയ പ്രോട്ടോക്കോൾ തുടങ്ങിയവ വികസിപ്പിക്കും. രണ്ട് വർഷത്തെ ഫെലോഷിപ്പിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ശ്രീചിത്രയിലും ബെംഗളൂരുവിലെ എച്ച്എസ്എഫ്സിയിലും പരിശീലനം നൽകും.

# മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ ഓണാഘോഷങ്ങൾ ഓഗസ്റ്റ് 21-ന് വെള്ളിയാഴ്ച

**അനിൽ മറ്റത്തിക്കുന്നേൽ**

മിഡ്‌വെസ്റ്റ്: മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ 2026-ലെ ഓണാഘോഷം നോർത്ത് ബ്രൂക്കിലുള്ള സെഞ്ചൂറിയൻ ബാങ്കറ്റ് ഹാളിൽ (3315 Milwaukee Ave, North Brook) നടത്തപ്പെടും. ഈമാസം 21-ന് വെള്ളിയാഴ്ച വൈകുന്നേരം 5-ന് പ്രസിഡണ്ട് ബിനു കൈതക്കത്തൊട്ടിയിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന ആഘോഷങ്ങളിൽ പ്രശസ്ത സിനിമാ ആർട്ടിസ്റ്റ് ശിവദ വിശിഷ്ടാതിഥിയായി പങ്കെടുക്കും.




വിഭവസമൃദ്ധമായ ഓണസദ്യയും തിരുവാതിരയും മണവാളൻസിന്റെ കലാവിരുന്നും ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും. വൈസ് പ്രസിഡണ്ട് മഹേഷ് കൃഷ്ണൻ, ജനറൽ സെക്രട്ടറി ടാജു കണ്ടാരപ്പള്ളിൽ, ജോ. സെക്രട്ടറി നിതിൻ നായർ, ട്രഷറർ മനോജ് വഞ്ചിയിൽ, മുൻ പ്രസിഡണ്ടുമാരായ റോയി നെടുംചിറ, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ശ്രീമതി വിജി എസ്. നായർ, പീറ്റർ കുളങ്ങര, സതീശൻ നായർ, ഹെറാൾഡ് ഫിഗുരെദോ, വർഗീസ് പാലമലയിൽ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം കൊടുക്കും. മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന്റെ ഓണാഘോഷങ്ങളിലേക്ക് എല്ലാവരെയും വിനയപൂർവം ക്ഷണിക്കുന്നതായി ജനറൽ സെക്രട്ടറി ടാജു കണ്ടാരപ്പള്ളിൽ അറിയിച്ചു.

# ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷം ഓഗസ്റ്റ് 23-ന്

ചിക്കാഗോ: 2023-ൽ സ്ഥാപിതമായ ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (GCMA) മൂന്നാമത് ഓണാഘോഷം ഓഗസ്റ്റ് 23-ന് ഞായറാഴ്ച 4 മണി മുതൽ ബെൽവുഡ് സീറോമലബാർ ചർച്ചിൽ (5000 St. Charles Rd. Bellwood 60104) നടക്കും.

ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടുകൂടി മാവേലി മന്നനെ എതിരേൽക്കുന്ന ഘോഷയാത്ര, വിഭവ സമൃദ്ധമായ ഓണസദ്യ, വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയ്ക്കുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി.

ഓണാഘോഷത്തിലേക്കും പൊതുസമ്മേളനത്തിലേക്കും എല്ലാ മലയാളികളെയും കുടുംബസമേതം ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. സുബാഷ് ജോർജ്, അനിൽ കൃഷ്ണൻ, റോഷ്നി ബിജു, പാർവതി നായർ എന്നിവർ മുഖ്യ സംഘാടകർ ആയിരിക്കും.

ഗ്രെയ്റ്റർ ചിക്കാഗോയിലെ ഏറ്റവും മികച്ച ഡാൻസ് ഗ്രൂപ്പ് ആയ നോർത്തേൺ സബർബ്സ് ടീം, ടീം നർത്തകി എന്നിവർ അവതരിപ്പിക്കുന്ന ഡാൻസ് മെഡലി, തിരുവാതിര, ഗായകരായ അനുജ് ഗോപാൽ, മെർലിൻ ജോസ് എന്നിവരുടെ ഗാനങ്ങൾ, GCMA സർഗോത്സവം വിജയികളായ കലാകാരന്മാരുടെ നൃത്ത, സംഗീത പ്രകടനങ്ങളും, ചെണ്ടമേളം, മിമിക്രി, മോനു വർഗീസ് ഫോട്ടോ സെഷൻ എന്നിവ ഉണ്ടായിരിക്കും.

ഓണാഘോഷത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ ലിങ്ക് GCMA വെബ്സൈറ്റ് ആയ www.greatercma.org -ൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് സുബാഷ് ജോർജ് (630-486-6040), അനിൽ കൃഷ്ണൻ (847-532-0472), പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത് (224-522-9157 ), സെക്രട്ടറി സേവ്യർ ജോൺ (312-391-6767), സുജിത്ത് കേനോത്ത് (513-846-6901) എന്നിവരെ ബന്ധപ്പെടുക.




ഗ്രെയ്റ്റർ ചിക്കാഗോയിലെ ഏറ്റവും മികച്ച കാറ്ററിംഗ് കമ്പനിയായ കൈരളി ഫുഡ്സ് ആയിരിക്കും 24 വിഭവങ്ങൾ ഉള്ള ഗ്രാൻഡ് ഓണസദ്യ തയ്യാറാക്കുന്നത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.63 |
| യൂറോ | 110.21 |
| സ്റ്റെർലിംഗ്പൗണ്ട് | 129.52 |
| സ്വിസ് ഫ്രാങ്ക് | 117.86 |
| സിംഗപ്പൂർ ഡോളർ | 74.48 |
| കനേഡിയൻ ഡോളർ | 68.98 |
| ഒമാൻ റിയാൽ | 248.75 |
| ബഹ്റൈൻ ദിനാർ | 254.31 |
| സൗദി റിയാൽ | 25.52 |
| യു.എ.ഇ. ദിർഹം | 26.04 |
| കുവൈത്ത് ദിനാർ | 309.77 |

# സ്തുത്യർഹ സേവനം: രാഷ്ട്രപതിയുടെ മെഡൽ 664 പേർക്ക്

ന്യൂഡൽഹി: സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ 664 പേർക്കു ലഭിച്ചു.

നിലവിൽ ബിഎസ്എഫിൽ ഡപ്യൂട്ടേഷനിലുള്ള മുൻ നോർത്ത് സോൺ ഐജി രാജ്പാൽ മീണ, കോട്ടയം ഇസ്റ്റേൺ റേഞ്ച് വിജിലൻസ് എസ്പി ആർ. ബിനു, വിജിലൻസ് ആസ്ഥാനത്തെ ഇന്റലിജൻസ് എസ്പി ജി. ഉജ്വൽ കുമാർ, കോട്ടയം വിജിലൻസ് ഡിവൈഎസ്പി വി.ആർ. രവികുമാർ, തിരുവനന്തപുരം ജില്ലാ സിറ്റി സ്പെഷൽ ബ്രാഞ്ച് എസി എസ്.എസ്. സുരേഷ് ബാബു, തിരുവനന്തപുരം സിറ്റി ഡിറ്റാച്ച്മെന്റ് എസ്എസ്ബി എസ്ഐ എസ്.എൽ. ജ്യോതിഷ് കുമാർ എന്നിവരും കേരളത്തിൽനിന്നു മെഡലിന് അർഹരായി.

ഫയർ സർവീസിൽനിന്ന് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർമാരായ ജെ. രാജേന്ദ്രൻ നായർ, എൻ. സെബാസ്റ്റ്യൻ ജോസഫ് എന്നിവർക്കും കറക്ഷനൽ സർവീസിൽനിന്ന് ജയിൽ ആസ്ഥാനത്തെ അസിസ്റ്റന്റ് സൂപ്രണ്ട് സുനിൽ എസ്. കുമാർ, പ്രിസൺ ഓഫീസർ എം.കെ. മോഹൻദാസ് എന്നിവർക്കും മെഡലുണ്ട്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായ സജി ചെറുതറയിൽ, ബിഎസ്എഫിൽ ഇൻസ്പെക്ടറായ കെ.പി. സുരേന്ദ്രൻ, സിഐഎസ്എഫിലെ ഡപ്യൂട്ടി കമൻഡാന്റ് അർച്ചന രേഷ്മ മിൻസ്, സിആർപിഎഫിലെ സെക്കൻഡ് ഇൻ കമാൻഡുമാരായ ടി.കെ. മുരളീകൃഷ്ണൻ, ടി. വർഗീസ്, ഇൻസ്പെക്ടർ എസ്. ജോണി, സീനിയർ ഇൻസ്ട്രക്ടർ കെ. രാജഗോപാൽ, സബ് ഇൻസ്പെക്ടർ പി.കെ. അനുരാധ തുടങ്ങിയവർക്കും മെഡൽ ലഭിച്ചു.

ധീരതയ്ക്കുള്ള മെഡലിന് 301 പേർ അർഹരായി. നക്സൽ ബാധിത മേഖലകളിലെ പ്രവർത്തനത്തിന് 197 പേർക്കു മെഡൽ ലഭിച്ചു. ജമ്മു കശ്മീർ മേഖലയിൽനിന്ന് 51 പേർ അർഹരായി. 92 സേനാംഗങ്ങൾക്ക് വിശിഷ്ടസേവനത്തിനുള്ള മെഡലുണ്ട്.



# ബാർ കൗൺസിലിന് സുപ്രീംകോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: ചീഫ് ജസ്റ്റിസിനുനേരെ പ്രതിഷേധമുന്നയിച്ച ഹൈദരാബാദ് നൽസാർ സർവകലാശാല വിദ്യാർഥികൾക്കെതിരേ നടപടിക്കൊരുങ്ങിയ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ (ബി.സി.ഐ) നീക്കത്തെ കടുത്തഭാഷയിൽ വിമർശിച്ച് സുപ്രീംകോടതി. സമാധാനപരമായി പ്രതിഷേധിക്കാൻ വിദ്യാർഥികൾക്ക് അവകാശമുണ്ടെന്നും അതിൽ ബി.സിഐെക്ക് എന്താണ് കാര്യമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ചോദിച്ചു.

നൽസാറിലെ വിദ്യാർഥികൾക്കോ അവിടത്തെ അധ്യാപകർക്കോ എതിരേ ഒരു ശിക്ഷാനടപടിയുമെടുക്കരുതെന്ന് സുപ്രീംകോടതി ഇടക്കാല ഉത്തരവിറക്കി. വിദ്യാർഥികളെ സുപ്രീംകോടതി അഭിഭാഷകരാവാൻ സ്വാഗതംചെയ്യുന്നതായി ചീഫ് ജസ്റ്റിസ് പറഞ്ഞു.

അവരെ സുപ്രീംകോടതിയുടെ നിയമസഹായ (ലീഗൽ എയ്ഡ്) കേസുകളിൽ നിയോഗിക്കാം. അവരുടെ ഭാവി തടസ്സപ്പെടുത്താനുദ്ദേശിച്ചവർക്ക് അത് ഉചിതമായ മറുപടിയാകുമെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

നൽസാറിലെ ബിരുദദാനച്ചടങ്ങിൽ ചീഫ് ജസ്റ്റിസിനെ ക്ഷണിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച നിയമവിദ്യാർഥികളെ അഭിഭാഷകരായി എൻറോൾ ചെയ്യിക്കരുതെന്ന് ബി.സി.ഐ അധ്യക്ഷൻ മനൻ കുമാർ മിശ്ര ഓഗസ്റ്റ് 13-ന് നിർദേശമിറക്കിയിരുന്നു. വിവാദമായതോടെ മണിക്കൂറുകൾക്കകം അത് പിൻവലിക്കുകയും ചെയ്തു. തീർത്തും അനാവശ്യമായ ഇടപെടലാണ് ബി.സി.ഐ നടത്തിയതെന്ന് ചീഫ് ജസ്റ്റിസ് വെള്ളിയാഴ്ച വിമർശിച്ചു.

ബി.സി.ഐ അധ്യക്ഷന്റെ നിർദേശങ്ങൾക്കെതിരേ ഫയൽ ചെയ്ത ഹർജി മുതിർന്ന അഭിഭാഷകൻ കെ. പരമേശ്വർ ചൂണ്ടിക്കാട്ടിയപ്പോഴാണ് പ്രതികരണമുണ്ടായത്. വിദ്യാർഥികൾ എനിക്ക് കത്തെഴുതിയിട്ടുണ്ടാവാം. അത് ഞാനും അവരും തമ്മിലുള്ള സംഭാഷണമാണ്. അതിൽ അനാവശ്യമായി പ്രശ്നമുണ്ടാക്കാൻ ബി.സി.ഐ ആരാണെന്നും ചീഫ് ജസ്റ്റിസ് ചോദിച്ചു.

വിദ്യാർഥിയായിരുന്നപ്പോൾ ഇത്തരം പ്രവർത്തനങ്ങളിൽ ഞാനും ഏർപ്പെട്ടിരുന്നു. ആർക്കാണ് വിദ്യാർഥികളെ തടയാനാവുകയെന്നും ചീഫ് ജസ്റ്റിസ് ചോദിച്ചു.

ബി.സി.ഐ അധ്യക്ഷൻ തന്റെ നിർദേശം പിന്നീട് പിൻവലിച്ചെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനരീതിയെക്കുറിച്ച് ചോദ്യമുയർത്തുന്ന നടപടിയാണുണ്ടായതെന്ന് കെ. പരമേശ്വർ പറഞ്ഞു. അധ്യക്ഷന്റെ നടപടിക്ക് കൗൺസിൽ യോഗം അനുമതി നൽകിയിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

തീരുമാനം പിൻവലിച്ചതായി ബി.സി.ഐക്കുവേണ്ടി ഹാജരായ അഡ്വ. രാധികാ ഗൗതം അറിയിച്ചു. ബി.സി.ഐ പ്രമേയം പാസാക്കിയാണോ നിർദേശം നൽകിയിരുന്നതെന്ന് കോടതി ചോദിച്ചു.

## പ്രളയ പ്രതിരോധത്തിന് ശാസ്ത്രീയ സമീപനം

തിരുവനന്തപുരം: കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും കേരളത്തിലുണ്ടാക്കുന്ന മഴക്കെടുതിയും പ്രളയവും ശാസ്ത്രീയമായി പ്രതിരോധിക്കാൻ കേരള ഫ്ളഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ് നടപ്പാക്കാൻ സംസ്ഥാന സർക്കാർ ഇതിന്റെ ഭാഗമായി ഐ.ഐ.ടികളിലെ വിദഗ്ധർ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധം അത്യാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മികച്ച പ്രളയ പ്രതിരോധ സംവിധാനം സംബന്ധിച്ച സമഗ്ര രൂപരേഖ ഐഐടി റൂർക്കി, ഐഐടി പാലക്കാട്, ഐഐടി കോട്ടയം എന്നിവിടങ്ങളിലെ വിദഗ്ധർ അടങ്ങിയ സംഘം മുഖ്യമന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചു.

സംസ്ഥാനത്തുണ്ടാകുന്ന തീവ്രമഴ നഗരങ്ങളിലെ വെള്ളക്കെട്ട്, നദീതീര പ്രളയം, ഉരുൾ പൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ വിവിധതരം പ്രകൃതിദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയമായ മുന്നൊരുക്കങ്ങളാണ് വിദഗ്ധ സംഘം നിർദേശിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മെഷീൻ ലേണിംഗ്, റിമോട്ട് സെൻസിംഗ്, ഹൈഡ്രോഡൈനാമിക് മോഡലിംഗ്, കൃത്യതയാർന്ന മഴ പ്രവചന സംവിധാനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പ്രളയ സാധ്യതയുള്ള പ്രദേശങ്ങൾ നേരത്തേ കണ്ടെത്താനും കൃത്യമായ മുന്നറിയിപ്പുകൾ നൽകാനും പദ്ധതി വഴി സാധിക്കും. പുഴകൾ, തടാകങ്ങൾ, കായലുകൾ എന്നിവയിലെ എക്കലും മണ്ണും നീക്കം ചെയ്യുന്ന നടപടി പ്രകൃതിയെയും ജലത്തിന്റെ ഒഴുക്കിനെയും എങ്ങനെ ബാധിക്കുമെന്നതു ശാസ്ത്രീയമായി പഠിച്ചശേഷമേ നടപ്പാക്കാവുവെന്നും ഐഐടി സംഘം ചൂണ്ടിക്കാട്ടി. പദ്ധതിയുടെ സാങ്കേതിക പ്രായോഗികതയും സാമ്പത്തിക ബാധ്യതകളും നടപ്പാക്കൽ രീതികളും സംബന്ധിച്ച് വിശദമായി പരിശോധിക്കാൻ ജലവിഭവ വകുപ്പിനും ദുരന്തനിവാരണ വകുപ്പിനും മുഖ്യമന്ത്രി നിർദേശം നൽകി. ഇരു വകുപ്പുകളും സംയുക്തമായി വിഷയം പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും സംസ്ഥാനത്തു പദ്ധതി നടപ്പാക്കുന്നതിൽ തുടർ നടപടി സ്വീകരിക്കുക.

## ഡോ. സജിത് ബാബു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ



തിരുവനന്തപുരം: കേരളത്തിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായി (സിഇഒ) ഡോ. സജിത് ബാബു നിയമിതനാകും. 2012 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായ അദ്ദേഹം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷൽ സെക്രട്ടറിയാണ്. സജിത് ബാബു ഉൾപ്പെടെയുള്ളവരുടെ പേരുകൾ നിർദേശിച്ച് കേരളം നൽകിയ പട്ടിക പരിശോധിച്ചാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം.

സിഇഒ ആയിരുന്ന ഡോ. രത്തൻ യു. ഖേൽക്കർ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായതോടെ എ. കൗശികനെയാണു തൽസ്ഥാനത്തു നിയമിച്ചത്. കൗശികൻ കേന്ദ്രത്തിലേക്കു ഡപ്യൂട്ടേഷനിൽ പോയതോടെയാണു പുതിയ നിയമനം. തിരുവനന്തപുരം സ്വദേശിയായ ഡോ. സജിത് ബാബു കേരള കാർഷിക സർവകലാശാല അസി. പ്രഫസറായിരുന്നു. തുടർന്ന് ഡപ്യൂട്ടി കളക്ടറായി സേവനമനുഷ്ഠിച്ചശേഷം ഐഎഎസ് നേടി. അഗ്രോണമിയിൽ പിഎച്ച്ഡിയുണ്ട്.

## ഭക്ഷ്യസുരക്ഷാ അതോറിറ്റിക്ക് സുപ്രീം കോടതിയുടെ വിമർശനം

ന്യൂഡൽഹി: പാക്കറ്റ് ഭക്ഷണങ്ങളിൽ പഞ്ചസാര, കൊഴുപ്പ് എന്നിവ ഉയർന്ന അളവിൽ അടങ്ങിയിട്ടുണ്ടെന്ന മുന്നറിയിപ്പ് രേഖപ്പെടുത്തണമെന്ന മുൻ ഉത്തരവ് പാലിക്കാത്തതിൽ ഭക്ഷ്യസുരക്ഷാ അതോറിറ്റിക്ക് (എഫ്എസ്എസ്എഐ)സുപ്രീംകോടതിയുടെ വിമർശനം.

കഴിഞ്ഞ ഫെബ്രുവരിയിലെ ഉത്തരവ് നടപ്പാക്കുന്നതിനു പകരം പാക്കറ്റുകളിൽ പഞ്ചസാര, ഉപ്പ്, കൊഴുപ്പ് എന്നിവയുടെ ദൈനംദിന ഉപഭോഗ അളവ് പരാമർശിക്കാമെന്ന എഫ്എസ്എസ്എഐയുടെ നിർദേശമാണ് ബെഞ്ചിനെ ചൊടിപ്പിച്ചത്. എഫ്എസ്എസ്എഐ ഭക്ഷ്യോൽപന്ന നിർമാണക്കമ്പനികൾക്കു വഴങ്ങുകയാണോയെന്ന് ജസ്റ്റിസ് ജെ.ബി.പർദിവാല ആരാഞ്ഞു.

ഇന്ത്യയിൽ ഭക്ഷ്യോൽപന്നങ്ങളുടെ രാജ്യാന്തര മാനദണ്ഡങ്ങൾ പിന്തുടരാനാകില്ലെന്ന കേന്ദ്ര നിലപാടിനെയും ബെഞ്ച് വിമർശിച്ചു. ഫെബ്രുവരി പത്തിലേത് നിർദേശമായിരുന്നില്ലെന്നും ഉത്തരവായിരുന്നുവെന്നും ഓർമിപ്പിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ നടപടിയുണ്ടാകണമെന്നു നിർദേശം നൽകി. വിവിധ സന്നദ്ധസംഘടനകൾ നല്കിയ ഹർജികൾ പരിഗണിക്കുകയായിരുന്നു ജഡ്ജിമാരായ ജെ.ബി. പർദിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവരുൾപ്പെട്ട ബെഞ്ച്.

## KCCNA പുരസ്കാരങ്ങൾ വിതരണം ചെയ്തു

(13-ാം പേജിൽനിന്നും)

സംഘടനകളിലെ നേതൃത്വപരമായ പ്രവർത്തനങ്ങൾക്കും George Nellamattathil-ന് Knanaya Entrepreneur Award ലഭിച്ചു. സമൂഹത്തിന്റെ വളർച്ചയ്ക്കായി സംരംഭകത്വവും സംഘടനാ നേതൃത്വവും ഒരുമിച്ചു മുന്നോട്ടു കൊണ്ടുപോകുന്ന പ്രവർത്തനങ്ങൾക്ക് നല്കിയ അംഗീകാരമായിരുന്നു ഇത്.

Knai Thomas Service Award: ക്നാനായ സമൂഹത്തിന് ദീർഘകാലമായി നല്കിയ സമർപ്പിത സേവനത്തെ ആദരിക്കുന്ന Knai Thomas Service Award Cyriac Lukose Puthanpurayil-നും Tomy Myalikaraparthnും സമ്മാനിച്ചു.

സംഘടനാപ്രവർത്തനങ്ങളിലും ക്നാനായ സമൂഹത്തിന്റെ വിവിധ പദ്ധതികളിലും വർഷങ്ങളായി നല്കിയ സേവനത്തിനുള്ള അംഗീകാരമായാണ് ഇരുവരെയും ആദരിച്ചത്.

2026-ലെ KCCNA Awards-ന്റെ വിവിധ വിഭാഗങ്ങളിലേക്കുള്ള നോമിനേഷൻസ് സ്വീകരിക്കുകയും അവ വിലയിരുത്തി അർഹരായവരെ തെരഞ്ഞെടുക്കുകയും ചെയ്ത അവാർഡ് കമ്മിറ്റി അംഗങ്ങളുടെ പ്രവർത്തനവും ചടങ്ങിൽ പ്രത്യേകം അഭിനന്ദിക്കപ്പെട്ടു. പുരസ്കാരങ്ങൾക്കായി നോമിനേഷൻസ് സമർപ്പിച്ച എല്ലാവർക്കും അവാർഡ് കമ്മിറ്റി നന്ദി രേഖപ്പെടുത്തി. 2026- KCCNA Award വിജയികളെ തെരഞ്ഞെടുക്കുന്നതിലും പുരസ്കാര നടപടികൾ ഏകോപിപ്പിക്കുന്നതിലും KCCNA Awards & Recognition Committee നിർണായക പങ്കുവഹിച്ചു. സാൻജോസയിൽ നിന്നുള്ള Anitha John Pulimoottil ചെയർപേഴ്സണായും ഹൂസ്റ്റണിൽ നിന്നുള്ള Kennady Enchanattu, മയാമിയിൽ നിന്നുള്ള Roshini Kaniyamparambil എന്നിവർ Co-Chair ആയും സമിതിക്ക് നേതൃത്വം നല്കി.

KCCNA ദേശീയ നേതൃത്വം- പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ - ക്നാനായ സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രതിഭകളെ അംഗീകരിക്കുന്ന ഇത്തരം പുരസ്കാരങ്ങൾ സമൂഹത്തിന്റെ വളർച്ചയ്ക്കും പുതുതലമുറയുടെ പ്രചോദനത്തിനും ഏറെ പ്രാധാന്യമുള്ളതാണെന്ന് ചൂണ്ടിക്കാട്ടി. ദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുവപ്രതിഭകൾ മുതൽ വർഷങ്ങളായി സമൂഹത്തിന് നിസ്വാർത്ഥ സേവനം നല്കിയ മുതിർന്ന നേതാക്കൾ വരെയുള്ളവരെ ഒരുമിച്ച് ആദരിച്ച ഈ ചടങ്ങ് United in Heritage, Faith & Family, and Tradtion എന്ന 16-ാമത് KCCNA കൺവൻഷന്റെ സന്ദേശത്തിന് കൂടുതൽ അർത്ഥവത്തായ നിറം നല്കി. 2026-ലെ എല്ലാ KCCNA Award ജേതാക്കൾക്കും ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

## 'ക്നാനായ റോയൽ കിംഗ്ഡം പേജന്റ്'

(25-ാം പേജിൽനിന്നും)

മത്സരത്തിന്റെ നിലവാരം വളരെ ഉയർന്നതിനാൽ വിധികർത്താക്കൾക്ക് വിജയികളെ കണ്ടെത്തുക ഏറെ ശ്രമകരമായിരുന്നുവെന്ന് സംഘാടകർ അറിയിച്ചു.

ക്നാനായ സമൂഹത്തിനു പുറത്തു നിന്നുള്ള വിധികർത്താക്കളുടെ പാനലാണ് മത്സരത്തെ വിലയിരുത്തിയത്. നിഷ്പക്ഷവും പ്രൊഫഷണലുമായ വിലയിരുത്തലാണ് മത്സരത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിച്ചതെന്ന് സംഘാടകർ പറഞ്ഞു.

വിജയികൾക്ക് കിരീടവും ട്രോഫിയും ദേശീയ വേദിയിൽ സമ്മാനിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള മത്സരാർത്ഥികൾ ക്നാനായ സമൂഹത്തിന്റെ പ്രതിഭയും ആത്മവിശ്വാസവും കുടുംബമൂല്യങ്ങളും ദേശീയ വേദിയിൽ മികച്ച രീതിയിൽ അവതരിപ്പിച്ചതായി വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.

കിരീടം ചൂടിയത് ഏതാനും പേരാണെങ്കിലും പങ്കെടുത്ത ഓരോ മത്സരാർത്ഥിയും തങ്ങളുടെ യൂണിറ്റിന്റെ അഭിമാനവും ക്നാനായ സമൂഹത്തിന്റെ കഴിവും ദേശീയ വേദിയിൽ ഉയർത്തിക്കാട്ടാൻ കഴിഞ്ഞു. നിറഞ്ഞ സദസ്സിന്റെ കൈയടിയും ആവേശവും മത്സരാർത്ഥികളുടെ മികച്ച പ്രകടനവും പരിപാടിയെ തുടക്കം മുതൽ അവസാനം വരെ ആവേശഭരിതമാക്കി.

KCCNA പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, കൺവൻഷൻ ചെയർമാൻ ജോബി ഊരാളിൽ, KCWFNA ദേശീയ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം എന്നിവർ വിജയികളെയും എല്ലാ മത്സരാർത്ഥികളെയും അഭിനന്ദിച്ചു. കുടുംബമൂല്യങ്ങളും പാരമ്പര്യവും കലാപ്രതിഭയും ഒരുമിപ്പിച്ച ഈ പരിപാടി 16-ാമത് KCCNA കൺവൻഷന്റെ ഏറ്റവും മികച്ച കുടുംബ അവതരണങ്ങളിലൊന്നായി മാറിയെന്ന് അവർ അഭിപ്രായപ്പെട്ടു.

പാരമ്പര്യവും രാജകീയ പ്രൗഢിയും കലാപ്രതിഭയും ആത്മവിശ്വാസവും ഒരുമിച്ചു ചേർന്ന 'ക്നാനായ റോയൽ കിംഗ്ഡം പേജന്റ്' 16-ാമത് KCCNA കൺവൻഷന്റെ ഏറ്റവും ശ്രദ്ധേയവും ജനപ്രീതിയാർജ്ജിച്ചതുമായ പരിപാടികളിലൊന്നായി മാറി.

## Mr & Miss KNA കിരീടങ്ങൾ

(24-ാം പേജിൽനിന്നും)

ഒന്നാം സ്ഥാനം - ചിക്കാഗോ

രണ്ടാം സ്ഥാനം - ന്യൂയോർക്ക്

മൂന്നാം സ്ഥാനം - ഹൂസ്റ്റൺ

വിവിധ നഗരങ്ങളിൽ നിന്നുള്ള യുവജന ടീമുകൾ ആവേശകരമായ അവതരണങ്ങളുമായി വേദിയിലെത്തിയപ്പോൾ ഓരോ യൂണിറ്റും തങ്ങളുടെ മികവും കൂട്ടായ്മയും തെളിയിക്കാൻ മികച്ച പ്രകടനം കാഴ്ചവെച്ചു. സൗഹൃദവും മത്സരവീര്യവും ഒരുപോലെ നിറഞ്ഞ Battle of the Cities കൺവൻഷനിലെ യുവജനങ്ങളുടെ പ്രധാന ആകർഷണമായി മാറി.

KCCNA-യുടെ ഏറ്റവും സജീവമായ ഉപസംഘടനകളിലൊന്നായ KCYLNA പുതിയ തലമുറയെ സംഘടനാ പ്രവർത്തനങ്ങളിലേക്കും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലേക്കും കൂടുതൽ സജീവമായി കൊണ്ടുവരുന്നതിന്റെ ഭാഗമായി ഒരുക്കിയ ഈ പരിപാടികൾ യുവജനങ്ങളുടെ കഴിവുകൾക്ക് ദേശീയവേദി ഒരുക്കി.

Mr. & Miss KNA-യും Battle of the Cities-ഉം വിജയകരമായി സംഘടിപ്പിച്ചതിലൂടെ KCYLNA-യുടെ 2025 -2027 ദേശീയ നേതൃത്വം 16-ാമത് KCCNA കൺവൻഷനിലെ യുവജന പരിപാടികൾക്ക് പുതിയ ആവേശവും മികവും പകർന്നു. വിജയികളെയും റണ്ണറപ്പുകളെയും പങ്കെടുത്ത മത്സരാർത്ഥികളെയും KCCNA നേതൃത്വം അഭിനന്ദിച്ചു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## മാത്യു ടി. ജോർജ്

**ചെങ്ങന്നൂർ:** അരാംകോ റിട്ട. ഉദ്യോഗസ്ഥൻ അങ്ങാടിക്കൽ തെക്ക് തോളൂർ മാത്യു ടി. ജോർജ് (ബാബു–76) അന്തരിച്ചു. ഭാര്യ റാന്നി കോയിത്തോടത്ത് വത്സമ്മ. മക്കൾ: സുബിൻ (ദുബായ്), ജുബിൻ (യുഎസ്). മരുമക്കൾ: ചെറിയനാട് മേലേ വീട്ടിൽ മോൻസി (ദുബായ്), ഓമല്ലൂർ തറയിൽ സ്റ്റെഫി (യുഎസ്).

**തലവടി:** ആനപ്രമ്പാൽ വടക്ക് പുത്തൻപറമ്പിൽ പി.ആർ. അനിൽകുമാർ (കൊച്ചുമോൻ -61) അന്തരിച്ചു.

**തൃക്കൊടിത്താനം:** കെഎസ്ഇബി റിട്ട. എൻജിനീയർ കെഎസ്ആർ വില്ല (കുമരന്തറ) കെ.ജെ. സെബാസ്റ്റ്യൻ (79) അന്തരിച്ചു.

**പയസ്മൗണ്ട്:** കല്ലുപ്രായിൽ കെ.ജെ. സെബാസ്റ്റ്യൻ (സണ്ണി-64) അന്തരിച്ചു.

## എം.ജി. ഏബ്രഹാം

കടുത്തുരുത്തി: മാളിയേക്കൽ എം.ജി. ഏബ്രഹാം (74) അന്തരിച്ചു. ഭാര്യ: റിട്ട എച്ച്.എം. ലില്ലിക്കുട്ടി ഏബ്രഹാം. മക്കൾ: ടീന (യുകെ), ടിന്റു (എസ്.ബി.ഐ), ടെസ്സി (ഓസ്ട്രേലിയ). മരുമക്കൾ: ജോമോൻ (യുകെ), തോമസ് (യുഎസ്), അനിൽ (ഓസ്ട്രേലിയ).

**മീനച്ചിൽ:** പാലാ കാർമൽ പബ്ലിക് സ്കൂൾ റിട്ട.അദ്ധ്യാപകൻ പാലാക്കാട് പന്തലാനിക്കൽ അലക്സ് തോമസ് (ജോയിച്ചൻ–62) അന്തരിച്ചു.

**ചെർപ്പുളശേരി:** മുൻമന്ത്രി എം.ബി. രാജേഷിന്റെ സഹോദരൻ കയിലാട് മാമ്പറ്റ വീട്ടിൽ എം.ബി. ബ്രിജേഷ് (51) അന്തരിച്ചു.

**കാണക്കാരി:** കെഎസ്ഇബി റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ ഗോപികയിൽ പി.എസ്. ഗോപിനാഥൻ നായരുടെയും ചാന്ദ്നി ജി. നായരുടെയും മകൻ റെയിൽവേ സെൻട്രൽ ഈസ്റ്റ് ഡിവിഷൻ സീനിയർ അസി. ലോക്കോ പൈലറ്റ് ഹരിശങ്കർ ജി. നായർ (37) അന്തരിച്ചു.

**പത്തനാപുരം:** ബഹ്റൈൻ സൽമാനിയ കോളജ് ഓഫ് ഹെൽത്ത് സയൻസ് പ്രഫസർ കുര്യോട്ട് ആനി ബാബു (തങ്കമണി–80) അന്തരിച്ചു.

**പുതുപ്പള്ളി:** ആക്കാംകുന്ന് പുളിക്കപ്പറമ്പിൽ ഐസക്കിന്റെ ഭാര്യ കുഞ്ഞുമോൾ (63) അന്തരിച്ചു.

**കോന്നി:** ജെബൽപൂർ എംപിഇബി റിട്ട. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഐരവൺ കരിപ്പാലമട്ടക്ക് വീട്ടിൽ കെ. തങ്കമണിയമ്മ (88) അന്തരിച്ചു.

**തിരുവല്ല:** കാവുംഭാഗം ഒലീവ് കരീന വില്ലയിൽ സോളമൻ ജോർജ് (76) അന്തരിച്ചു.

**പട്ടിത്താനം:** തേവർവാലക്കട്ടയിൽ (തൊണ്ടിൽ) വീട്ടിൽ മോളി ജോസഫ് (66) അന്തരിച്ചു.

## ലീലാമ്മ ജോസഫ് മാക്കീൽ



**മാഞ്ഞൂർ:** മാക്കീൽ പരേതനായ ജോസഫിന്റെ (കുഞ്ഞേപ്പ്) ഭാര്യ ലീലാമ്മ ജോസഫ് (82) അന്തരിച്ചു. പരേത കല്ലറ പുത്തൻപള്ളി കരിശ്ശേരിക്കൽ കുടുംബാംഗമാണ്. മക്കൾ: ജെസ്സി മാരിയിൽ, സജി മാക്കീൽ (ചിക്കാഗോ), ജെയിൻ മാക്കീൽ (ചിക്കാഗോ കെസിഎസ് മുൻ പ്രസിഡണ്ട്), ജോബ് മാക്കീൽ (ചിക്കാഗോ), ജോയൽ മാക്കീൽ. മരുമക്കൾ: ജോസ് മാരിയിൽ (ബ്രഹ്മമംഗലം), ഷീന തെങ്ങേലിമണ്ണിൽ (പുനലൂർ), ഡിബി മടയനകാവിൽ (കണ്ണങ്കര), ഷീജ കോഴംപ്ലാക്കിൽ (അരീക്കര), വിനീത കണ്ടാരപ്പള്ളിൽ (കുറുപ്പന്തറ). കൊച്ചുമക്കൾ: ട്രിജ, നിജിൻ, ഷാരൺ, ഏബൽ, ജെയ്ബു, ജെസ്ബിൻ, ജെയ്ബിലിൻ, റയാൻ, റോമ, മിയ, മിലൻ. സഹോദരങ്ങൾ: അന്നമ്മ പനംകാലായിൽ, മേരി, പരേതരായ കുര്യൻ, മത്തായി.

**തിരുവല്ല:** മുണ്ടിയംപള്ളി അക്കരെ നാട്ടിൽ അന്നമ്മ വർഗീസ് (90) അന്തരിച്ചു.

**മൂവാറ്റുപുഴ:** ഹോളി ഫാമിലി സന്യാസിനി സമൂഹത്തിലെ മൂവാറ്റുപുഴ കൃപ ജ്യോതി പ്രോവിൻസ് അംഗമായ സിസ്റ്റർ ജെമ്മ (52) അന്തരിച്ചു.

**തെങ്ങണ:** എഫ്സിഐ റിട്ട. ഉദ്യോഗസ്ഥൻ തെക്കേക്കര ടി.ഒ. ചാക്കോ (79) മുംബൈയിൽ അന്തരിച്ചു.

**കൂവപ്പള്ളി:** ശൗര്യാംകുഴിയിൽ അന്നമ്മ ജോസഫ് (അന്നക്കൊച്ച്–97) അന്തരിച്ചു.

**തിരുവല്ല:** മഹാരാഷ്ട്ര ചന്ദ്രപ്പൂർ ഗവ. നേഴ്സിങ് കോളജ് റിട്ട. പ്രിൻസിപ്പാൾ കാട്ടുക്കര ഇലഞ്ഞിമൂട്ടിൽ ഏലിയാമ്മ പൗലോസ് (80) അന്തരിച്ചു.

**മേപ്രാൽ:** കട്ടപ്പുറത്ത് പാലത്തിട്ടയിൽ ചാക്കോ മത്തായി (84) അന്തരിച്ചു.

**തെന്നത്തൂർ:** പാലാ മുന്നാനിമൂലയിൽ (പയ്യാനിമണ്ഡപം) പരേതനായ ദേവസ്യായുടെ ഭാര്യ അച്ചാമ്മ (90) അന്തരിച്ചു.

**പാമ്പാടി:** പുനലൂർ ഇടമൺ പുത്തൻപുരയിൽ എ. ജോണി (74) അന്തരിച്ചു.

**അമയന്നൂർ:** ഐബി റിട്ട. ഉദ്യോഗസ്ഥൻ പുതയറയിൽ പി.എൻ. രാമചന്ദ്രൻ നായർ (70) അന്തരിച്ചു.

**അഞ്ചൽ:** കണ്ടത്തിൽ ടി. കെ. ഏബ്രഹാം (81)അന്തരിച്ചു.

## കെ.വി. ഏബ്രഹാം

**നിരണം ഈസ്റ്റ്:** വാഴപ്പള്ളിൽ കെ.വി. ഏബ്രഹാം (തങ്കച്ചൻ–91) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ ചെങ്ങന്നൂർ വലിയപറമ്പിൽ ബേബി. മക്കൾ: റോബിൻ, ജോർജി, റീനി, റെജിൻ (എല്ലാവരും യുഎസ്).

**അങ്കമാലി:** ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനും പ്രമുഖ ചരിത്രകാരനും ഭാഷാ ഗവേഷകനുമായ ഫാ. ഡോ. ജോസഫ് ചീരൻ (81) അന്തരിച്ചു.

**പാക്കിൽ:** കാരമൂട് കിഴക്കേ ചെമ്പിതറ പരേതനായ വർഗീസ് ചെറിയാന്റെ ഭാര്യ അന്നമ്മ ചെറിയാൻ (70) അന്തരിച്ചു.

**ചാമംപതാൽ:** മുള്ളോങ്കൽ ത്രേസ്യാമ്മ ജോൺ (79) സ്വിറ്റ്സർലൻഡിൽ അന്തരിച്ചു.

**പാലാ:** ഇളന്തോട്ടം കയ്യാലയ്ക്കകം മാത്തുക്കുട്ടിയുടെ ഭാര്യ സെലിൻ മാത്യു (87) അന്തരിച്ചു.

**അയർക്കുന്നം:** സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് റിട്ട. ജീവനക്കാരൻ തൊണ്ടംപള്ളിൽ ടി.യു. ചാക്കോ (86) അന്തരിച്ചു.

## ടി.എ. ബേബി

മണക്കാട്: തെക്കേകണ്ണോത്ത് ടി.എ. ബേബി (75) അന്തരിച്ചു. ഭാര്യ: ചുങ്കം വാണിയേക്കുന്നേൽ കുട്ടിയമ്മ. മക്കൾ: ബിനീഷ്, അജീഷ് (ബെൽജിയം), തോമസ് (യു.എസ്). മരുമക്കൾ: പാച്ചിറ തെക്കേപ്പറമ്പിൽ ലിഞ്ചു, കുറുമുള്ളൂർ കൂനാനിക്കൽ ജിഞ്ചു, ജസ്റ്റിന (ന്യൂയോർക്ക്).

**ആർപ്പൂക്കര:** തോപ്പിൽ ജോർജ് കുര്യന്റെയും റോസമ്മ ജോർജിന്റെയും മകൻ ഷിൽസൺ ജോർജ് (41) അന്തരിച്ചു.

**പത്തനാപുരം:** മൗണ്ട് താബോർ ദയറാ സുപ്പീരിയറും താബോർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരുമായ യൗനാൻ സാമുവേൽ റമ്പാൻ (79) അന്തരിച്ചു.

**പുളിങ്കുന്ന്:** കായൽപ്പുറം കരിപ്പറമ്പിൽ വാലേക്കളത്തിൽ ജോസഫ് ചാക്കോ (കുഞ്ഞപ്പൻ–74) അന്തരിച്ചു.


**കോട്ടയം:** വെസ്റ്റേൺ റെയിൽവേ മുൻ ഉദ്യോഗസ്ഥൻ ചെറുവള്ളിക്കുന്നേൽ സി.വി. തോമസ് (അച്ചൻകുഞ്ഞ്–82) അന്തരിച്ചു.

**പാമ്പാടി:** തിരുവല്ല തോലശ്ശേരി സിഎംഎസ് ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക കുമാരമംഗലം ശാന്തമ്മ ജോൺ (81) അന്തരിച്ചു.

**അയ്മനം:** കോട്ടയം ബസേലിയോസ് കോളജ് റിട്ട. പ്രഫസർ പറമ്പിൽ പി. കുര്യൻ ജോൺ (80) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** 26-ാം മൈൽ കുരിശുമ്മൂട്ടിലായ മണ്ണിപ്പറമ്പിൽ ജോഷ് ജോസഫിന്റെ ഭാര്യ ശോഭാ ജോഷി (66) അന്തരിച്ചു.

## ടി.എ. ഫിലിപ്പോസ് തരകൻ കോർ എപ്പിസ്കോപ്പ



**അയിരൂർ:** മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനും ആത്മീയ നേതൃത്വത്തിലൂടെ അനേകരുടെ ആദരവ് നേടിയ പുരോഹിതനുമായ വെരി റവ. ടി.എ. ഫിലിപ്പോസ് തരകൻ കോർ എപ്പിസ്കോപ്പ അന്തരിച്ചു.

**പിണ്ണാക്കനാട്:** രാമക്കൽമേട് എസ്എച്ച് എച്ച്എസ് റിട്ട. ഹെഡ്മാസ്റ്റർ തുണ്ടിയിൽ ടി.യു. ദേവസ്യ (ഡി. തുണ്ടിയിൽ–68) അന്തരിച്ചു.

**ചങ്ങനാശേരി:** ഗവ. താലൂക്ക് ആശുപത്രി റിട്ട. ചിൽഡ്രൻസ് സ്പെഷലിസ്റ്റ് ഫാത്തിമാപുരം കോയിപ്പറമ്പിൽ (പള്ളിപ്പുറം) ഡോ. കെ.സി. ജോസ് (85) അന്തരിച്ചു.

**വെള്ളയാംകുടി:** വെള്ളയാംകുടി സെന്റ് ജെറോംസ് എൽ.പി. സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക കുളത്തുങ്കൽ ജോസഫൈൻ ജോർജ് (72) അന്തരിച്ചു.

**കരിങ്കുന്നം:** കരിങ്കുന്നത്തെ റബർ വ്യാപാരി ഏലന്താനത്ത് ഇ.കെ. ജോസ് (66) അന്തരിച്ചു.

## ഐ.എ. ഹബീബുള്ള ഖാൻ

**തൃശൂർ:** ബാങ്ക് ഓഫ് ഒമാൻ (അബുദാബി) മുൻ മാനേജർ കുരിയച്ചിറ സിതാരയിൽ (അസ്ത കിഡ്സ് പ്രീസ്കൂൾ) കെ.എ. ഹബീബുള്ള ഖാൻ (88) അന്തരിച്ചു. ഭാര്യ മുഗിസുന്നീസ ബീഗം. മക്കൾ: ഡോ. പർവാസ് ഖാൻ (മസ്കറ്റ്), പർവീൺ (യുഎസ്), ഫർഹീൻ (ദുബായ്), ഫർഹീൻ (ഖത്തർ). മരുമക്കൾ: ഡോ. ഷിജി ഉമ്മർ (മസ്കറ്റ്), ഇക്ബാൽ (യുഎസ്), മഹസീൻ (അബുദാബി), ഷഹീർഖാൻ (ഖത്തർ).

**അരുവിക്കുഴി:** ഊട്ടി രൂപത വൈദികൻ ഫാ. തോമസ് മണിയങ്ങാട്ട് (83) അന്തരിച്ചു.

**മണർകാട്:** കുഴിപ്പുരയിടം കൊച്ചുപറമ്പിൽ ജോർജ് വർഗീസ് (ജോയി–59) അന്തരിച്ചു.

**ആറുമാനൂർ:** ചെത്തുകുളത്ത് പരേതനായ സി.ജെ. ഏബ്രഹാമിന്റെയും ത്രേസ്യാമ്മയുടെയും മകൻ ഷാജി ഏബ്രഹാം (55) അന്തരിച്ചു.

**പാലാ:** തുടങ്ങനാട് സെ. തോമസ് എച്ച്എസ് റിട്ട. എച്ച്.എം. പന്ത്രണ്ടാംമൈൽ കാനാട്ട് കെ.ജെ. ചാക്കോ (85) അന്തരിച്ചു.

## കുഞ്ഞന്നാമ്മ കുര്യൻ

**കോട്ടയം:** ചവിട്ടുവരി വട്ടക്കുന്നേൽ കുഞ്ഞന്നാമ്മ കുര്യൻ (99) അന്തരിച്ചു. നട്ടാശേരിയിൽ പുന്നയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.കെ. കുര്യൻ (കുര്യൻസ് ട്രേഡ് ഹൗസ് കോട്ടയം). മക്കൾ: തോമസ് കുര്യൻ (കുര്യൻ ട്രേഡ് ഹൗസ്), മറിയാമ്മ, എൽസമ്മ, ഓമന, ശോഭ, ശേദ, മിനി (യുഎസ്). മരുമക്കൾ: ആനി കുഴിയേലിൽ (മുളന്തുരുത്തി), ബേബി വട്ടപറമ്പിൽ (സൗത്ത് പാമ്പാടി), ജോർജ് വർഗീസ് മുളത്താനത്ത്കുന്നേൽ (പാമ്പാടി), സണ്ണി അരയാലുങ്കൽ (കാനം), ടോണി കിഴക്കേതലയ്ക്കൽ (മണർകാട്), കെ.കെ. കുര്യൻ കുരിശുങ്കൽ (ഒറവയ്ക്കൽ), തോമസ് തമ്പി പരുവകുളത്തുമാലിയിൽ കാഞ്ഞിരം (യുഎസ്).

**കായംകുളം:** ചവറ ടൈറ്റാനിയം മുൻ ജീവനക്കാരൻ പുതുപ്പള്ളി മോഴുവട്ടത്ത് പുത്തൻവീട്ടിൽ ജി. ചന്ദ്രശേഖരൻ (78) അന്തരിച്ചു.

**കൂരാലി:** ഈരാറ്റുപേട്ട മുസ്‌ലിം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപിക ആളുറുമ്പിൽ വി.ആർ സരസ്വതി അമ്മ (76) അന്തരിച്ചു.

## മേരിക്കുട്ടി ഐപ്പ്

**പയ്യപ്പാടി:** പുത്തൻപറമ്പിൽ മേരിക്കുട്ടി ഐപ്പ് (98) അന്തരിച്ചു. വെള്ളൂർ ഉപ്പൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് ഐപ്പ് ഐപ്പ്. മക്കൾ: അമ്മുക്കുട്ടി മാത്യു (യുഎസ്), ലീലാമ്മ കൊച്ചുകുഞ്ഞ് (കൊല്ലം), മോനിച്ചൻ (യുഎസ്). മരുമക്കൾ: പരേതനായ വാര്യവീട്ടിൽ ജോർജ് മാത്യു, നല്ലില ഇടവിളയിൽ കൊച്ചുകുഞ്ഞ്, മീനടം തെക്കേമുറിയിൽ ജസ്സി.

**പാലാ:** ചേർപ്പുങ്കൽ പടിഞ്ഞാറ്റിൻകര നടുവത്തേട്ട് എം.എൻ. തങ്കമ്മ (69) അന്തരിച്ചു.

**വടവാതൂർ:** വടാമറ്റത്തിൽ അമ്മിണി ചാക്കോ (76) അന്തരിച്ചു.

**അമയന്നൂർ:** സൈനിക ക്ഷേമവകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ കളത്തിൽ കെ.ആർ.വിശ്വനാഥൻ (80) അന്തരിച്ചു.

**മോനിപ്പള്ളി:** ഉഴവൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പാറയ്ക്കൽ ന്യൂജന്റ് ജോസഫ് (59) അന്തരിച്ചു.

**ഓയൂർ:** ചവറ ഗവ. കോളജ് റിട്ട. പ്രിൻസിപ്പാൾ പണിക്കർ ബംഗ്ലാവിൽ പ്രഫ. എം.ഡി. മാത്യു പണിക്കർ (80) അന്തരിച്ചു.

**കോട്ടയം:** കപ്പൂച്ചിൻ സഭ കോട്ടയം സെ. ജോസഫ്സ് പ്രോവിൻസ് ഭരണങ്ങാനം അസീസി ആശ്രമാംഗമായ ഫാ. സ്റ്റീഫൻ പൊയ്യാനിൽ (84) അന്തരിച്ചു.

**കോട്ടയം:** കുമരകം കണിയാന്തറയിൽ ക്യാപ്റ്റൻ ഏബ്രഹാം അലക്സ് (67) അന്തരിച്ചു.

**അഞ്ചൽപെട്ടി:** നടുവിലേടത്ത് എൻ.കെ. ജോർഡി (71) അന്തരിച്ചു.

## ഡോ. മേഴ്സിക്കുട്ടി മാത്യു

**ആരക്കുന്നം:** ഇഎസ്ഐ റിട്ട. മെഡിക്കൽ ഓഫീസർ പന്തളം കുടശനാട് തേവിരേത്ത് ഡോ. സി. മേഴ്സിക്കുട്ടി മാത്യു (74) അന്തരിച്ചു. തിരുവല്ല ചാലക്കുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് ഡോ. രാജു ജോർജ് (ആരക്കുന്നം എ.പി. വർക്കി മിഷൻ ആശുപത്രി). മക്കൾ: വിനോദ് (ബെംഗ്ളൂർ), ശാന്തി (ഫ്ളോറിഡ). മരുമക്കൾ: വേങ്ങൽ അമിച്ചക്കറി മെറിൻ, പടിഞ്ഞാറേ കോടിക്കുളം കൊല്ലംപറമ്പിൽ ബിബിൻ (ഫ്ളോറിഡ).

**തിരുവഞ്ചൂർ:** കൊച്ചുപറമ്പിൽ പരേതനായ കെ.സി. മത്തായിയുടെ ഭാര്യ ഏലിയാമ്മ മാത്യു (83) അന്തരിച്ചു.

## ക്ലാരമ്മ ഏബ്രഹാം

**കാഞ്ഞിരപ്പള്ളി:** ആനക്കല്ല് നായ്പ്പുരയിടം ക്ലാരമ്മ ഏബ്രഹാം (80) അന്തരിച്ചു. തൊടുപുഴ (കടവൂർ) ഇല്ലിപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് ബേബി ഏബ്രഹാം (യുഎസ്). മക്കൾ: ഡോ. സിബി ഏബ്രഹാം, സിറിൽ ഏബ്രഹാം (ഇരുവരും യുഎസ്). മരുമക്കൾ: ആശ മുട്ടത്ത് (ചങ്ങനാശേരി), മർത്ത (യുഎസ്).

**ആലപ്പുഴ:** വാരിയംകാട്ടിൽ നെടുബ്രോത്ത് കണ്ടത്തിൽ മോഹൻ മാത്യു (70)അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** കരിപ്പാപ്പറമ്പിൽ പരേതനായ അപ്പച്ചന്റെ ഭാര്യ ചിന്നമ്മ ജോസഫ് (95) അന്തരിച്ചു.

**വടവാതൂർ:** റിട്ട. പഞ്ചാബ് നാഷണൽ ബാങ്ക് ഉദ്യോഗസ്ഥൻ കൈതമറ്റം തുണ്ടിയിൽ കെ.ജി. ചാക്കോ (രാജു–71) അന്തരിച്ചു.

**ചമ്പക്കര:** കല്ലടയിൽ പരേതനായ കെ.ടി. മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യു (പെണ്ണമ്മ–90) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** തിരുഹൃദയ സന്യാസിനി സമൂഹം കൂവപ്പള്ളി ഭവനാംഗം സിസ്റ്റർ സ്റ്റെല്ലാ മരിയ (90) അന്തരിച്ചു.

**വേളൂർ:** ഇല്ലിക്കൽ പാലമൂട്ടിൽ റിട്ട. സിആർപിഎഫ് സബ് ഇൻസ്പെക്ടർ പി.കെ. ഗോപി (84) അന്തരിച്ചു.

**ഇളമ്പള്ളി:** പുല്ലാനിത്തകിടി കറുകപ്പറമ്പിൽ കുഞ്ഞുമോന്റെയും സുജയുടെയും മകൻ ജോ ആന്റണി (25) അന്തരിച്ചു.

**ഇത്തിത്താനം:** പൊൻപുഴ ചിറത്തലാട്ട് പരേതനായ സി.എൻ. തോമസിന്റെയും ഏലിയാമ്മയുടെയും മകൾ ടിഞ്ചു സി. തോമസ് (39) അന്തരിച്ചു.

**ഞീഴൂർ:** വടക്കേനിരപ്പ് നെടുങ്ങാട്ട് വീട്ടിൽ എം.എ. ശീധരൻ (81) അന്തരിച്ചു.

**തിരുവനന്തപുരം:** വെള്ളയമ്പലം കനക നഗർ കണ്ണങ്കേരിൽ കെ. അജയ് ജോർജ് (54) അന്തരിച്ചു.

**കല്ലൂർ:** വല്ലനാട്ട് മാത്യൂ ജോസഫ് (79) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**
**USA: +1 630 728 7956**
**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***


### *Favors Received*




"In trial or difficulty
I have recourse to
Mother Mary, whose glance
alone is enough to
dissipate every fear."

**Alyssa Kurien, Ajitha Kurien,
Ellicott city, Md**

### *Favors Received*



**Alyssa Kurien, Ajitha Kurien,
Ellicott city, Md**

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**
**Phone/Text: (847) 477-1202**
**Email: gisham26@gmail.com**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*




"In trial or difficulty
I have recourse to
Mother Mary, whose glance
alone is enough to
dissipate every fear."

**Elijah Kurien, Ajitha Kurien
Ellicott City, MD**

### *Favors Received*



*Inserted by: Firm Believer, Bloomingdale*






# പുതിയ സിനിമയെക്കുറിച്ചും സിനിമാ ജീവിതത്തെക്കുറിച്ചും ആർഷ ബൈജു സംസാരിക്കുന്നു

മലയാളത്തിലും തമിഴിലും മികച്ച കഥാപാത്രങ്ങളുമായി മുന്നോട്ടു കുതിക്കുകയാണ് ആർഷ ബൈജു. പതിനെട്ടാംപടി എന്ന ചിത്രത്തിൽനിന്നാരംഭിച്ച ആർഷയുടെ സിനിമായാത്ര ഇപ്പോൾ ആദിത്യൻ ചന്ദ്രശേഖർ സംവിധാനംചെയ്ത പ്ലൂട്ടോയിൽ എത്തിനിൽക്കുന്നു. കുച്ചിപ്പുഡിയും സംഗീതവുമായി കലാരംഗത്ത് സജീവമായ ആർഷ പുതിയ ചിത്രം പ്ലൂട്ടോയെക്കുറിച്ചും സിനിമാജീവിതത്തെക്കുറിച്ചും സംസാരിക്കുന്നു.

പ്ലൂട്ടോ സിനിമയിലേക്ക് എത്തിയത് സിനിമയുടെ സംവിധായകനായ ആദിത്യൻ ചന്ദ്രശേഖറിനൊപ്പം ഞാൻ ആവറേജ് അമ്പിളി എന്ന വെബ് സീരിസ് ചെയ്തിരുന്നു. ഇടയ്ക്ക് ഹൗസ് മേറ്റ്സ് എന്നൊരു തമിഴ് ചിത്രത്തിലും അഭിനയിച്ചു. ഇതിന്റെയെല്ലാം ചിത്രീകരണം കഴിഞ്ഞിരിക്കുമ്പോഴാണ് പ്ലൂട്ടോയിലേക്കുള്ള അവസരം വരുന്നത്. 2021-ലാണ് ആവറേജ് അമ്പിളി വരുന്നത്. അതിനുശേഷം ആദിത്യൻ എങ്കിലും ചന്ദ്രികേ... എന്നൊരു ചിത്രം സംവിധാനം ചെയ്തിരുന്നു. ആദിത്യൻ ഒരു നടൻകൂടിയായതിനാൽ അദ്ദേഹത്തിന് ഒരു അഭിനേതാവിൽനിന്ന് വേണ്ടതെന്താണെന്ന് കൃത്യമായി അറിയാം. അദ്ദേഹത്തിനൊപ്പം പ്രവർത്തിക്കാൻ വളരെ ഈസിയാണ്. സ്പോട്ട് ഇംപ്രൊവൈസേഷൻ ചെയ്യുന്നയാളാണ്.

പ്ലൂട്ടോയിലെ കഥാപാത്രത്തെക്കുറിച്ചു പറയുകയാണെങ്കിൽ എന്റെ കഥാപാത്രം ഒരു മൃഗഡോക്ടറാണ്. ഇതൊരു കോമഡി ചിത്രമായതിനാൽ ഈ കഥാപാത്രമൊഴികെ ബാക്കി എല്ലാവർക്കും ഒരു കാരിക്കേച്ചർ സ്വഭാവമുണ്ട്. എന്റെ കാരക്ടർ ആണ് കുറച്ച് റിയലിസ്റ്റിക്കായി നിൽക്കുന്നത്. സ്വന്തം കാലിൽ നിൽക്കാൻ ശ്രമിച്ചിട്ട് പരാജയങ്ങൾ നേരിടുന്ന കഥാപാത്രമാണ് നീരജ് മാധവിന്റേത്. ഇയാളെ നന്നാക്കാൻ ശ്രമിക്കുന്ന കഥാപാത്രത്തെയാണ് ഞാൻ അവതരിപ്പിക്കുന്നത്.

സിനിമ തെരഞ്ഞെടുക്കുമ്പോൾ ഒരുപാട് ആലോചിക്കുന്നയാളാണ് ഞാൻ. ഉറക്കം നഷ്ടപ്പെടുന്ന രീതിയിൽ വരെ ചിന്തിക്കും. ഹൗസ് മേറ്റ്സ് തെരഞ്ഞെടുക്കാനുള്ള കാരണം അതിന്റെ കഥയാണ്. ഞാൻ ചെയ്തതിൽ പ്രധാനപ്പെട്ട കഥാപാത്രങ്ങളെല്ലാം എക്സ്ട്രീം സാഹചര്യങ്ങളെ നേരിടുന്നു എന്നത് അറിയാതെ വന്നുചേരുന്നതാണ്. മുകുന്ദനുണ്ണിക്കുശേഷം എനിക്ക് അതേ ശൈലിയിലുള്ള കഥാപാത്രങ്ങൾ വന്നിരുന്നു.

മൃഗങ്ങളുമൊത്തുള്ള ചിത്രീകരണം എങ്ങനെയെന്നാൽ ഞാനൊരു മൃഗസ്നേഹിയാണ്. പ്രത്യേകിച്ച് നായകളെ വലിയ ഇഷ്ടമാണ്. ചെറുപ്പത്തിൽ വീട്ടിൽ കിളികളെയൊക്കെ വളർത്തിയിരുന്നു. ഈ സിനിമയിൽ ഒരു നായക്കുട്ടിയുണ്ട്. അവനെ ചികിത്സിക്കുന്നൊരു രംഗമുണ്ട്. നന്നായി കുരയ്ക്കുമെങ്കിലും വളരെ സ്നേഹമാണ്. അത് നമ്മുടെ കൈയിൽ ഇങ്ങനെ ഇരിക്കും. നമ്മൾ എടുക്കുന്നതും ഓമനിക്കുന്നതുമൊക്കെ വലിയ ഇഷ്ടമാണ്. പിന്നെ ഷൂട്ടിങ് സമയത്ത് ഞങ്ങൾ എല്ലാവരും അതിനെ ഇങ്ങനെ എടുത്തുകൊണ്ടിരിക്കുകയായിരുന്നു. എല്ലാവരുമായും നന്നായി ഇണങ്ങിയിരുന്നു. മൃഗങ്ങളുമായുള്ള ചിത്രീകരണരംഗങ്ങൾക്കെല്ലാം ട്രെയിനറുടെ സഹായമുണ്ടായിരുന്നു. ആഗ്രഹിച്ചുതന്നെ സിനിമയിൽ വന്നയാളാണ് ഞാൻ. ആവറേജ് അമ്പിളി കണ്ടിട്ടാണ് മുകുന്ദനുണ്ണി അസോസിയേറ്റ്സിലേക്ക് വിളിച്ചത്. അമ്പിളിയുടെ കണ്ണിൽ നിഷ്കളങ്കതയുണ്ടായിരുന്നു. അങ്ങനെയാണ് നെഗറ്റീവ് കഥാപാത്രത്തിലേക്ക് വരുമ്പോൾ ക്ലിക്കാവുമെന്നുതോന്നി എന്നാണ് ഇതേക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത്. പിന്നെ ആളുകൾ ആ കഥാപാത്രത്തെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയല്ലോ. തുടരും ചെയ്തതിനുശേഷം രണ്ടു ചിത്രങ്ങളിലേക്ക് കാമിയോ ആയി വിളിച്ചിരുന്നു. ഒരു കഥാപാത്രം എഴുതപ്പെടുമ്പോൾ നമ്മളെ ഓർക്കുന്നത് നമ്മൾ നന്നായി ചെയ്യുന്നതുകൊണ്ടായിരിക്കുമല്ലോ. കഥാപാത്രം ഇഷ്ടപ്പെട്ടാൽ ഞാൻ ചെയ്തിരിക്കും. മുൻപ് കരിയറിൽ പ്ലാനിങ്ങുണ്ടായിരുന്നു. പക്ഷേ, സിനിമയിൽ വന്നുകഴിഞ്ഞപ്പോഴാണ് പ്ലാൻ ചെയ്യുന്നതുപോലെയൊന്നുമല്ല എന്നു മനസ്സിലായത്. അഭിനയിക്കണമെന്നത് ഹൈസ്കൂളിൽ പഠിക്കുമ്പോൾ മുതലുള്ള ആഗ്രഹമാണ്. എല്ലാതരം കഥാപാത്രങ്ങളും ചെയ്യണമെന്നാണ് ആഗ്രഹം. കോമഡി കഥാപാത്രങ്ങൾ ചെയ്തുഫലിപ്പിക്കാൻ ബുദ്ധിമുട്ടാണ്. പക്ഷേ, കോമഡി ചെയ്യാൻ ഇഷ്ടമാണ്. ചെയ്യാൻപറ്റുമെന്ന് തോന്നിയിട്ടുണ്ട്.

സിനിമയും വെബ്സീരീസും തമ്മിൽ ചിത്രീകരണത്തിൽ വ്യത്യാസമുള്ളതായി തോന്നിയിട്ടുണ്ടോ എന്നു ചോദിച്ചാൽ കോവിഡ് സമയത്താണ് ആവറേജ് അമ്പിളി ചിത്രീകരിച്ചത്. അതുകൊണ്ട് വളരെക്കുറച്ചുപേർ മാത്രമാണ് സെറ്റിലുണ്ടായിരുന്നത്. പിന്നെ പൊതുവേ ബിഗ് ബജറ്റ് സീരീസുകളെല്ലാം സിനിമപോലെത്തന്നെയാണ് ചിത്രീകരിക്കുന്നത്. ആവറേജ് അമ്പിളി സീരീസ് ചിത്രീകരിച്ചുകൊണ്ടിരിക്കുമ്പോൾ ആ സ്ഥലത്ത് പെട്ടെന്ന് ലോക്ഡൗൺ പ്രഖ്യാപിച്ച അനുഭവമുണ്ടായിട്ടുണ്ട്. പെട്ടെന്ന് ഷൂട്ട് ചെയ്ത് പോവുകയായിരുന്നു അന്ന് ചെയ്തത്. മലയാളത്തെ അപേക്ഷിച്ച് തമിഴ് സിനിമയ്ക്ക് പൊതുവേ മുടക്കുന്ന ബജറ്റ് കൂടുതലാണ്. ഓരോ സംവിധായകർക്കും അവരവരുടേതായ രീതികളുണ്ട്. സിനിമയായാലും വെബ്സീരീസായാലും മലയാളമായാലും തമിഴായാലും കൂട്ടായ പരിശ്രമത്തിലൂടെയാണ് ഇവയെല്ലാം പിറക്കുന്നത്.

അഭിനയജീവിതത്തിൽ ഏറ്റവും അഭിനന്ദനം ലഭിച്ച കഥാപാത്രം ഏതാണെന്നു ചോദിച്ചാൽ കരിയർ മൊത്തത്തിൽ നോക്കുമ്പോൾ ആവറേജ് അമ്പിളിയാണ് ആ കഥാപാത്രം. കാരണം അതിന്റെ ടൈറ്റിൽ റോളും അത്രയും എപ്പിസോഡുകളും മുന്നോട്ടുകൊണ്ടുപോയത് എന്റെ കഥാപാത്രമായിരുന്നല്ലോ. അതിന്റെയൊരു കാരക്ടർ ഗ്രാഫും അതിലുണ്ടായിരുന്നു. എന്റെ പെർഫോമൻസ് റേഞ്ച് മനസ്സിലാക്കാൻ പറ്റുമെന്ന് വിശ്വസിക്കുന്നത് ആവറേജ് അമ്പിളിയാണ്. സിനിമയിലേക്ക് വരുകയാണെങ്കിൽ മുകുന്ദനുണ്ണി അസോസിയേറ്റ്സ് ആണ്. ആ ചിത്രം കണ്ടിട്ടാണ് മറ്റുഭാഷകളിൽനിന്നുള്ള ഓഫറുകൾ വന്നത്. ഒ.ടി.ടി. വന്നശേഷം കേരളത്തിന് പുറത്തുള്ള പ്രേക്ഷകരിലേക്കും ആ കഥാപാത്രം എത്തി. എവിടെപ്പോയാലും ചോദിക്കുന്നത് മുകുന്ദനുണ്ണിയിലെ നായികയല്ലേ എന്നാണ്. മുകുന്ദനുണ്ണിക്കുശേഷം അതേ സ്വഭാവമുള്ള വേഷങ്ങൾ തേടിവന്നിരുന്നു. തമിഴിൽനിന്ന് ഒരു ഡാർക്ക് കോമഡി ചിത്രത്തിലേക്ക് അവസരം ലഭിച്ചിരുന്നു. നെഗറ്റീവ് ഷെയ്ഡുള്ള കഥാപാത്രങ്ങളും വന്നിരുന്നു.

സിനിമയ്ക്കൊപ്പംതന്നെ നൃത്തവും കൊണ്ടുപോകാൻ ശ്രമിക്കുന്നു. കുച്ചിപ്പുഡിയിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഫെബ്രുവരി മുതൽ സ്ഥിരമായി പ്രോഗ്രാമുകൾ ചെയ്യാറുണ്ട്. ആദ്യമൊന്നും ആത്മവിശ്വാസം തോന്നിയിരുന്നില്ല. പക്ഷേ, അതെല്ലാം മാറ്റിവെച്ച് കൃത്യമായി ക്ലാസിൽ പോകുകയും പഠനം നടത്തുകയും ചെയ്തു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി പ്രോഗ്രാമുകൾ വരുന്നുണ്ട്. പിന്നെ ചെറുപ്പംതൊട്ടേ കർണാടക സംഗീതവും അഭ്യസിക്കുന്നുണ്ട്.






# 'ഹായ്' പ്രദർശനത്തിനൊരുങ്ങി

നയൻതാര പ്രധാനവേഷത്തിലെത്തുന്ന 'ഹായ്' പ്രദർശനത്തിനൊരുങ്ങി. വിഷ്ണു എടവനയാണ് സിനിമയുടെ കഥയും തിരക്കഥയും സംഭാഷണവും സംവിധാനവും. തമിഴ് സിനിമയിലെ പാട്ടെഴുത്തുകാരനായിരുന്ന വിഷ്ണുവിന്റെ ആദ്യ സംവിധാനമാണ് ഹായ്. പ്രണയവും തമാശയുമൊക്കെയുൾപ്പെടുന്ന കുടുംബചിത്രമാണ് ഹായ് എന്ന് സംവിധായകൻ പറഞ്ഞു. ഭാഗ്യരാജ് അവസാനമായി അഭിനയിച്ച ചിത്രംകൂടിയാണ് ഹായ്. രൺജിപണിക്കരാണ് സിനിമയിലെ മറ്റൊരു പ്രധാനവേഷം കൈകാര്യം ചെയ്യുന്നത്. പ്രഭു, രാധിക തുടങ്ങി വലിയ താരനിര തന്നെ സിനിമയിലുണ്ട്. ബോളിവുഡ് ക്യാമറാമാൻ രാജേഷ് ശുക്ലയാണ് ഛായാഗ്രഹണം. ജെൻമാർട്ടിൻ സംഗീതം നിർവഹിച്ച സിനിമയിലെ പാട്ടുകൾ രചിച്ചിരിക്കുന്നത് വിഷ്ണു എടവനയാണ്. മെക്കാനിക്കൽ എഞ്ചിനീയറിങ് ബിരുദം കഴിഞ്ഞാണ് വിഷ്ണു സിനിമാമോഹവുമായി ചെന്നൈയിലെത്തുന്നത്. 2016-ൽ ലോകേഷ് കനകരാജന്റെ അസിസ്റ്റന്റ് ഡയറക്ടറായിട്ടാണ് തുടക്കം. പിന്നീട് അസോസിയേറ്റ് ഡയറക്ടറായി. ലോകേഷിന്റെ കൈതി, മാസ്റ്റർ, വിക്രം എന്നീ സിനിമകളിൽ അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിച്ചു.




മാസ്റ്റർ എന്ന സിനിമയുടെ ചർച്ച നടക്കുന്ന സമയത്ത്, "ഹ്രസ്വചിത്രങ്ങളിലും മറ്റും പാട്ടെഴുതിയ ആളല്ലേ. സിനിമയിലേക്കുകൂടി ശ്രമിക്കരുതോ" എന്ന ലോകേഷിന്റെ ചോദ്യത്തിൽനിന്നാണ് സിനിമാ പാട്ടെഴുത്തിന് തുടക്കം. 'മാസ്റ്റർ' ചിത്രത്തിലെ ഹിറ്റായ 'പോണാ പോകട്ടും' എന്നു തുടങ്ങുന്നതും 'പൊള്ളക്കെട്ടും പറ പറ' എന്നു തുടങ്ങുന്നതുമായ രണ്ടു പാട്ടുകളായിരുന്നു ആദ്യമെഴുതിയത്. രണ്ടു പാട്ടും ശ്രദ്ധിക്കപ്പെട്ടതോടെ പാട്ടെഴുത്തിലേക്കു തിരിഞ്ഞു. രജനീകാന്തിന്റെ കൂലിയിൽ പിറന്ന സൂപ്പർഹിറ്റ് പാട്ട് 'മോണിക്കാ ബല്ലൂചി... ഇറങ്ങി വന്താച്ച്...', വിജയ്‌യുടെ ലിയോയിലെ 'നാ റെഡിതാൻ വരവാ' തുടങ്ങി സിനിമയിൽമാത്രം 76-ലധികം പാട്ടെഴുതി. വേട്ടയ്ക്കൻ, വിക്രം, കറുപ്പ്... ഇങ്ങനെ നീളുന്നു വിഷ്ണുവിന്റെ ഹിറ്റ് പാട്ടുകൾ നിറഞ്ഞ മറ്റു സിനിമകൾ. രജനീകാന്തും കമൽഹാസനും വിജയ്‌യും അജിത്തും സൂര്യയും തുടങ്ങി തമിഴ് സൂപ്പർതാരങ്ങൾ മിക്കവരും വിഷ്ണുവിന്റെ വരികൾക്ക് ചുവടുവെച്ചു.

# 'പാതിരാക്കുറുക്കൻ' സെപ്റ്റംബറിൽ



ജഗദീഷ്, മുകേഷ്, സിദ്ദിഖ്, അശോകൻ കൂട്ടുകെട്ടിൽ ജയേഷ് വേണുഗോപാൽ സംവിധാനം ചെയ്യുന്ന പാതിരാക്കുറുക്കൻ സെപ്റ്റംബറിൽ തിയറ്ററുകളിലെത്തും.

നിർമാണം സിജോ ജോർജ്. രചന സുനിൽ കർമ, നിഖിൽ ജിനൻ.


ഇന്ദ്രൻസ്, നിർമൽ പാലാഴി, വിനീത് തട്ടിൽ, റിയാസ് നർമകല, സുധീർ പറവൂർ, കുട്ടി അഖിൽ, അനീഷ് ഗോപാൽ, ടെസ ജോസഫ്, അജയൻ മാടയ്ക്കൽ, അശ്വിത, അശ്വിജ, ഹരികുമാർ കാട്ടൂർ, ലിജിൻ സിയാർ, സോണി, ഉമ്മർ ഖാൻ, ശശി കുളപ്പുള്ളി, എം.എസ്. നാസർ, സെബി പിണ്ട്യൻ, സുനിൽ കിരാലൂർ, രഞ്ജിത്ത് ചേലാവൂർ, സുജീഷ് എസ്, സൈഫുദീൻ വെട്ടത്തൂർ, ക്രിസ്റ്റി ബെനറ്റ്, ആൻസി ലിനു, ദീപ സുരേഷ്, സിനി കൃഷ്ണൻ എന്നിവരും അഭിനയിക്കുന്നു. സംഗീതം ഗോപി സുന്ദർ.

# 'ഞൊടി' റിവീൽ പോസ്റ്റർ പുറത്തിറക്കി

ഹാഷിർ പ്രധാന വേഷത്തിലെത്തുന്ന ചിത്രം ഞൊടിയുടെ ടൈറ്റിൽ റിവീൽപോസ്റ്റർ പുറത്തിറങ്ങി.

ജെ.എസ്. ജിതിൻ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ അൽ അമീനും ലുക്മാനും ചന്തു സലിംകുമാറും പ്രധാന കഥാപാത്രങ്ങളാണ്. അമൽ പോൾസണും ടോണി ജോസും ചേർന്നാണ് നിർമാണം.




# 'ഭൗമ' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കി

ബസം കാദിയാർ നിർമിച്ച് റെജിൻ എസ്. ബാബു തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ചിത്രമാണ് ഭൗമ. പതിനാറ് അഭിനേതാക്കളുടെ ചിത്രങ്ങളോടെയാണ് ഫസ്റ്റ് ലുക്ക് എത്തിയിരിക്കുന്നത്. സംവിധാനം എസ് ബാബു, വിനീത്, ദിലീഷ് പോത്തൻ, സാഗർ സൂര്യ, ജനാർദനൻ, ലെന, രേവതി ശർമ, കാവ്യ ഭാനു, അനിതാ നായർ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു.

# നായകൻ




ഇന്ദ്രജിത്ത് നായകനായി ലിജോ ജോസ് പെല്ലിശേരിയുടെ സംവിധാനത്തിൽ 2010-ൽ പുറത്തിറങ്ങിയ സിനിമ നായകൻ റിറിലീസ് ചെയ്യുന്നു. സെപ്റ്റംബർ നാലിനാണ് തിയറ്ററുകളിലെത്തുക. തന്റെ കുടുംബം ഇല്ലാതാക്കിയവരോട് പ്രതികാരം ചെയ്യാൻ എത്തുന്ന, വരദനുണ്ണി എന്ന കഥകളി കലാകാരനെയാണ് ഇന്ദ്രജിത്ത് അവതരിപ്പിച്ചത്.

പി.എസ്. റഫീക്കിന്റെ രചനയിൽ പുറത്തിറങ്ങിയ ചിത്രത്തിൽ തിലകൻ, ജഗതി ശ്രീകുമാർ, ധന്യ മേരി വർഗീസ്, സിദ്ദിഖ്, വിയജരാഘവൻ, ലാലു അലക്സ്, കലാശാല ബാബു, ചെമ്പൻ വിനോദ്, ശ്രീജിത്ത് രവി, അനിൽ മുരളി, സാലു കെ. ജോർജ് ശിവജ്, കിരൺ രാജ്, ടോഷ് ക്രിസ്റ്റി, മജീദ്, രാജീവ് കളമശേരി, അംബികാ മോഹൻ എന്നിവരും അഭിനയിച്ചു. അനൂപ് ജോൺസൺ കരേടനാണ് നിർമാണം.

# റെയിൽവേ സ്റ്റേഷനുകളിലെ കുടിവെള്ളത്തിൽ ഇ കോളി ബാക്ടീരിയയെ കണ്ടെത്തി

ന്യൂഡൽഹി: പാലക്കാടുൾപ്പെടെ പ്രമുഖ റെയിൽവേ സ്റ്റേഷനുകളിലെ കുടിവെള്ളത്തിൽ ഇ കോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്. ഇന്ത്യയിലെ നാല് റെയിൽവേ സോണുകളിലെ എട്ട് റെയിൽവേ സ്റ്റേഷനുകളിലുള്ള വാട്ടർ കൂളറുകളിലാണ് ഭക്ഷ്യവിഷബാധ, വയറിളക്കം, വൃക്ക തകരാറുകൾ എന്നിവയ്ക്കു കാരണമായേക്കാവുന്ന ഇ കോളി ബാക്ടീരിയയെ കണ്ടെത്തിയത്.

ദക്ഷിണ റെയിൽവേയിലെ പാലക്കാട്, കോയമ്പത്തൂർ, സൗത്ത് സെൻട്രലിലെ ഹൈദരാബാദ്, സെൻട്രൽ റെയിൽവേയിലെ ഛത്രപതി ശിവാജി മഹാരാജ് ടെർമിനസ്, ഭിവണ്ടി റോഡ്, കല്യാൺ, ലോനവാല, ഈസ്റ്റേൺ റെയിൽവേയിലെ മധുപുർ എന്നീ റെയിൽവേ സ്റ്റേഷനുകളിലും ബാക്ടീരിയ സാന്നിധ്യമുണ്ട്. ഇന്ത്യയിലുടനീളമുള്ള 512 സബ് അർബൻ ഇതര ഗ്രേഡ് സ്റ്റേഷനുകളിൽ നടത്തിയ പരിശോധനകളിൽ വൃത്തിയുള്ള ടോയ്‌ലറ്റ് സൗകര്യങ്ങളില്ലെന്നും സിഎജി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പരിശോധന നടത്തിയ 512 സ്റ്റേഷനുകളിലെ 458 സ്റ്റേഷനുകളിലും മിനിമം അവശ്യ സൗകര്യങ്ങളില്ല. മുംബൈ സെൻട്രൽ, ന്യൂഡൽഹി, മുംബൈ ഛത്രപതി ശിവജി ടെർമിനസ് തുടങ്ങിയ പ്രമുഖ സ്റ്റേഷനുകളും സീറ്റുകൾ, സാനിറ്ററി സൗകര്യങ്ങൾ, ഡസ്റ്റ് ബിന്നുകൾ തുടങ്ങിയവ മോശമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

# ഇന്തോനേഷ്യയിൽ വൻഭൂകമ്പം; നിരവധി മരണം

ജക്കാർത്ത: ഇന്തോനേഷ്യയിലെ ഫ്ളോറസ് തീരത്തും വടക്കൻ സുമാത്രയിലും ശക്തമായ ഭൂകമ്പമുണ്ടായി. ഫ്ളോറസിൽ മാത്രം 51 പേർ മരിച്ചു. വിവിധ മേഖലകളിൽ വ്യാപക നാശനഷ്ടങ്ങൾ ഉണ്ടായതായി റിപ്പോർട്ടുകൾ പറയുന്നു. പ്രാദേശിക സമയം 16-ന് പുലർച്ചെ 5.58-നാണ് ഫ്ളോറസിൽ ഭൂകമ്പമുണ്ടായത്.

റിക്ടർ സ്കെയിലിൽ 7.2 തീവ്രത രേഖപ്പെടുത്തിയ ചലനത്തിൽ പത്തു കിലോമീറ്ററോളം ആഴത്തിൽ ആഘാതം അനുഭവപ്പെട്ടതായും റിപ്പോർട്ടുകൾ പറയുന്നു.

പിന്നീട് വടക്കൻ സുമാത്രയിലുണ്ടായ ഭൂചലനം 6.9 തീവ്രത രേഖപ്പെടുത്തി. ഭൂചലനങ്ങളെത്തുടർന്ന് സുനാമി മുന്നറിയിപ്പ് നല്കിയിരുന്നെങ്കിലും മണിക്കൂറുകൾക്കുശേഷം പിൻവലിച്ചു. ഫ്ളോറസ് മേഖലയിലെ സിക്ക, വെസ്റ്റ് മംഗരായി, ഈസ്റ്റ് മംഗരായി എന്നിവിടങ്ങളിലാണ് വൻ നാശനഷ്ടങ്ങളുണ്ടായത്. കെട്ടിടങ്ങൾ തകർന്നുവീണും മണ്ണിടിച്ചിലിൽപ്പെട്ടും നിരവധി പേർ ഇവിടെ കൊല്ലപ്പെട്ടു. അനേകം പേരെ കാണാതായിട്ടുണ്ട്.

ശക്തമായ ഭൂമികുലുക്കത്തെ തുടർന്ന് നഗേക്കിയോ മേഖലയിലെ രണ്ടായിരത്തോളം ഗ്രാമീണർ വീടുകൾ വിട്ട് സുരക്ഷിത താവളങ്ങളിലേക്ക് മാറി. പ്രദേശത്ത് താൽക്കാലിക ക്യാമ്പുകൾ സജ്ജീകരിച്ചു. എൽൻഡെ റീജൻസിയിൽ മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് ട്രാൻസ്-ഫ്ളോറോസ് ഹൈവേയിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടു.

പസഫിക് റിങ് ഓഫ് ഫയറിൽ സ്ഥിതി ചെയ്യുന്ന ഇന്തോനേഷ്യയിൽ ഭൂചലനങ്ങൾ പതിവാണെങ്കിലും ഈ വർഷത്തെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായിരുന്നു ഇപ്പോൾ സംഭവിച്ചത്.

# ഓപ്പറേഷൻ തൂഫാൻ രണ്ടാംഘട്ടം ഒരുങ്ങുന്നു

തിരുവനന്തപുരം: വീട്ടമ്മമാരെ ഉൾപ്പെടെ അണിനിരത്തി ഓപ്പറേഷൻ തൂഫാൻ രണ്ടാംഘട്ടം ഓണത്തിനു ശേഷം. ലഹരി മാഫിയയെ തടയുന്നതിനായി പോലീസിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഒന്നാംഘട്ടത്തിനു പിന്നാലെയാണു വീടുകൾ കേന്ദ്രീകരിച്ചുള്ള രണ്ടാംഘട്ടം. തദ്ദേശവകുപ്പിന്റെ സഹകരണത്തോടെയാണിത്.

ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും തദ്ദേശ മന്ത്രി കെ.എം. ഷാജിയും ഈയിടെ കൂടിക്കാഴ്ച നടത്തി രണ്ടാംഘട്ടത്തിനു രൂപംനൽകി. ലഹരിക്കെതിരായ ബോധവൽക്കരണത്തിനായി ജനകീയ മുന്നണി രൂപീകരിക്കും. പ്രത്യേക ഗ്രാമസഭകൾ ചേർന്നു ലഹരിവിരുദ്ധ നടപടികൾക്കു രൂപം നൽകും. ലഹരിയുടെ ഉപയോഗം സംബന്ധിച്ച വിവരം പോലീസിനു കൈമാറാൻ പഞ്ചായത്തുതലത്തിൽ തൂഫാൻ വോറിയർമാരെയും നിയോഗിക്കും. ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ, ഹരിതകർമസേന, ആശാ വർക്കർമാർ, വനിതാ-യുവജന സംഘടനകൾ എന്നിവയെ ചേർത്തു വീടുകൾതോറും ബോധവത്കരണ സംഘടിപ്പിക്കും. വീട്ടമ്മമാരെയും ഇതിന്റെ ഭാഗമാക്കും. ഓരോ വീടും ലഹരിമുക്തമാക്കാൻ ഇതു സഹായിക്കുമെന്നാണു പ്രതീക്ഷ.

കേരളത്തിലേക്കുള്ള ലഹരിയുടെ വരവു സംബന്ധിച്ച് നിർണായക വിവരങ്ങൾ പോലീസിനു ലഭിച്ചിട്ടുണ്ട്. ആന്ധ്ര-ഒഡീഷ അതിർത്തി, ബെംഗളൂരു എന്നിവിടങ്ങളാണു ലഹരിയുടെ ഉദ്ഭവ കേന്ദ്രങ്ങളായ ഹോട്സ്പോട്ടുകളായി കണ്ടെത്തിയിരിക്കുന്നത്. ഇവിടെ നിന്നുള്ള ലഹരിയുടെ വരവ് തടയാൻ സംസ്ഥാന സർക്കാരുകളുടെ പിന്തുണ കേരളം തേടിയിട്ടുണ്ട്.

# മെസ്സിയുടെ വരവ്: നികുതി വെട്ടിപ്പ് നടന്നതായി എസ്ഐടി കണ്ടെത്തൽ

തിരുവനന്തപുരം: അർജന്റീന ടീമിനെ കേരളത്തിലെത്തിക്കാമെന്ന പേരിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി നടത്തിയ സാമ്പത്തിക ഇടപാടിൽ നികുതിവെട്ടിപ്പ് നടന്നതായി ജിഎസ്ടി വകുപ്പിന്റെ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) പ്രാഥമിക പരിശോധനയിൽ കണ്ടെത്തി.

രണ്ട് തവണയായി പണം കൈമാറിയതിന്റെ രേഖകൾ എസ്ബിഐയുടെ കൊച്ചി കാക്കനാട് ശാഖയിൽനിന്നും റിസർവ് ബാങ്കിൽനിന്നും ശേഖരിച്ചു.

2025 ജൂൺ 12-നും ഒക്ടോബർ 15-നുമായാണ് ആകെ 126 കോടി രൂപ കൈമാറിയത്. ആ മാസങ്ങളിൽതന്നെ സേവനനികുതി അടയ്ക്കേണ്ടതായിരുന്നു. 22 കോടിയോളം രൂപയുടെ നികുതിയാണ് അടയ്ക്കേണ്ടിയിരുന്നത്. ഇത് അടയ്ക്കാത്തതിനാൽ നികുതിയുടെ 18 ശതമാനം പലിശയും 25 ശതമാനം പിഴയും അടയ്ക്കണം.

അർജന്റീന ടീം കേരളത്തിലെത്തി കളിക്കാത്തതിനാൽ കമ്പനിക്ക് നികുതി അടച്ച ശേഷം റീഫണ്ട് ആവശ്യപ്പെടാം. എങ്കിലും പലിശയും പിഴയും അടയ്ക്കേണ്ടി വരും. കൈമാറിയ 126 കോടി രൂപ എവിടെനിന്നു സമാഹരിച്ചെന്നും എസ്ഐടി പരിശോധിക്കും. ബ്രോഡ്കാസ്റ്റ് റൈറ്റ് വിറ്റാണ് പണം സ്വരൂപിച്ചതെങ്കിൽ അതിനും സേവന നികുതി അടയ്ക്കേണ്ടിവരും. ഇത്തരത്തിൽ കൂടുതൽ നികുതിവെട്ടിപ്പ് നടന്നിരിക്കാനുള്ള സാധ്യതയാണ് എസ്ഐടി കാണുന്നത്. മറ്റു മാർഗങ്ങളിലൂടെയാണു പണം സമാഹരിച്ചതെങ്കിൽ ഇപ്പോൾ അന്വേഷണം ആരംഭിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനു രേഖകൾ കൈമാറാനാണ് ആലോചന.

# ചരിത്രകാരൻ സുമിത് സർക്കാർ അന്തരിച്ചു

ന്യൂഡൽഹി: പ്രമുഖ ചരിത്രകാരനും ഡൽഹി സർവകലാശാല അധ്യാപകനുമായിരുന്ന സുമിത് സർക്കാർ (87) അന്തരിച്ചു. കോളനി വാഴ്ച, ദേശീയത, സ്വാതന്ത്ര്യസമരം എന്നിവയെ സ്വതന്ത്രമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്ത സുമിത് സർക്കാർ രാജ്യത്തെ മുൻനിര ചരിത്രകാരന്മാരിൽ ഒരാളാണ്. ചരിത്രകാരൻ സുശോഭൻ സർക്കാരിന്റെ മകനാണ്.

കൊൽക്കത്ത പ്രസിഡൻസി കോളജിൽ നിന്ന് ബിരുദവും കൽക്കട്ട യൂണിവേഴ്സിറ്റിയിൽ നിന്നു പിജിയും പിഎച്ച്ഡിയും പൂർത്തിയാക്കി.

ഗവേഷണത്തിനും ഉപരിപഠനത്തിനുമായി പിന്നീടു ഡൽഹിയിലെത്തിയ ഇദ്ദേഹം 1974 മുതൽ 2004 വരെ ഡൽഹി സർവകലാശാലയിൽ അധ്യാപകനായി.

# മിസ് ഇന്ത്യ യൂണിവേഴ്സ് അയർലൻഡ് കിരീടം ചെമ്പേരി സ്വദേശിനിക്ക്




കണ്ണൂർ: കണ്ണൂർ ചെമ്പേരി സ്വദേശിനി അനുമോൾ പയസിന് മിസ് ഇന്ത്യ യൂണിവേഴ്സ് അയർലൻഡ് കിരീടം. ഇക്കഴിഞ്ഞ എട്ടിന് അയർലൻഡിലെ ഡബ്ലിനിൽ നടന്ന സൗന്ദര്യമത്സരത്തിലാണ് അയർലൻഡിൽ രജിസ്റ്റേർഡ് നേഴ്സായി ജോലിചെയ്യുന്ന അനുമോൾ ഈ നേട്ടം സ്വന്തമാക്കിയത്. മത്സരത്തിലെ റൺവേ ക്യൂൻ എന്ന ഉപപദവിയും അനുമോൾക്കാണ്. കണ്ണൂർ ചെമ്പേരിയിലെ കർഷക കുടുംബാംഗമായ കല്ലാപ്ലാക്കൽ പയസ്-മോളി ദമ്പതികളുടെ മകളാണ്. ബംഗളൂരുവിലെ നിംഹാൻസിൽനിന്ന് ബിഎസ്സി നേഴ്സിംഗ് ബിരുദം നേടിയശേഷം അയർലൻഡിലെത്തി നേഴ്സായി ജോലിയിൽ പ്രവേശിക്കുകയായിരുന്നു.

മിസ് ഇന്ത്യ യൂണിവേഴ്സ് അയർലൻഡ് കിരീടവും റൺവേ ക്യൂൻ പദവിയും ഏറ്റവും വിലമതിക്കുന്ന നേട്ടങ്ങളാണെന്ന് അനുമോൾ പറഞ്ഞു. ഹിന്ദു ബിരുദാനന്തര ബിരുദ വിദ്യാർഥിനിയായ ആൻമരിയ സഹോദരിയാണ്.

## ചരിത്രനേട്ടവുമായി മലയാളി...

(ഒന്നാം പേജിൽ നിന്നും)

യുഎഇയിലെ സ്കൈഡൈവിംഗ് കൂട്ടായ്മയുടെ ഭാഗമായ മൂവരും ഓഗസ്റ്റ് അഞ്ചിനാണ് ലിബിയയിലെത്തിയത്. പാരച്യൂട്ടിൽ കുരുങ്ങാതെ പതാകകൾ നിയന്ത്രിച്ച് ക്യാമറകളിൽ കൃത്യമായി പതിയുന്ന രീതിയിൽ നിശ്ചിത സ്ഥലത്തു തന്നെ ലാൻഡ് ചെയ്താണ് ഇവർ ചരിത്രമേട്ടം സ്വന്തമാക്കിയത്.

സാധാരണ ഇത്തരം ജംപുകളിൽ 21 പേർ വരെയാണ് പങ്കെടുക്കാറുള്ളത്. എന്നാൽ, ഒരൊറ്റ വിമാനത്തിൽ നിന്ന് 65 പേർ ഒന്നിച്ച് ചാടുന്നത് കായികരംഗത്ത് വളരെ അപൂർവ്വമാണെന്ന് ജംഷീർ തണലോട്ട് പറഞ്ഞു.

നിരവധി രാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത ദൗത്യത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞതിൽ ഏറെ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തി.

## പ്രഖ്യാപനങ്ങളുമായി പ്രധാനമന്ത്രി

(ഒന്നാം പേജിൽ നിന്നും)

അഭിപ്രായ വ്യത്യാസങ്ങൾക്കപ്പുറം ഉയരണമെന്നും ആയുധധാരികളായ 'നക്സലുകളെ' ഇല്ലാതാക്കാൻ കഴിഞ്ഞെങ്കിലും തലച്ചോറിൽ 'നക്സലിസം' (ദിമാഗ് നക്സൽ) സൂക്ഷിക്കുന്നവർ ഇന്ത്യയിൽ ഇപ്പോഴും തുടരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യദിനാഘോഷത്തിനായി രാജ്ഘട്ടിലെ പുഷ്പാർച്ചനയ്ക്കുശേഷം ചെങ്കോട്ടയിലെത്തിയ പ്രധാനമന്ത്രിയെ പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. പ്രധാനമന്ത്രി ദേശീയ പതാക ഉയർത്തി. ചെങ്കോട്ടയിൽ ഇതാദ്യമായി വന്ദേമാതരം പൂർണമായി മുഴങ്ങി. ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ എന്നിവർ ചെങ്കോട്ടയിലെ പരിപാടികളിൽ ഭാഗമായില്ല.

# എഴുകുംവയലിൽ മാതാപിതാക്കളെ മകൻ അതിക്രൂരമായി കൊലപ്പെടുത്തി

നെടുങ്കണ്ടം: എഴുകുംവയലിൽ ലഹരിക്കടിമയായ മകൻ അച്ഛനമ്മമാരെ വകവരുത്തിയത് അതിക്രൂരമായി. വെട്ടും കുത്തുമേറ്റ് ഇരുവരുടെയും ആന്തരികാവയവങ്ങൾ പുറത്തുവന്ന നിലയിൽ. 14-നു രാത്രിയാണ് പാറത്തറയിൽ വീട്ടിൽ ആന്റണി (59), വത്സമ്മ (55) എന്നിവരെ മകൻ അജീഷ് (26) വകവരുത്തിയത്. പ്രതി കുറ്റം സമ്മതിച്ചതായി പോലീസ് പറഞ്ഞു.

ആന്റണിയുടെ ശരീരത്തിൽ പതിനാലിടത്തു വെട്ടും കുത്തുമേറ്റു. നെഞ്ചിൽ പത്തും പുറത്തു മൂന്നും മുറിവുകളുണ്ട്. ഇതിനുപുറമേ കഴുത്തിൽ 14 സെന്റിമീറ്റർ നീളത്തിൽ മുറിവേറ്റ നിലയിലായിരുന്നു. വത്സമ്മയ്ക്കു നെഞ്ചിലെ മൂന്നു മുറിവിനു പുറമേ വയറ്റിലാണു കുത്തേറ്റത്. പ്രതി അജീഷ് ലഹരിമുക്ത ചികിത്സതേടിയയാളാണെന്നു നാട്ടുകാർ വ്യക്തമാക്കി. നാട്ടുകാർ എത്തുമ്പോൾ പ്രതി ലഹരിയിലായിരുന്നു.

അമ്മയെയാണ് അജീഷ് ആദ്യം കൊന്നത്. തനിക്കു ഭയമാണെന്നു പറഞ്ഞ് അമ്മയ്ക്കരികിൽ കിടന്നശേഷമായിരുന്നു ക്രൂരത. പിന്നീട് താൻ ദൈവമാണെന്നും നിങ്ങൾ ചെകുത്താനാണെന്നും പറഞ്ഞ് കൊന്തയും ബൈബിളും എടുത്തുകൊണ്ടുവന്നു. ശേഷം കത്തിയെടുത്തു കുത്തുകയായിരുന്നെന്നു പോലീസ് പറഞ്ഞു.

ഈ സമയത്താണ് കവലയിൽ പോയിരുന്ന പിതാവ് ആന്റണി മടങ്ങിയെത്തിയത്. ഒട്ടും വൈകാതെ പിതാവിനെയും അജീഷ് കുത്തിവീഴ്ത്തി. മരണം ഉറപ്പാക്കാനായി കഴുത്തു മുറിച്ചു. പിന്നീട് ചിത്രം ഫോണിൽ പകർത്തി മുമ്പ് പ്രതിയുടെ ഇടവകയിൽ സഹവികാരിയായിരുന്ന വിദേശത്തുള്ള വൈദികന് വാട്സ്ആപ്പിൽ അയച്ചു നൽകി. അദ്ദേഹം ചിത്രം ഇടവക വികാരിക്ക് അയച്ചു.

വികാരിയും പള്ളിയിലെ കൈക്കാരും വാർഡ് അംഗവും അയൽവാസികളും രാത്രി ഒൻപതരയോടെ വീട്ടിലെത്തിയതോടെ സംഭവം പുറംലോകം അറിഞ്ഞു. തുടർന്ന് നെടുങ്കണ്ടം പോലീസിൽ വിവരം അറിയിക്കുകയും വീട്ടിൽത്തന്നെയുണ്ടായിരുന്ന പ്രതിയെ കസ്റ്റഡിയിലെടുക്കുകയുമായിരുന്നു.

# അവാർഡ് തിളക്കത്തിൽ ഫോമാ സൺഷൈൻ റീജിയൻ





ടാമ്പാ (ഫ്ളോറിഡ): 2024–2026 കാലയളവിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി, അമേരിക്കയിലും കാനഡയിലുമായി പ്രവർത്തിക്കുന്ന പന്ത്രണ്ടു റീജിയണുകളിൽ നിന്നും പ്രഥമ സ്ഥാനത്തേക്ക് 'ഫ്ളോറിഡ സൺഷൈൻ റീജിയനെ' ഫോമാ നാഷണൽ കമ്മിറ്റി തെരഞ്ഞെടുത്തു. പ്രവർത്തന മികവിനും സംഘടനാ പ്രതിബദ്ധതയ്ക്കും ലഭിച്ച ഈ അംഗീകാരം 'സൺഷൈൻ റീജിയൻ' കുടുംബത്തിന്റെ സമർപ്പണത്തിന്റേയും കൂട്ടായ പ്രവർത്തനത്തിന്റേയും ഉജ്ജ്വല പ്രതിഫലനമായി മാറി.

**രാജു മൈലപ്ര**

"ഈ അംഗീകാരം 'സൺഷൈൻ റീജിയനിലെ' ഓരോ അംഗങ്ങൾക്കുമുള്ള പുരസ്കാരമാണ്. നിങ്ങളുടെ തുടർച്ചയായ പ്രോത്സാഹനവും ആത്മാർത്ഥമായ സഹകരണവും ഇല്ലായിരുന്നെങ്കിൽ അഭിമാനകരമായ ഈ നേട്ടം സാദ്ധ്യമാകുമായിരുന്നില്ല" എന്ന് റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണി പ്രസ്താവിച്ചു.

വിവിധ സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ 'സൺഷൈൻ റീജിയൻ' കാഴ്ചവെച്ച സജീവ പങ്കാളിത്തത്തിനുള്ള അംഗീകാരമായി ഈ പുരസ്കാരത്തെ വിലയിരുത്തുന്നു.

'സൺഷൈൻ റീജിയന്റെ' ഈ നേട്ടം ഭാവിപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജവും ആത്മവിശ്വാസവും പകരുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

"ഈ മഹത്തായ സൺഷൈൻ റീജിയന്റ വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിക്കുവാൻ കഴിഞ്ഞത് ഒരു ബഹുമതിയും അംഗീകാരവുമായി കണക്കാക്കുന്നു. എനിക്ക് ഈ അവസരം തന്ന എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു"- ജോമോൻ ആന്റണി ഒരു പ്രസ്താവനയിൽ പറഞ്ഞു.

"ഈ പുരസ്കാരം നമ്മൾ എല്ലാവരുടേതുമാണ്. ഒരുമിച്ചു നിന്ന് സമൂഹത്തിന്റെ നന്മയ്ക്കായി നമ്മൾക്ക് കൂടുതൽ പ്രകാശം പരത്താം"- അദ്ദേഹം കൂട്ടിച്ചേർത്തു.

സൺഷൈൻ റീജിയന്റെ അഭിമാനകരമായ ഈ നേട്ടത്തിന് ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ!

## നോർത്തമേരിക്കൻ ദൈവസഭകളുടെ 2028–ലെ ഫാമിലി കോൺഫറൻസ് ടെന്നസിയിൽ


**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: 2028-ലെ 31-ാമത് നാകോഗ് സമ്മേളനം ടെന്നസിയിൽ വെച്ച് നടത്തുവാൻ ധാരണയായി. കഴിഞ്ഞമാസം ഡെൻവറിൽ വെച്ച് നടന്ന 29-ാമത് നാകോഗ് സമ്മേളനത്തിന്റെ ജനറൽബോഡി യോഗത്തിൽ വെച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. ടെന്നസി ചാറ്റനൂക ആങ്കർ പോയിന്റ് ചർച്ചിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ബിജു ഫിലിപ്പ് നാഷണൽ പ്രസിഡണ്ട്, ഡാളസ് മെട്രോ ചർച്ചിലെ അസോസിയേറ്റ് ശുശ്രൂഷകൻ പാസ്റ്റർ ജോസ് ആനിക്കാട് വൈസ് പ്രസിഡണ്ട്, ന്യൂയോർക്ക് യോങ്കേഴ്സ് ചർച്ച് ഓഫ് ഗോഡ് സഭാംഗം ബിനോയ് മാത്യു സെക്രട്ടറി, ഡെൻവർ കൊളറാഡോ ചർച്ച് ഓഫ് ഗോഡ് സഭാംഗം റോയ് വർഗീസ് ട്രഷറർ, ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡ് സഭാംഗം ഡോക്ടർ ഡാനി ജോസഫ്, ഇംഗ്ലീഷ് വിഭാഗം കൺവീനർ എന്നിവരാണ് പ്രധാന ഭാരവാഹികൾ.


മുപ്പതാമത് സമ്മേളനം അടുത്ത വർഷം ടെക്സസ് സംസ്ഥാനത്തെ ഓസ്റ്റിനിൽ വെച്ച് നടക്കും.

## വത്തിക്കാനിലെ സുവിശേഷവത്കരണ ഡിക്കാസ്ട്രി അംഗമായി ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ



കൊച്ചി: വരാപ്പുഴ അതിരൂപത മെട്രപൊളിറ്റൻ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനെ വത്തിക്കാനിലെ സുവിശേഷവത്കരണ ഡിക്കാസ്ട്രിയിലെ അംഗമായി വീണ്ടും നിയമിച്ചു.

അഞ്ചുവർഷത്തെ കാലാവധിയിലേക്കാണ് പുതിയ നിയമനം. ലിയോ പതിനാലാമൻ മാർപാപ്പയുടെ നിയമന ഉത്തരവ് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയേത്രോ പരോളിൻ ആർച്ച് ബിഷപ്പിനെ അറിയിച്ചു. പ്രഥമ സുവിശേഷവത്കരണത്തിന്റെയും പുതിയ പ്രാദേശിക സഭകളുടെയും വിഭാഗത്തിലേക്കാണ് നിയമനം. സുവിശേഷവത്കരണം, സഭയുടെ നയതന്ത്രം, കാനോൻ നിയമം എന്നിവയിലുള്ള അഗാധ പരിജ്ഞാനം കണക്കിലെടുത്താണ് നിയമനം. ഡിക്കാസ്ട്രിയിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യനിയമനം 2020 നവംബറിലായിരുന്നു.




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**